No Reg. C. 101, M: 298

ഒററപ്രതിക്ക് ഒരണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 ധനു 29 | ലക്കം 21 |
|---|---|---|

# വിദ്യാർത്ഥികളുടെ ജന്മാവകാശം

(കെ. മൃാലിൽ ബി. എ., എൽ. ടി.)


മനുഷ്യൻെറ ജന്മാവകാശമാണു് സ്വാതന്ത്ര്യം എന്ന ബോധം ഇന്നു സാർവ്വജനീനവും സാർവലൗകികവുമായി ത്തീർന്നിട്ടുണ്ടു്. രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവുമായ പാരതന്ത്ര്യത്തിൽപ്പെട്ടു വലഞ്ഞിരുന്ന ജനസമൂഹങ്ങൾ സ്വാതന്ത്ര്യലബ്ധിക്കായി നിരവധി ക്ലേശങ്ങൾ സഹിച്ചു, ഫലപ്രാപ്തിയിൽ എത്തിച്ചേർന്നുവരുന്ന ഒരു കാലഘട്ടമാണു് ഇതു്. ബ്രിട്ടീഷ് സാമ്രാജ്യത്തെ തകർക്കുവാനല്ല, ബലിഷ്ഠമാക്കുവാനാണു് താൻ പ്രധാനമന്ത്രിയായിരിക്കുന്നതു്, എന്നു കൊട്ടിഘോഷിച്ച ചർച്ചിലിൻേറയും അദ്ദേഹത്തിൻെറ അനുയായികളുടേയും വനരോദനങ്ങൾക്കിടയിലാണല്ലോ 1947 ആഗസ്റ്റ് പതിനഞ്ചാം തീയതി ബ്രിട്ടീഷുകാർ ഇൻഡ്യവിട്ടിട്ടു് ഇൻഡ്യയുടെ ഭരണഭാരം ഭാരതീയഹസ്തങ്ങളിൽ സമർപ്പിച്ചിരിക്കുന്നതായി പ്രധാനമന്ത്രി ആററ്ലി പ്രഖ്യാപനം ചെയ്തതു്. ഇൻഡ്യൻ ജനതയുടെ സുദൃഢമായ സ്വാതന്ത്ര്യബോധവും, അതു പ്രാവർത്തികമാക്കുന്നതിനുള്ള മഹനീയമായ ത്യാഗസന്നദ്ധതയുമാണു് നാടകീയമായ ഈ അധികാരകൈമാററത്തിനുള്ള കാരണം. ഇപ്രകാരമുള്ള രംഗങ്ങൾ മററു പല സ്ഥലങ്ങളിലും ഇന്നു ദർശിക്കാവുന്നതാണു്. പ്രകൃതിദത്തമായ അവകാശങ്ങൾ ഓരോ വ്യക്തിക്കും സമ്മതിച്ചുകൊടുത്താൽമാത്രമേ ലോകത്തിൽ സമാധാനമുണ്ടാകുകയുള്ളു എന്ന ബോധ്യമാണു്, സ്വാതന്ത്ര്യത്തിലേക്കുള്ള പുരോഗമനം ഇത്ര മിന്നൽപ്പിണർവേഗമാക്കിത്തീർത്തതു്. താദൃശമായ സ്വാതന്ത്ര്യത്തിനു വിദ്യാർത്ഥികൾക്കു അവകാശമില്ലെന്നോ? അവർ അന്യരുടെ നിയന്ത്രണത്തിനു വിധേയരായി ജീവിക്കണമെന്നോ?

എന്നാൽ സ്വാതന്ത്ര്യംപോലെതന്നെ മനുഷ്യനുള്ള മറൊരു ജന്മാവകാശമാണു് കഴിഞ്ഞ തലമുറകളുടെ അനുഭവത്തിൽനിന്നു പഠിച്ചു പുരോഗമിക്കുക എന്നതു്. ഇതിനുള്ള ശക്തി മനുഷ്യനുമാത്രമുള്ളതും, മററു യാതൊരു സൃഷ്ടിക്കുമില്ലാത്തതുമായ ഒരു വിശിഷ്ടാനുഗ്രഹമാണു്. ഒരു കുതിരയോ, ഒരു നായോ എത്ര വിശേഷപ്പെട്ട സർക്കസ് സമ്പ്രദായങ്ങൾ അഭ്യസിപ്പിച്ചിരുന്നാലും, അതിൻെറ അനുഭവത്തിൽനിന്നു പഠിക്കുവാൻ മററു യാതൊരു ജന്തുവിനും, അതിൻെറ കുഞ്ഞിനുപോലും, സാധിക്കുന്നില്ല. മനുഷ്യനാകട്ടെ അവൻ ജനിക്കുന്ന കാലംവരെയുള്ള സ്വകുലത്തിൻെറ അനുഭവജ്ഞാനത്തിനു് അവകാശിയായിട്ടാണു് ഭൂജാതനാകുന്നതു്. അങ്ങിനെ ശക്തിയുടെ വിപുലസാദ്ധ്യതകൾ കണ്ടുപിടിച്ച ശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങൾ ഇന്നുവരെയുള്ള ശാസ്ത്രീയാഭിവൃദ്ധിയിൽ അധിഷ്ഠിതമായിരുന്നു എന്നതാണു് ശാസ്ത്രീയമായി ഇന്നു ഇത്ര വലിയ പുരോഗമനമുണ്ടാകുവാനുള്ള കാരണം. കഴിഞ്ഞ തലമുറകളുടെ അനുഭവങ്ങൾ ഗ്രഹിച്ചുകൊണ്ടു് ജീവിതത്തിനു് ഒരുങ്ങുന്നതിനാണല്ലോ വിദ്യാഭ്യാസം എന്നു പറയുന്നതു്. ആകയാൽ മനുഷ്യനുമാത്രമേ വിദ്യാഭ്യാസം ചെയ്യുവാൻ പ്രാപ്തിയുള്ളു എന്നു വിശദമാകുന്നു.

ജീവിതത്തിനുള്ള പ്രസ്തുത ഒരുക്കം പ്രധാനമായി എന്തിൽ അടങ്ങിയിരിക്കുന്നു എന്നതാണു് അടുത്തതായി ചിന്തിക്കുവാനുള്ളതു്. അതു ശരിയായി ഗ്രഹിക്കുന്നതിനു മനുഷ്യപ്രകൃതിയെത്തന്നെ വിശകലനം ചെയ്തു പരിശോധിക്കേണ്ടിയിരിക്കുന്നു. മനുഷ്യനെ സാധാരണയായി സൃഷ്ടിരാജൻ എന്നു വിളിക്കാറുണ്ടു്. കാരണം അവൻ സൃഷ്ടങ്ങളായ സകലത്തിൻേറയും ഒരു രത്നച്ചുരുക്കമാകയാൽ ഒരു ചെറുലോകം (Microcosm) തന്നെയാണു് എന്നതിനും ഉപരിയായി, അവനിലുള്ള മററു ശക്തികളെ അടക്കി ഭരിക്കുവാൻ കഴിവുള്ള വിശേഷബുദ്ധിയും അവനുണ്ടു് എന്നതാണു്. പ്രകൃതിയിലുള്ള സകലത്തേയും അചേതനങ്ങളെന്നും, സചേതനങ്ങളെന്നും രണ്ടായി തരംതിരിക്കാം. സചേതനങ്ങളിൽത്തന്നെ സസ്യജീവൻ (vegetative life) ജന്തുജീവൻ (animal life) മനുഷ്യജീവൻ (human life) എന്നുമൂന്നു തട്ടുകളിൽ (grade) പെട്ട ജീവൻ കാണുന്നു. ചെടികളിലുള്ള ജീവൻ പോഷകാംശങ്ങൾ സ്വീകരിച്ചു വളരുന്നതിലും സ്വകുലത്തെ നിലനിറുത്തുന്നതിനു് ആവശ്യമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിലും മാത്രം അടങ്ങിയിരിക്കുന്നതിനാൽ, ഏററവും താഴ്ന്ന പടിയിലുള്ളതാണു്. ജന്തുക്കൾക്കാകട്ടെ സസ്യജീവനുംപുറമേ, പഞ്ചേന്ദ്രിയങ്ങൾ മുഖേന ബാഹ്യലോകത്തെ അറിയുവാൻ സാധിക്കുന്നു. മനുഷ്യനിൽ അചേതനങ്ങളായ ധാതുലവണങ്ങൾക്കും മററു ഘടകങ്ങൾക്കും പുറമേ സസ്യജീവനും ജന്തുജീവനുമുണ്ടു്; എന്നാൽ ഇവയെല്ലാം മകുടം ചാർത്തുന്നതും അവനെ മൃഗങ്ങളിൽനിന്നു വേർതിരിച്ചു സൃഷ്ടിരാജനായി ഉയർത്തുന്നതുമായ ഒരു ശക്തിവിശേഷമാണു് ബുദ്ധിയും മനസ്സും അവനു പ്രദാനം ചെയ്യുന്നതു്. ഇവ രണ്ടും നീക്കിക്കളഞ്ഞാൽ അവൻ മൃഗതുല്യനായിരിക്കും എന്നതു് അനുദിനാനുഭവത്തിൽനിന്നും വ്യക്തമാകുന്ന ഒരു യാഥാർത്ഥ്യമാണല്ലോ. ഭ്രാന്തനും മദ്യപിച്ചു സുബോധമില്ലാതായി തീരുന്നവനും ഇതിനു് ഉത്തമദൃഷ്ടാന്തങ്ങളാണു്. തലച്ചോറിനും സിരാവ്യൂഹത്തിനും സംഭവിച്ച ക്ഷതം നിമിത്തം ഇവരുടെ ഉൽകൃഷ്ടശക്തികൾ മന്ദീഭവിച്ചുപോയതിനാൽ മൃഗീയശക്തികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. മനുഷ്യരൂപമുണ്ടെങ്കിലും മൃഗസമാനമാണല്ലോ ഇവർ ജീവിക്കുന്നതു്. ഇതിൽനിന്നും മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതു് അവൻെറ ബുദ്ധിയും മനസ്സുമാണെന്നു വിശദമാകുന്നു. കഴിഞ്ഞ തലമുറകളുടെ അനുഭവത്തിൽനിന്നു അവനു പഠിക്കുവാൻ സാധിക്കുന്നതും ഈ ഉൽകൃഷ്ടശക്തികൾ നിമിത്തമാണു്. മൃഗങ്ങൾക്കു് ഈ ശക്തികൾ ഇല്ലാത്തതിനാലാണു് അവയ്ക്കു് വിദ്യ അഭ്യസിക്കുന്നതിനോ പുരോഗമിക്കുന്നതിനോ സാധിക്കാത്തതു്.

ഒരു ശിശുവിൻെറ ജീവിതത്തിലെ വിവിധദശകൾ പരിശോധിച്ചാൽ മേൽ വിവരിച്ച യാഥാർത്ഥ്യം ഒന്നുകൂടി വ്യക്തമാകും. മാതാവിൻെറ ഉദരത്തിൽ ജനിക്കുന്ന നാൾ മുതൽ ഭൂജാതമാകുന്നതുവരെ അതു സസ്യസമാനം ജീവിക്കുന്നു. ഒരു ചെടി അതിൻെറ വേരുകൊണ്ടു ഭൂമിയിൽനിന്നും പോഷകാംശങ്ങൾ വലിച്ചെടുത്തു വളരുന്നതുപോലെ, ശിശുവും സ്വമാതാവിൻെറ ശരീരത്തിൽ നിന്നും, വേരുപോലെപ്രവർത്തിക്കുന്ന ചില രക്തധമനികളിൽക്കൂടി പോഷകാംശങ്ങൾ സ്വീകരിച്ചു വളരുകയാണു ചെയ്യുന്നതു്. ജനനത്തോടുകൂടി പഞ്ചേന്ദ്രിയങ്ങൾ പ്രവർത്തിച്ചു തുടങ്ങുന്നു. എങ്കിലും ബുദ്ധിശക്തിയുടെ ഒരു ലക്ഷണവും അവനിൽ കാണുന്നില്ല. ഒരു ആട്ടിൻകുട്ടിയുടേയോ കോഴിക്കുഞ്ഞിൻേറയോ ജീവിതത്തിൽനിന്നു വ്യത്യസ്തമല്ല ഈ കുഞ്ഞിൻെറ ജീവിതവും; അല്ല, പഞ്ചേന്ദ്രിയങ്ങളും ജന്മപ്രേരണകളും ഒരു മൃഗത്തിൻെറ കുഞ്ഞിൽ മനുഷ്യശിശുവിനെ അപേക്ഷിച്ചുകൂടുതൽശക്തമായും ദൃഢമായും പ്രവർത്തിക്കുന്നതായി കാണാം. എന്നാൽ മൂന്നു നാലു വയസ്സാകുന്നതോടുകൂടി മനുഷ്യശിശുവിൽ ആശ്ചര്യാവഹമായ വ്യതിയാനങ്ങൾ കണ്ടുതുടങ്ങുന്നു. ബുദ്ധിശക്തിയുടെ കിരണങ്ങളാൽ പ്രകാശിതനായി സംസാരിക്കുവാനുള്ള പ്രാപ്തി ലഭിച്ചുവരുന്നതോടുകൂടി, അവൻ ഓരോന്നിൻേറയും കാര്യകാരണങ്ങൾ അന്വേഷിച്ചു തുടങ്ങുന്നു. കൊച്ചുകുട്ടികൾ നിരവധി ചോദ്യങ്ങൾകൊണ്ടു് പലപ്പോഴും അവരുടെ മാതാപിതാക്കന്മാരേയും സഹോദരീസഹോദരന്മാരേയും അലട്ടുന്നതു് ആത്മീയമായ ഈ ശക്തി അവരിൽ ക്രമേണ വളർന്നുവരുന്നതുകൊണ്ടാണു്. ഈ ഘട്ടത്തിലാണല്ലോ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുവാൻ ആരംഭിക്കുന്നതു്.

വിദ്യാർത്ഥികളിൽ മനുഷ്യൻെറ ഉൽകൃഷ്ടശക്തികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിലും, ജന്മപ്രേരണകളും മൃഗീയശക്തികളുമാണു് സാക്ഷാൽ അവരെ ഭരിക്കുന്നതു്. ജീവിതത്തെ ആകമാനം അവലോകനം ചെയ്യുന്നതിനോ തദനുസരണം സ്വയംനിയന്ത്രിക്കുന്നതിനോ അവർക്കു പ്രാപ്തിയില്ല. മൃഗങ്ങളെപ്പോലെതന്നെ പഞ്ചേന്ദ്രിയങ്ങൾക്കു സുഖം



ബ്രിട്ടനിലെ 5-ാമത്തെ വ്യവസായ പ്രദർശനം ലണ്ടൻ ട്രാൻസ്പോർട്ട് എക്സിക്യൂട്ടീവിലെ ചെയർമനായ റൈററ് ഓണറബ്ൾ ലാത്തം ഒരു ഗാസ് എൻജിൻ അഭിവീക്ഷിക്കുന്നു.

നൽകുന്ന ഓരോന്നിനാലും ആകൃഷ്ടരായി അവരവരുടെ ജീവിതത്തെ എത്ര ഹാനികരമായി ബാധിച്ചാൽപ്പോലും അക്കാര്യം മനസ്സിലാക്കാതെ, അവർ താല്ക്കാലിക സുഖത്തിനായിയത്നിക്കുന്നു. ചില കുട്ടികൾ ഫീസിനായി രക്ഷാകർത്താക്കന്മാർ നൽകുന്ന പണം മുഴുവൻ ചായക്കടയിൽ ചെലവാക്കുന്നതും, മറ്റു ചിലർ വീട്ടിൽനിന്നും കരസ്ഥമാക്കുന്ന പണവുമായി അന്യദിക്കുകളിൽ ചുററിത്തിരിഞ്ഞു നടക്കുന്നതും ഈ യാഥാർത്ഥ്യത്തെയാണു വെളിപ്പെടുത്തുന്നതു്. ആകയാൽ കുട്ടികൾ ഈ ഘട്ടത്തിൽ ലോകപരിചയമുള്ളവരും, ഭാവിയിലേക്കു നല്ലതെന്തെന്നു ഗ്രഹിക്കുവാൻ പാടവമുള്ളവരുമായ ആളുകളുടെ നിയന്ത്രണത്തിൽ വളരേണ്ടിയിരിക്കുന്നു.

ഇതിൽനിന്നും ഒരദ്ധ്യാപകന്റെ പ്രഥമവും പ്രധാനവുമായ ജോലി എഴുത്തും വായനയും പഠിപ്പിക്കുക എന്നതിനെക്കാൾ, വിദ്യാർത്ഥിയുടെ വികസിച്ചുവരുന്ന ബുദ്ധിയേയും മനസ്സിനേയും സംസ്കരിച്ചു് അവനിലുള്ള ജന്മപ്രേരണകളേയും മൃഗീയവാസനകളേയും നിയന്ത്രണാധീനമാക്കി ജീവിക്കുവാൻ അഭ്യസിപ്പിക്കുകയാണെന്നു വ്യക്തമാകുന്നുണ്ടല്ലോ. ഇക്കാരണത്താലാണു് വിദ്യാർത്ഥികളെ ശിക്ഷണബോധമുള്ളവരാക്കിത്തീർക്കുവാൻ അധികൃതർ ശ്രമിക്കുന്നതു്. ഒന്നാം മണിക്കുശേഷവും, ക്ലാസിൽ അദ്ധ്യാപകനില്ലാത്തപ്പോഴും നിശ്ശബ്ദമായിരിക്കുക, ഒരു ക്ലാസിൽ നിന്നു മററൊരു ക്ലാസിലേക്കു പോകുമ്പോൾ ക്രമമായി നടക്കുക തുടങ്ങിയുള്ള സ്കൂൾ നിയമങ്ങൾ വിദ്യാർത്ഥികളിലുള്ള മൃഗീയവാസനകളെ അടക്കിഭരിച്ചു്, സ്വയം നിയന്ത്രിക്കുവാൻ അവരെ പ്രാപ്തരാക്കിത്തീർക്കുന്നതിനുള്ള ഉപാധികളാണു്.

പാരഷൂട്ട സേനയിൽ സേവനമനുഷ്ഠിക്കുവാൻ ഒരുങ്ങുന്ന ഒരാൾ പലതരത്തിലുള്ള കായികാഭ്യാസങ്ങൾ ചെയ്തു് അവന്റെ ഓരോ മാംസപേശിയേയും പുഷ്ടിപ്പെടുത്തുകയും അവയെ യഥേഷ്ടം നിയന്ത്രിക്കുവാനുള്ള പ്രാപ്തി സമ്പാദിക്കുകയും ചെയ്യുന്നു. തത്ഫലമായി വിമാനത്തിൽനിന്നു ഉദ്ദിഷ്ടസ്ഥാനങ്ങളിൽ യഥേഷ്ടം ചാടി, യുദ്ധം ചെയ്യുവാൻ അവനു സാധിക്കുന്നു. ശരിയായ പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത യോദ്ധാവാകട്ടെ ചാട്ടത്തിൽ പിഴച്ചു് അപകടമരണം പ്രാപിക്കും. ഇതുപോലെതന്നെ ജീവിതായോധനത്തിനൊരുങ്ങുന്ന വിദ്യാർത്ഥിക്കും, വേണ്ടത്ര ശിക്ഷണം ലഭിക്കാതിരുന്നാൽ, അവന്റെ ജീവിതം പരാജയമായിത്തീരാതിരിക്കാൻ നിവൃത്തിയില്ല. ആലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങളിലെ തൊഴിലാളികൾ, തൊഴിലാളിസ്വർഗ്ഗം സൃഷ്ടിച്ചുകൊടുക്കാമെന്നു പറഞ്ഞു് അവരെ കബളിപ്പിച്ച കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ചു അപകടത്തിൽ ചാടിയതുപോലെ സ്വയം നിയന്ത്രിക്കുവാൻ അഭ്യസിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളും, വഴിപിഴച്ച നേതൃത്വത്തിൽ അകപ്പെട്ടു്, സ്വജീവിതം പരിതാപകരമായ വിധത്തിൽ പരാജയമാക്കിത്തീർക്കുന്നതു് അസാധാരണമല്ലല്ലോ. ആകയാൽ രാഷ്ട്രീയവും സാമുദായികവുമായ പൊതുക്കാര്യങ്ങളിൽ പ്രവേശിച്ചു അന്യരെ നിയന്ത്രിക്കുവാൻ തുടങ്ങുന്നതിനു മുമ്പു്, ഓരോ വിദ്യാർത്ഥിയും യഥാർത്ഥമായ അച്ചടക്കം—അവന്റെ മൃഗീയശക്തികളേയും ജന്മപ്രേരണകളേയും ബുദ്ധിയുടേയും മനസ്സിന്റേയും നിയന്ത്രണത്തിലാക്കുവാൻ—അഭ്യസിച്ചിരിക്കണം.

"ആത്മസംയമനം നിത്യം ചെയ്തിട്ടുന്ന മഹാമതി
രാജ്യം പിടിച്ചടക്കുന്ന വീരനെക്കാളുമുത്തമൻ"

എന്ന യാഥാർത്ഥ്യം ഇത്തരുണത്തിൽ സ്മർത്തവ്യമാണു്.

മാത്രമല്ല, സ്വയം നിയന്ത്രിക്കുവാൻ അഭ്യസിച്ചിട്ടില്ലാത്ത ഒരു വിദ്യാർത്ഥിക്കു് കഴിഞ്ഞതലമുറകളുടെ അനുഭവത്തെ ആസ്പദമാക്കി ജീവിതത്തിനൊരുങ്ങുവാൻ സാധിക്കുകയില്ല. ക്ലേശകരമായ ആ ജോലി വിജയപ്രദമായി നിർവഹിക്കുന്നതിനു് ഓരോ വിദ്യാർത്ഥിയും അവനിലുള്ള ഉദാസീനത, വിനോദപ്രിയം, സുഖലോലുപത്വം ഇങ്ങനെയുള്ള മൃഗീയപ്രേരണകളെ ജയിച്ചു. ഏകാഗ്രബുദ്ധിയോടും മനസ്സോടും കൂടി ശ്രമിച്ചാൽമാത്രമേ മേൽപ്പറഞ്ഞ ജ്ഞാനം അവനു സിദ്ധിക്കയുള്ളു. ഇതിനും ശിക്ഷണം ആവശ്യമാണു്. ഈ ശിക്ഷണത്തിന്റെ അഭാവം ഒന്നുകൊണ്ടുമാത്രമാണു്, ഭാവിയിൽ മഹാന്മാരായിത്തീരുവാൻതക്ക വൻസാദ്ധ്യതകളുള്ള പലരും വിദ്യാർത്ഥിജീവിതം പൂർത്തിയാകുന്നതിനുമുമ്പു്, വിദ്യാലയംവിട്ടു പുറത്തിറങ്ങി പൊതുക്കാര്യങ്ങളിൽ പ്രവേശിച്ചു്, ജീവിതം പാഴാക്കുന്നതു്. ശരിയായ ആത്മസംയമനവും, അഭ്യസനവും സിദ്ധിക്കാതെ ജീവിതരംഗത്തിറങ്ങുന്ന ഇത്തരക്കാരുടെ ജീവിതം, വെടിമരുന്നിട്ടു ശരിയായി നിറയ്ക്കാത്ത ഒരു കതനാ ചീററിപ്പോകുന്നതുപോലെ ഉദ്ദിഷ്ടഫലം പുറപ്പെടുവിക്കാതെ പരാജയമായിത്തീരുന്നു. ഭാവിയിലെ പൗരന്മാരും നേതാക്കന്മാരുമായിത്തീരേണ്ട വിദ്യാർത്ഥികൾ രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവുമായ കാര്യങ്ങളിൽ പ്രായോഗികമായി പ്രവർത്തിക്കാതെ, അവയെപ്പററി താത്വികമായി പഠിച്ചും, തഴക്കവും പഴക്കവുമുള്ള നേതാക്കന്മാർ എപ്രകാരം പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കിയും ഭാവിയിൽ ഉത്തരവാദിത്വം വഹിക്കുവാൻ സ്വയം പ്രാപ്തരാക്കിയാൽമാത്രമേ അവരുടെ ജീവിതം വിജയപ്രദമായിത്തീരുകയുള്ളു. മേൽപ്രസ്താവിച്ചതിൽനിന്നു വിദ്യാർത്ഥികളുടെ പ്രവർത്തനരംഗം വിദ്യാലയമാണെന്നും ലോകപരിചയമുള്ള അദ്ധ്യാപകന്മാരുടെ നിയന്ത്രണത്തിലും ഉപദേശത്തിലും വളർന്നാൽമാത്രമേ ജീവിതത്തിനു് യഥാവിധി ഒരുങ്ങുന്നതിനും തദ്വാരാ അവരുടെ ജന്മാവകാശമായ യഥാർത്ഥസ്വാതന്ത്ര്യം പുലർത്തുന്നതിനും അവർ പ്രാപ്തരായിത്തീരുകയുള്ളുവെന്നും വിശദമാകുന്നുണ്ടല്ലോ.

ഭാരതഭൂമിയെ സംബന്ധിച്ചിടത്തോളം ഈദൃശമായ ഒരു വിദ്യാഭ്യാസം ഇന്നു അത്യന്താപേക്ഷിതമാണു്. ത്യാഗപൂർവ്വം, ധീരധീരം, പോരാടിയതിന്റെ ഫലമായി നാം ഒരു സ്വതന്ത്രജനതയായിത്തീർന്നിരിക്കുന്നു; നമ്മെ ഭരിക്കുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും നമുക്കു കൈവന്നിരിക്കുന്നു. പ്രകൃതിവിലാസം, വിഭവസമൃദ്ധി, ബുദ്ധിവൈഭവം, സംസ്കാരസമ്പത്തു്, എന്നിങ്ങനെ പലതരത്തിലുള്ള ആനുകൂല്യങ്ങളുള്ള നമുക്കു് ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഒരു പ്രമുഖസ്ഥാനം സമ്പാദിക്കുവാനുള്ള പ്രാപ്തിയുണ്ടു്. അതു പ്രാവർത്തികമാക്കുന്നതിനു ശിക്ഷണബോധമുള്ള ഒരു പൗരാവലിയും ഭരണനൈപുണ്യമുള്ള നേതാക്കന്മാരും കൂടിയേ തീരൂ. ഇവ രണ്ടും ലഭിക്കുന്നതിനുള്ള ഏക മാർഗ്ഗം, മേൽവിവരിച്ച തരത്തിൽ ശിക്ഷണത്തിനു പ്രമുഖസ്ഥാനം നൽകുന്ന വിദ്യാഭ്യാസം ഒന്നുമാത്രമാണു്. ഈ യാഥാർത്ഥ്യം നമ്മുടെ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും യഥാവിധി ഗ്രഹിച്ചിരുന്നുവെങ്കിൽ!!


ട്രാവൻകൂർ ഫെഡറൽ ബാങ്ക് ക്ലിപ്തം
H.O. ആലുവാ
ബ്രാഞ്ചസ്
അങ്കമാലി & പെരുമ്പാവൂർ

പലിശനിരക്ക്

| | |
|---|---|
| 6 മാസം | 3½% |
| 12 മാസം | 4¼% |
| 24 മാസം | 4¾% |



## കോഴി തൈലം

കൈകാൽ കഴപ്പു്, കടച്ചിൽ, തരിപ്പു ഞരമ്പുവലി, ഏന്തരോഗം, എല്ലുപൊളിച്ചിൽ, സന്ധിവേദന മുതലായ എല്ലാ വാതങ്ങൾക്കും പാറിയ ഒരു രഹസ്യമരുന്നു്. 4 ഔ. കുപ്പിക്കു് 2 ക. 8 ണ.

ദിവ്യൗഷധശാല, മണലൂർ, C. S.


## കടനാട്

തിരുവിതാംകൂർ കോൺഗ്രസ് അസംബ്ലി പ്രസിഡണ്ടു ശ്രീ ആർ. വി. തോമസു അവർകൾക്കു് ധനു 10-ാംനു കടനാട്ടു് പള്ളി മൈതാനത്തുവച്ചു് ഒരു വമ്പിച്ച സ്വീകരണം നൽകിയിരിക്കുന്നു. രാജശ്രീ വി. കെ. ഉദയവർമ്മരാജാ (വടക്കുംകൂർ) അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗവും പലമാന്യന്മാരുടേയും പ്രസംഗങ്ങളും തൽസംബന്ധമായി നടന്നു.

# അവതാരപുരുഷൻ

## II

ഫാദർ തോമസ് കൊച്ചുമുങ്കാനാൽ

അവതാരമെന്താണെന്നും അതിനു ക്രിസ്ത്യാനികൾ നല്കുന്ന വിവക്ഷ എന്താണെന്നും അതനുസരിച്ചുള്ള ഏകനായ അവതാരപുരുഷൻ ക്രിസ്തുവാകുന്നുവെന്നും കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിക്കയുണ്ടായി. ഇതു സമർത്ഥിക്കുന്നതിനായിട്ടു ക്രിസ്തുവിനു ദൈവത്തിന്റേയും മനുഷ്യന്റേയും ലക്ഷണങ്ങൾ എല്ലാം പൂർണ്ണമായി ഉണ്ടായിരുന്നുവെന്നുള്ള സാക്ഷ്യം നല്കിയാൽ മതിയാകും. ക്രിസ്തു ഒരു ചരിത്രപുരുഷനാകയാൽ ഈ കൃത്യം സുതരാം നിർവ്വഹിക്കുവാൻ നമുക്കു പ്രയാസവുമില്ല.

അദ്ദേഹം അവതാരം ചെയ്തതും ജീവിച്ചതും എഴുത്തും വായനയും ഇക്കാലത്തെപ്പോലെ പ്രചരിച്ചിട്ടില്ലാതിരുന്നതും പത്രങ്ങളോ മാസികകളോ നടപ്പിൽ ഇല്ലാതിരുന്നതുമായ ആയിരത്തിതൊള്ളായിരം വർഷങ്ങൾക്കു മുമ്പാണെങ്കിലും ലോകത്തിലുണ്ടായിട്ടുള്ള മഹാപുരുഷന്മാരിൽ ആരുടേയുമെന്നതിനെക്കാൾ അധികമായി അദ്ദേഹത്തെക്കുറിച്ചു രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ അവതാരവേളയിൽ റോമാസാമ്രാജ്യമായിരുന്നല്ലോ പ്രതാപത്തിലും ശക്തിയിലും മികച്ചുനിന്നിരുന്നതു്. അതിന്റെ ഭരണകർത്താക്കൾ കാവ്യരുമായിരുന്നു. അവർക്കു ക്രിസ്തു അന്നത്തെ യഹൂദന്മാരിൽ ഒരുവനും, ക്രിസ്തുമതം അന്നത്തെ യഹൂദമതത്തിന്റെ ഒരു വകഭേദവും എന്നുള്ളതിൽ കൂടുതലായി ഒന്നും തോന്നിയിരുന്നില്ല.

വിപുലമായ സാമ്രാജ്യത്തിന്റെ ഒരു ഭാഗത്തു് കമ്പിയോ കമ്പിയില്ലാക്കമ്പിമുതലായ വാർത്താവിനിമയസൗകര്യങ്ങളോ ഇല്ലാതിരുന്ന ഒരു ഘട്ടത്തിൽ രാഷ്ട്രീയമായ പ്രക്ഷോഭണങ്ങൾക്കോ മററുതരത്തിലുള്ള ഏതെങ്കിലും ഒച്ചപ്പാടുകൾക്കോ ഇടയാക്കാതെ വിനീതമായ ജീവിതം നയിക്കമാത്രം ചെയ്തിരുന്ന ഒരു ആളിന്റെ കാര്യം ആരാണു ശ്രദ്ധിക്കുവാൻ പോകുന്നതു്? എങ്കിലും ക്രിസ്തുവിന്റെ അവസാനത്തിലെ മൂന്നുകൊല്ലത്തെ ജീവിതം പരസ്യമായിരുന്നല്ലോ. പ്രത്യേകിച്ചു് അദ്ദേഹത്തിന്റെ കുരിശുമരണവും അതിന്റെ സാഹചര്യങ്ങളും. അവയെ സുപ്രസിദ്ധന്മാരായ സെവുട്ടോണിയസ്, റാസിററസ് എന്ന ചരിത്രകാരന്മാർ രേഖപ്പെടുത്താതിരുന്നിട്ടില്ല. എന്നാൽ ക്രിസ്തുമതം അഭിവൃദ്ധി പ്രാപിക്കയും ക്രിസ്ത്യാനികൾ വർദ്ധിക്കയും ചെയ്തുതുടങ്ങിയപ്പോൾ അതു് എല്ലാവരുടേയും ദൃഷ്ടിയിൽ പെടുകയുണ്ടായി. ഈ യാഥാർത്ഥ്യം ട്രാജൻ ചക്രവർത്തിയുടെ ഗവർണ്ണരായ പ്ലീനി തുടങ്ങിയവരുടെ ഔദ്യോഗികറിക്കാർട്ടുകളിലും ശാസ്ത്രജ്ഞന്മാരായ സെൽസസ്, പൊർപ്പീറിയസ് മുതലായവരുടെ ഗ്രന്ഥങ്ങളിലും സംഗ്രഹിച്ചിട്ടുണ്ടു്. ദൈവം അവതരിക്കയെന്നതും സഹിക്കയെന്നതും അന്നത്തെ കാവ്യർക്കു ഗ്രഹിക്കുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടാണു് കുരിശുമരണം ദോഷത്തവും ക്രിസ്ത്യാനികളുടെ ആരാധനാസമ്പ്രദായം മൂഢവുമായി അവർക്കു തോന്നിയതു്.

യഹൂദന്മാരാണെങ്കിൽ ക്രിസ്തുവിന്റെ ശത്രുക്കളുമായിരുന്നല്ലോ. അവർ ക്രിസ്തുവിന്റെ കാലത്തുതന്നേ അദ്ദേഹം പിശാചിന്റെ സേവകൊണ്ടാണു് അത്ഭുതം പ്രവർത്തിച്ചിരുന്നതെന്നും മററും പറഞ്ഞുപരത്തിയതും അവസാനം ക്രിസ്തുതന്നേ മരുപടി നൽകിയതും മററും മത്തായി എവൻഗലിസ്ഥായുടെ സുവിശേഷത്തിൽ രേഖപ്പെടുത്താതിരുന്നിട്ടില്ല. കൂടാതെ ക്രിസ്ത്യാനികൾക്കു് ദൈവശാസ്ത്രഗ്രന്ഥങ്ങൾ എങ്ങനെയോ അങ്ങനെ കരുതപ്പെട്ടുപോരുന്ന യൂദന്മാരുടെ തൽമൂദ് (Talmud) എന്ന ഗ്രന്ഥത്തിൽ ക്രിസ്തുവിനെക്കുറിച്ചു വളരെ വളരെ പ്രതിപാദിച്ചിട്ടുണ്ടു്. യൂദന്മാരുടെ പാരമ്പര്യങ്ങൾ (Jewish Antiquities) എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൽ ഫ്ലാവിയൂസ് ജോസപ്പു് എന്ന ചരിത്രകാരനും ക്രിസ്തുവിനെക്കുറിച്ചു ധാരാളമായി പ്രസ്താവിച്ചിട്ടുണ്ടു്. ക്രിസ്തുമതത്തെ അതിന്റെ മുളയിൽത്തന്നെ നുള്ളിക്കളയുവാൻ ബദ്ധകങ്കണരായി പുറപ്പെട്ട എതിരാളികളെ ഒക്കെയും അവർ അർഹിക്കുന്നവിധത്തിൽ ഖണ്ഡിക്കയും വിമർശിക്കയും ചെയ്യുന്ന വി. ജസ്റ്റിൻ, ഒരിജൻ, ററെർട്ടൂലിയൻ മുതലായ പണ്ഡിതപ്രകാണ്ഡങ്ങളുടെ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ പ്രസ്താവനകളും ചെയ്തികളും സുലഭങ്ങളാണു്.

ആറാം നൂററാണ്ടിൽ ഉത്ഭവിച്ച മഹമ്മദീയരെക്കുറിച്ചു പറകയാണെങ്കിൽ അവർ ഈശാനിവിയെക്കുറിച്ചും അവിടുത്തെ മാതാവായ മരിയാമ്മിനെക്കുറിച്ചും വളരെ വണക്കത്തോടുകൂടെ പറകയും എഴുതുകയും ചെയ്തിട്ടുണ്ടു്. "ഈശാ ദൈവത്താൽ നിയുക്തനായ ഒരു പ്രവാചകനും ദൈവത്തിന്റെ ദൂതനും പ്രേഷിതനും ആയിരുന്നു. അല്ലാഹ്, അത്ഭുതം പ്രവർത്തിക്കുന്നതിനും മരിച്ചവരെ ഉയിർപ്പിക്കുന്നതിനും രോഗികളെ സൗഖ്യപ്പെടുത്തുന്നതിനും അവനു ശക്തി പ്രദാനം ചെയ്തിരുന്നു" (കൊറാൻ). കന്യകയിൽനിന്നുള്ള ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചും അദ്ദേഹത്തിന്റെ അത്ഭുതപ്രവർത്തനങ്ങളെപ്പററിയും ബഹുലമായി പ്രസ്താവിച്ചിട്ടുള്ളതുകൂടാതെ, അദ്ദേഹം ദൈവത്തിന്റെ വചനമാണെന്നുപോലും രേഖപ്പെടുത്തിയിട്ടുള്ള ഭാഗങ്ങൾ കൊറാനിൽ കാണാം. ഇതിനെക്കാൾ കൂടുതലായൊന്നും ക്രിസ്ത്യാനികൾ ആവശ്യപ്പെടുന്നുമില്ലല്ലോ.

ഇനി, അദ്ദേഹത്തെപ്പററി ഹിന്ദുക്കൾ എന്താണു പറയുന്നതെന്നുകൂടി പ്രസ്താവിച്ചുകൊണ്ടു് ഈ ലേഖനം അവസാനിപ്പിക്കാം: കാലങ്ങളുടെ സാക്ഷിയും സത്യത്തിന്റെ വെളിച്ചവും, ആയുസ്സിന്റെ സ്മാരകവും, ജീവന്റെ ഉപദേഷ്ടാവും പൗരാണികതയുടെ ദൂതനുമെന്നാണു് ലക്ഷണസംയുക്തമായ ഒരു ചരിത്രത്തെ മഹാനായ സീസറോ അഭിധാനം ചെയ്തിട്ടുള്ളതു്. ക്രിസ്തുവിന്റെ ചരിത്രം അങ്ങനെയുള്ളതാണു്. ക്രിസ്തുവിനെപ്പററി അന്വേഷണം നടത്തുകയും പഠിക്കയും ചെയ്തിട്ടുള്ള ഹിന്ദുക്കളും ഈ യാഥാർത്ഥ്യം നിഷേധിക്കുന്നില്ല. അവരുടെ കൂട്ടത്തിൽനിന്നു രാമമോഹനറോയി, കേശവചന്ദ്രസേനൻ, സ്വാമി അഭേദാനന്ദൻ, ശ്രീരാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ എന്നിവരുടെ പേരുകൾ പ്രസ്താവിക്കപ്പെടേണ്ടവയാണു്. ദൈർഘ്യം പരിഹരിക്കുന്നതിനുവേണ്ടി അവരുടെ ഉദ്ധരണങ്ങൾ ഞാൻ വിട്ടുകളയുന്നു. "യേശുവിൽ ദൈവികവും മാനുഷികവുമായ ഐക്യം ഉണ്ടു്" എന്നത്രെ സർ രാധാകൃഷ്ണൻ പറയുന്നതു്. ("East and West in Religion")

മനുഷ്യരുടെ ലോകഗതിയനുസരിച്ചുള്ള ആകർഷണങ്ങൾക്കെല്ലാം വിപരീതമായ പ്രബോധനങ്ങൾ നല്കിക്കൊണ്ടിരിക്കുന്നതും സാമ്രാജ്യശക്തി പ്രഭുശക്തി എന്നിവയുടെ സംഹാരരോഷത്തിനു പാത്രീഭവിച്ചതും, ലോകത്തിൽ ആവിർഭവിച്ചിട്ടുള്ള അബദ്ധമതങ്ങൾ സകലത്തിന്റേയും അസൂയക്കു വിഷയീഭവിച്ചിട്ടുള്ളതും ഇപ്പോഴെങ്കിലും സർവ്വലോകരുടേയും പ്രശംസയും അഭിനന്ദനവും അർഹിച്ചുകൊണ്ടിരിക്കുന്നതും ആരംഭം മുതൽക്കുതന്നേ സന്മാർഗ്ഗലോകത്തിലും വിജ്ഞാനസരണിയിലും കലാമണ്ഡലങ്ങളിലും, പരോപകാരപ്രവൃത്തിയിലും വ്യക്തിസംസ്കരണത്തിലും സമുദായനവീകരണത്തിലും നിസ്വാർത്ഥസേവനം നിർവ്വഹിച്ചിട്ടുള്ളതും ചരിത്രപ്രകീർത്തിതമായ അനേകമനേകം മഹാസംരംഭങ്ങളുടേയും പരിവർത്തനങ്ങളുടേയും കാരണവുമായ ക്രിസ്തുമതത്തിന്റെ ഉൽപത്തിയും വികാസവും അസ്തിത്വവും ഒരു സങ്കല്പിതപുരുഷനിൽ അർപ്പിക്കത്തക്ക മൗഢ്യം ഏതു പണ്ഡിതനിൽ ആണു് ഉണ്ടാവുക! അതേ ക്രിസ്തു ആകുന്നു ക്രിസ്ത്യാനികളുടെ ശക്തിയും ജീവനും ശരണവും സ്നേഹവും പിതാവും ദൈവവും. ന്യൂനതാരഹിതനും പരമസാത്വികനുമായ അവിടുന്നു് ഈ ലോകജീവിതം നയിച്ചതു് ദൈവോചിതവും മനുഷ്യോചിതവുമായിട്ടാണെന്നു പറഞ്ഞുകൊണ്ടു ഈ ഭാഗം അവസാനിപ്പിച്ചുകൊള്ളട്ടെ.



# ബാലരംഗം

## അനന്തരപരിപാടി

പ്രിയ കുഞ്ഞുങ്ങളേ,

ബോസ്കോ കൊച്ചച്ചന്റെ ശ്രുതി സെമ്മിനാരിയിൽ നിന്നു പുറത്തേക്കു പ്രവഹിച്ചിരുന്നു. അതിനാൽ നവപൂജയണച്ചു പുറത്തുവന്നതിനോടെ നാനാഭാഗത്തുനിന്നും ഓരോരുത്തർ അദ്ദേഹത്തിന്റെ സേവനം ആവശ്യപ്പെട്ടു തുടങ്ങി. കാസ്സൽ ന്യൂവോയിൽത്തന്നെ ഒരു അസ്സേന്തിയായി കിട്ടണമെന്നു അവിടത്തെ വികാരിയച്ചൻ; അടുത്തുള്ള മുറിയാൾഡോ പള്ളിക്കാക്കു വേണമെന്നു അവിടത്തുകാർ; സകല ചെലവും കഴിച്ചു 50 പവൻ പ്രതിഫലത്തിൽ ഒരു ട്യൂട്ടർ ജോലിക്കു വേറൊരു സ്ഥാപനക്കാർ. എന്താണു വേണ്ടതെന്നറിയാതെ അഭിപ്രായം ചോദിക്കുന്നതിനായി അദ്ദേഹം തന്റെ ഉപകാരിയായ ഫാദർ കഫാസ്സോയെ സമീപിച്ചു. "ഉന്നതപഠനത്തിനായി വൈദിക കോളജിൽ ചേർന്നു കുറെക്കൂടെ പഠിക്കുക." പുണ്യവാനായ ആ വൈദികന്റെ ഖണ്ഡിതമായ ആജ്ഞ ഇതായിരുന്നു. ഇതിൻപ്രകാരം ട്യൂറിൻ നഗരത്തിൽ ഫാദർ കഫാസ്സോയുംകൂടി പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു കോളജിൽ പ്രവേശിച്ചു ഫാദർ ബോസ്കോ അദ്ധ്യയനം തുടരുകയാണുണ്ടായതു്.

ഓരോ വൈദികന്റെയും പ്രത്യേക അഭിരുചിക്കനുസരണമായ പരിശീലനങ്ങൾ വിശേഷവിധിയായി നൽകപ്പെട്ടിരുന്നു എന്നുള്ളതായിരുന്നു ആ കോളജിന്റെ പ്രത്യേകത. മൂന്നു കൊല്ലത്തെ അവിടത്തെ അദ്ധ്യയനങ്ങൾക്കിടയിൽ ഫാദർ ബോസ്കോ പല ഉന്നതശാസ്ത്രങ്ങൾ പഠിച്ചു ബിരുദം സമ്പാദിച്ചതിനു പുറമേ യുവജനങ്ങളുടെ നല്ല വളർത്തലിനുവേണ്ട പല പ്രായോഗിക പാഠങ്ങൾ പഠിപ്പാനും അദ്ദേഹത്തിനു അവസരം ലഭിച്ചു. കോളജിൽനിന്നു ദിവസേന സായംകാലത്തു വൈദികവിദ്യാർത്ഥികൾ നടക്കാനായി പോയിരുന്നു. ട്യൂറിൻ പട്ടണത്തിലെ യുവജനങ്ങളുടെ നിർഭാഗ്യസ്ഥിതി അപ്പോഴാണു ബോസ്കോ കൊച്ചച്ചന്റെ സൂക്ഷ്മദൃഷ്ടികൾക്കു വിഷയീഭവിച്ചിരുന്നതു്. വ്യവസായത്തിലും മററും ദിനം ദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന ഒരു മഹാനഗരമായിരുന്നു അതു്. അടുത്ത പ്രദേശങ്ങളിൽനിന്നെല്ലാം തൊഴിലന്വേഷിച്ചും മററും നിരവധി ചെറുപ്പക്കാർ അവിടെ വന്നുകൂടിയിരുന്നു. അടിച്ചുകെട്ടും ആചാരവുമില്ലാതെ ഇത്തരം യുവജനങ്ങൾ പട്ടണത്തിൽ അവിടവിടെ അലഞ്ഞു നടക്കുന്ന കാഴ്ച ദിവസംപ്രതി അദ്ദേഹം കണ്ടുമുട്ടി. അഞ്ചും എട്ടും പേർ ഓരോ ചെററക്കുടിലുകളിൽ പോക്കിൻകുഞ്ഞുങ്ങളെപ്പോലെ കഴിഞ്ഞുകൂടുകയാണു ചെയ്തിരുന്നതു്. കുമ്പസാരമില്ല, കുർബാനയില്ല; പ്രാർത്ഥനയില്ല, നമസ്കാരമില്ല. എല്ലാവിധ ആഭാസത്തരങ്ങളിലും ദിനംപ്രതി അഭിവൃദ്ധിപ്പെട്ടുംവന്നു. ഫാദർബോസ്കോയ്ക്കു ഇതെല്ലാം കണ്ടു് ഹൃദയം തകർന്നു. ഇക്കൂട്ടരുടെ ചില മേളസ്ഥലങ്ങളിലേക്കു ചിലപ്പോൾ അദ്ദേഹം അറ്റുചെല്ലുമായിരുന്നു. പാട്ടും കൂത്തും, അസഭ്യഭാഷണങ്ങളും, അടിപിടിയും ചീട്ടുകളിയുമൊക്കെയായിരിക്കും അവിടെ നടമാടുന്നതു്. ചിലർ അദ്ദേഹത്തെ കാണുമ്പോൾ ഓടിക്കളയും; ചിലർ കാണാത്ത മട്ടിലിരുന്നു് അവരുടെ കുസൃതികൾ തുടരും. ചിലർ തിരിഞ്ഞുനിന്നു് അദ്ദേഹത്തെ അപഹസിക്കാനും അവഹേളിക്കാനും തുടങ്ങും. ഈവിധരംഗങ്ങൾ പലേടത്തും ആവർത്തിക്കപ്പെട്ടു കണ്ടപ്പോൾ ബോസ്കോ കൊച്ചച്ചനു അധൈര്യമല്ല ഉണ്ടായതു്, നേരെമറിച്ചു് അദ്ദേഹത്തിന്റെ ഭാവിപരിപാടിയെപ്പററി കൂടുതൽ ദൃഢനിശ്ചയമാണു് അങ്കുരിച്ചതു്. എന്തുകൊണ്ടെന്നാൽ മൂന്നുതവണയായി അദ്ദേഹം സ്വപ്നത്തിൽ ദർശിച്ച കാര്യങ്ങൾ ഇതാ ഇപ്പോൾ യഥാർത്ഥത്തിൽ കൺമുമ്പാകെ കണ്ടുതുടങ്ങിയിരിക്കുന്നു. മൃഗങ്ങൾ, മൃഗങ്ങൾ, വെറും കാട്ടുമൃഗങ്ങൾ—മനുഷ്യത്വം പോലും ദർശിച്ചിട്ടില്ലാത്ത ഇരുകാലിമൃഗങ്ങൾ. ഇവരെയാണു് താൻ കുഞ്ഞാടുകളാക്കി പകർത്തുന്നതിനു ദൈവം ആവശ്യപ്പെട്ടിരിക്കുന്നതു്. ദുഷ്കരമായ കാര്യംതന്നെ. എങ്കിലും ദൈവം സർവ്വശക്തനാണല്ലോ. ആ സർവ്വശക്തിയിലൂന്നിക്കൊണ്ടു ബോസ്കോ കൊച്ചച്ചൻ അതിലേക്കു തുനിഞ്ഞിറങ്ങാൻതന്നെ തീർച്ചയാക്കി. എങ്ങനെ, എവിടെ, എന്നു ദൈവനിർദ്ദേശമറിവാൻ പ്രാർത്ഥിച്ചുകൊണ്ടു അദ്ദേഹം കോളജിൽ പഠനം തുടർന്നു.

പ്രിയ കുഞ്ഞുങ്ങളേ, ഈ കാട്ടുജന്തുക്കളുടെ കാര്യം കേട്ടിട്ടു് നിങ്ങൾക്കു പേടി തോന്നുന്നില്ലേ? നല്ല കുടുംബങ്ങളിൽ, നല്ല മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ, വളരാൻ ഭാഗ്യം കിട്ടിയില്ലായിരുന്നെങ്കിൽ നാമും ആ നിലയിലായിത്തീരാൻ പാടുള്ളതായിരുന്നു; ഇനിയും പാടുള്ളതുമാണു്. ആകയാൽ അനുഗ്രഹം നിറഞ്ഞ ദൈവത്തിനു സ്തോത്രം ചെയ്യു. ആജ്ഞയിലും അനുസരണയിലും വളരുന്നതു ഒരു ഭാഗ്യമായിട്ടു കരുതണം. വേലിപൊളിക്കുന്നവനെ പാമ്പു കടിക്കും എന്നാണു് വേദാഗമം സാക്ഷിക്കുന്നതു്. അതായതു്, അനുസരണത്തിന്റെ പരിധി കടന്നുപോകുന്നവനെ നരകസർപ്പം കടിക്കതന്നെ ചെയ്യും. ആ കടിയേററു കരുവാളിച്ച കാട്ടുമൃഗങ്ങളെയാണു് ബോസ്കോ അച്ചൻ മുൻപു കണ്ടതു്.

ഈ നിർഭാഗ്യം നിങ്ങൾക്കു ഒരിക്കലും നേരിടാതെ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നവവത്സരാരംഭത്തോടേ അതിലേക്കു വേണ്ട ദൃഢനിശ്ചയങ്ങൾ ചെയ്തുകൊള്ളുക.

ഉണ്ണീയീശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

## ജന്മദിനസ്മരണ

ബാലരംഗസമിതിയിൽപ്പെട്ട 106 കുട്ടികളുടെ ജന്മദിനമാണു ജനുവരി മാസത്തിലുള്ളതു്—64 ആൺകുട്ടികളുടേതും 42 പെൺകുട്ടികളുടേതും. അതായതു്, ദൈവത്തിന്റെ അനന്തകൃപയാൽ ഒരു വയസ്സുകൂടെ പൂർത്തിയാക്കി, മറെറാരു വയസ്സിലേക്കു അവർ പ്രവേശിക്കുന്നു. അതിനാൽ ജന്മദിനം ഘോഷിക്കുന്ന ഓരോരുത്തരും അന്നു ദൈവത്തിനു ഹൃദയപൂർവ്വം കൃതജ്ഞതാസ്തോത്രം ചെയ്യണം. കുമ്പസാരിച്ചു കുർബാന കൈക്കൊള്ളാൻ ഉപേക്ഷവരുത്തരുതു്. വയസ്സിന്റെ എണ്ണത്തിനൊപ്പിച്ചുള്ള പരിത്യാഗകൃത്യങ്ങളും, വയസ്സിന്റെ സംഖ്യയോടു ഒരു പൂജ്യംകൂടെ ചേർത്തുള്ള തുകയ്ക്കു സുകൃതജപങ്ങളും, അന്നു കിടക്കുന്നതിനുമുമ്പു കർത്താവിനു കാഴ്ചകൊടുക്കണം. നിവൃത്തിയുള്ളവർ തങ്ങളുടെ പ്രായമുള്ള വല്ല ഒരു സാധുകുട്ടിക്കും എന്തെങ്കിലും സഹായം ചെയ്തുകൊടുക്കുന്നതിനു ശ്രമിച്ചാൽ എത്ര ഭാഗ്യപൂർണ്ണമായ ജന്മദിനാഘോഷമായിരിക്കും. അംഗങ്ങൾ കാലത്തു ഭക്ഷണം കഴിഞ്ഞു ചൊല്ലാനുള്ള നന്മനിറഞ്ഞ മറിയവും "ക്രിസ്ത്യാനികളുടെ സഹായമായ മാതാവേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന സുകൃതജപവും അന്നത്തെ ജന്മദിനക്കാർക്കുവേണ്ടി നിയോഗിക്കണം. എത്ര വലിയ ഒരു തുകയായിരിക്കും അപ്പോൾ ഓരോരുത്തർക്കും കിട്ടുന്നതു്. അതുപോലെ ഇങ്ങോട്ടും തിരികെ കിട്ടുകയും ചെയ്യും. വല്യച്ചൻ എന്നും കുർബാനനേരത്തു കുഞ്ഞുമക്കളെയെല്ലാം തിരുഹൃദയത്തിനു കാഴ്ചകൊടുക്കുന്നുണ്ടു്. ജന്മദിനക്കാർക്കുവേണ്ടിയും ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളാം. എനിക്കുവേണ്ടിയും അപേക്ഷിക്കണമേ. ഈ മാസത്തെ ജന്മദിനസമ്മാനാർഹരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. എം. എ. അബ്രാഹം മാർവെട്ടം, മാഞ്ഞൂർ (നമ്പർ 11)
2. കെ. ജെ. ആഗസ്തി, രാമപുരം (നമ്പർ 84,
3. അന്നമ്മ എ. കണ്ണൻതറ, കുറിച്ചി (നമ്പർ 50)
4. അന്നമ്മ പീററർ കണ്ടിരിക്കൽ, തൊടുപുഴ (നമ്പർ 178)

## നിങ്ങൾക്കറിയാമോ?

1. തൊമ്മിക്കുഞ്ഞു ഒരുനേരദിവസം ഉച്ചഭക്ഷണം കഴിച്ചിരിക്കുമ്പോൾ സ്നേഹിതൻ ചാണ്ടിക്കുഞ്ഞു പടിക്കൽവന്നു വിളിച്ചു. ഉടൻതന്നെ തൊമ്മിക്കുഞ്ഞു ചെന്നു അല്പനേരം സംസാരിച്ചശേഷം മടങ്ങിവന്നു ഭക്ഷണം തുടർന്നു. അപ്പോൾ ചാണ്ടിക്കുഞ്ഞിന്റെ ഭാര്യ ത്രേസ്യാമ്മ, ഒരുനേരദിവസത്തെ ഭക്ഷണം ഒററ ഇരുപ്പിൽ കഴിക്കേണ്ടതാണെന്നും, ആകയാൽ ചാണ്ടിക്കുഞ്ഞിന്റെ ഒരുനേരത്തിനു ഭംഗം വന്നെന്നും പറഞ്ഞു അയാളെ കുററപ്പെടുത്തിത്തുടങ്ങി. ത്രേസ്യാമ്മയുടെ അഭിപ്രായം സ്വീകാര്യമാണോ?

2. അന്തോണിച്ചേട്ടൻ ഒരുനേരദിവസം ഉച്ചയ്ക്കു ഊണു മതിയാക്കി എഴുന്നേററു് കൈകഴുകിയതാണു്. അപ്പോൾ മകൾ മേരി രണ്ടു പഴം കൊണ്ടുവന്നു. "ഇനി ഇതു തിന്നാൽ ഒരുനേരം പോകും" എന്നു പറഞ്ഞു് അന്തോണിച്ചേട്ടൻ അതു തിന്നില്ല. അതു തിന്നാൽ ഒരുനേരം പോകുമായിരുന്നോ?

3 ഒരുനേരദിവസം കുഞ്ഞുവർക്കിക്കു വലിയ വിശപ്പും ദാഹവും തോന്നും. അവയ്ക്കു അല്പം ശമനം ലഭിക്കുന്നതിനായി അയാൾ കൂടെക്കൂടെ വെള്ളം കുടിക്കാറുണ്ടു്. വെള്ളം കുടിച്ചാൽ ഉപവാസം നഷ്ടപ്പെടുമോ?

(ശേഷം 8-ാം പേജിൽ)

നീതികഥ

## ചെമ്പൻ കാള

(ജി. സി ടീച്ചർ)

അന്നു കാലത്തുമുതൽ ഉച്ചതിരിഞ്ഞതുവരെ ചെമ്പൻ കാള തന്റെ യജമാനന്റെ വയലിൽ പണിയെടുക്കുകയായിരുന്നു. അവനു വേണ്ടുവോളം പുല്ലും വെള്ളവും കൊടുക്കുന്നതിൽ നിർദ്ദയനായ അവന്റെ യജമാനനു് അത്ര ശ്രദ്ധയുണ്ടായിരുന്നില്ല. കടത്തുരുത്തി കാളച്ചന്തയിൽ വച്ചാണു് ചെമ്പൻ കാള തന്റെ പുതിയ യജമാനന്റെ കീഴിലേക്കു മാറിയതു്. കൊഴുത്തു തടിച്ചിരുന്ന അവന്റെ പ്രകൃതം രണ്ടു മൂന്നുമാസംകൊണ്ടു പാടേ മാറിപ്പോയി. എല്ലുകൾ അവിടെയും ഇവിടെയും മുഴച്ചുനിൽക്കുന്നു. വെള്ളം കുടിച്ചു ദാഹം തീർക്കുവാൻ അവൻ തോട്ടിലേക്കിറങ്ങിയതാണു്. വെള്ളത്തിൽ സ്വന്തം നിഴൽകണ്ടു് അവൻ അമ്പരന്നുപോയി. തന്റെ ദയനീയസ്ഥിതിയെപ്പററി അവൻ ഗാഢമായി ചിന്തിച്ചു. ഒരു വിപ്ലവമനസ്ഥിതിയോടുകൂടിയാണു് അവൻ കരയ്ക്കു കയറിയതു്.

വഴിക്കുവച്ചു് അവൻ ഭാഗ്യവശാൽ ഒരു "സഖാവി"നെ കണ്ടുമുട്ടി. സഖാക്കളോടു് അപാരമായ ബഹുമാനമാണവനുള്ളതു്. അവൻ പറഞ്ഞു: "പ്രിയ സഖാവേ, നമസ്കാരം. അങ്ങു് ഉന്നതമായ മനുഷ്യകുലത്തിൽ നിന്നും താഴെ ഇറങ്ങി ഞങ്ങളുടെ കുലത്തിലെ ഒരു വിനീതദാസനായി കഴിഞ്ഞുകൂടുവാൻ തീരുമാനിച്ചതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഇനിമുതൽ ഞങ്ങളുടെ കുലത്തിനു് സ്വാതന്ത്ര്യവും ഉൽഗതിയും അങ്ങുമൂലം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. നിഷ്കരുണരായ യജമാനന്മാരുടെകീഴിൽ ദുർവ്വഹമായ ഭാരമാണു ഞങ്ങൾ വഹിച്ചുവരുന്നതു്. ഞങ്ങൾക്കു കൂലിയോ ഇല്ല. വിശപ്പടക്കുവാൻ ഭക്ഷണംപോലും കിട്ടുന്നില്ല. ഞങ്ങൾക്കുവേണ്ടി അങ്ങു് ഈ അനീതിയോടു പോരാടുമോ?"

സഖാവു പരിഹാസസ്വരത്തിൽ ചിരിച്ചിട്ടു പ്രതിവചിച്ചു: "പടുഭോഷനായ മൃഗമേ, ആദായകരമല്ലാത്ത ഒരു പണിക്കു ഞങ്ങൾ മിനക്കെടുമെന്നു നീ വിചാരിച്ചതു കഷ്ടാൽ കഷ്ടതരം തന്നെ. ഞങ്ങൾ വാദിച്ചാൽ തീർച്ചയായും നിങ്ങൾക്കു കൂടുതൽ അളവിൽ പുല്ലും വെള്ളവും കിട്ടും. പക്ഷേ പുല്ലിൽനിന്നും വെള്ളത്തിൽ നിന്നും ഞങ്ങൾക്കെന്തോഹരിയാണു കിട്ടുവാനുള്ളതു്? അതിനാൽ ഉള്ളതുകൊണ്ടു തൃപ്തനായി മിണ്ടാതെ പൊയ്ക്കൊൾക. അല്ലെങ്കിൽ ഞങ്ങളുടെയും ചവിട്ടു നീ വാങ്ങിക്കും."

"ഈ സാധുക്കളുടെ നില ഉയർത്തുവാൻ അവിടുന്നു ശ്രമിക്കയില്ലെന്നാണോ പറയുന്നതു്?"

"മനുഷ്യരുടെ കാര്യത്തിലാണു ഞങ്ങളുടെ ശ്രദ്ധ. മനുഷ്യരിൽ അവശത അനുഭവിക്കുന്ന ഒരുത്തനുമുണ്ടായിരിക്കരുതു്. അതാണു ഞങ്ങളുടെ തത്വം."

"തിന്നുകുടിച്ചു നാശമടയുമെന്നും മരണത്തിനപ്പുറത്തൊന്നുമില്ലെന്നും ഞങ്ങൾ പറയുന്നു. സഖാക്കളായ നിങ്ങളും അതുതന്നെ പറയുന്നു. പിന്നെ മനുഷ്യരും ഞങ്ങളും തമ്മിൽ എന്താണു വ്യത്യാസം നിങ്ങളുടെ ദൃഷ്ടിയിൽ?"

"ഭോഷാ, കാര്യലാഭത്തിനു വേണ്ടിയാണു ഞങ്ങൾ പറയുന്നതു് മനുഷ്യരും മൃഗങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നു്. അതു സത്യമാണെന്നു കരുതി നിങ്ങൾ പ്രവർത്തിക്കുവാൻ തുടങ്ങിയാൽ യജമാനന്റെ മേശപ്പുറത്തു മുൻകാലുകൾ എടുത്തുവച്ചു കഴുതയ്ക്കുലഭിച്ച സമ്മാനമായിരിക്കും നിങ്ങൾക്കും."

"അങ്ങനെയെങ്കിൽ സുബോധമുള്ള മനുഷ്യരെ വഞ്ചിക്കുവാനാണു നിങ്ങളുടെശ്രമമെന്നു പറയുക. നിങ്ങൾ പറയുന്നതുമുഴുവൻ മനുഷ്യർ അപ്പടിവിശ്വസിക്കുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?"

"എല്ലാവരും വിശ്വസിക്കയില്ല. എങ്കിലും ഞങ്ങളെപ്പോലുള്ളവർ വിശ്വസിക്കും."

"നിങ്ങൾ കൊടിയ വഞ്ചകന്മാരാണു്. മൃഗവും മനുഷ്യനും തമ്മിൽവ്യത്യാസമുണ്ടെന്നു സുദൃഢം വിശ്വസിച്ചിരുന്ന വി. ഫ്രാൻസിസ് അസ്സീസി ഞങ്ങളുടെ കൂട്ടരെ സഹോദരങ്ങൾ എന്നു സംബോധനചെയ്തു ഞങ്ങളോടു കാരുണ്യം കാണിക്കുവാൻ മടിച്ചില്ല. എന്നാൽ മനുഷ്യരും മൃഗങ്ങളും തമ്മിൽ വ്യത്യാസമില്ല എന്നു ജല്പിക്കുന്നനിങ്ങൾ മൃഗങ്ങളെ സ്വതന്ത്രരാക്കി അവരുടെ നില ഉയർത്തുവാൻ ശ്രമിക്കുന്നില്ല. ഇതു കടുത്ത അനീതിയല്ലേ? ചതിയും വഞ്ചനയും ഞങ്ങളുടെ കുലത്തിനു് അജ്ഞാതമാണു്. എന്നാൽ നിങ്ങൾ ഞങ്ങളോടു തുല്യരാണെന്നു പറയുന്നതിനാൽ ഞങ്ങൾക്കു തീരാകളങ്കം ഉണ്ടായിരിക്കുന്നു. അതുകൊണ്ടു നിങ്ങൾ ദയവായി ഞങ്ങളുടെ കൂട്ടത്തിൽനിന്നും വിട്ടുപിരിഞ്ഞു് ഞങ്ങളുടെ കുലത്തിനു വന്നുഭവിച്ച മാലിന്യം കഴുകിക്കളയണമെന്നപേക്ഷിക്കുന്നു."

സഖാവിനു കടുത്ത ദേഷ്യമാണുണ്ടായതു്. ഒരു വിനീതമൃഗത്തിൽനിന്നും അയാളുടെ അഭിമാനത്തെ സ്പർശിക്കുന്നതരത്തിലുള്ള യുക്തിവാദങ്ങൾ അയാൾ പ്രതീക്ഷിച്ചിരുന്നില്ല. അയാൾ ഒരു പത്തലെടുത്തു് ചെമ്പൻ കാളയുടെ നടുവിനടിച്ചു പകവീട്ടി. "ചതിയന്മാർ, ചതിയന്മാർ" എന്നു മുക്കറ ഇട്ടുകൊണ്ടു് അവൻ പിറകോട്ടോടി നദിയിൽ ചാടി അക്കരയ്ക്കു നീന്തിക്കളഞ്ഞു.

## ഔദാര്യം

ക്രിസ്തുസിനു മുമ്പു ജർമ്മനിയിലെ സാധുജനങ്ങൾക്കുവേണ്ടി അയർലൻറിൽനിന്നും 20 ലക്ഷം റാത്തൽ മാംസം അയച്ചുകൊടുത്തു. കഴിഞ്ഞ കൊല്ലം നേരത്തെതന്നെ 30 ലക്ഷം റാത്തൽ ഭക്ഷണസാധനങ്ങൾ ഐറിഷ് ഗവമെൻറ് ജർമ്മനിക്കയച്ചുകൊടുത്തതാണു്.

## നാഗപ്പുഴ

സ്ഥലം സൊഡാലിററിയുടെ പതിനെട്ടാമത്തെ വാർഷികസമ്മേളനം റവ. ഫാദർ ജോൺ മററം, എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ ശ്രീ എസ്. സി. ജോസഫ് എം. എ. അവർകൾ "ചില ആധുനിക പ്രശ്നങ്ങൾ" എന്ന വിഷയത്തെ പുരസ്കരിച്ചു് ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി.

# മരിയാസഖ്യം

## പന്ത്രണ്ടാംപീയൂസുമാർപ്പാപ്പായുടെ തിരുവെഴുത്ത്

II

ചീത്ത നാടകങ്ങളും സിനിമകളും നിരോധിച്ച്, ചീത്തപ്പുസ്തകങ്ങളുടെപ്രളയത്തിൽനിന്നു സന്മാർഗ്ഗത്തെ സംരക്ഷിപ്പാൻ മരിയാസഖ്യം സഹായിക്കുന്നതോ നടത്തുന്നതോ ആയ സമാജങ്ങളുടെ കാര്യം നാം സ്മരിക്കേണ്ടതാണ്. ദരിദ്രരായ യുവാക്കൾക്കും വയോജനങ്ങൾക്കും ആവശ്യമായ സൗജന്യവിദ്യാലയങ്ങളും തൊഴിലാളികൾക്കു തങ്ങളുടെ തൊഴിൽ അഭ്യസിക്കുന്നതിന്, വിശിഷ്യ, വ്യത്യസ്ത കലകളിലും തൊഴിലുകളിലും ഉൽകൃഷ്ടമായ ജ്ഞാനം സമ്പാദിക്കുന്നതിന് ആവശ്യമായ വ്യവസായപാഠശാലകളും അവർ നടത്തിക്കൊണ്ടിരിക്കുന്നു. ആധുനികകാലത്ത് അത്യന്താപേക്ഷിതമായ ഈദൃശപ്രേഷിതവേല പല മരിയാസഖ്യങ്ങൾ തനിച്ചോ, കൂട്ടമായോ ഒരേ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു വേണ്ടി നടത്തിക്കൊണ്ടുപോകുന്നുണ്ട്.

ഈദൃശമായ പല പ്രവർത്തനങ്ങളും തിരുസ്സഭയുടെ വിജയത്തിനു നിദാനമാകുന്നു. വൈദികാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിനും അധികാരത്തിനും കീഴ് ഇതരകത്തോലിക്കാ സമാജങ്ങളോടു സഹകരിച്ചു സംയുക്തസൈന്യമായി അണിനിരക്കുവാൻ മരിയാസഖ്യങ്ങൾ ഇക്കാലത്ത് കൂടുതൽ സന്നദ്ധമായിക്കാണുന്നതിനാൽ അവ പ്രത്യേകപ്രശംസയ്ക്ക് അർഹമാണ്. ഏകോപിച്ചുള്ള പ്രവർത്തനംവഴി മിശിഹായുടെ രാജ്യത്തിനു വലിയ വിജയങ്ങൾ നേടാൻ അവയ്ക്കു കഴിയുകയും ചെയ്യും. വേറൊരവസരത്തിൽ നാം പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഇററലിയിൽ കത്തോലിക്കാപ്രവർത്തനം ആദ്യമായി ആരംഭിച്ചതു മരിയാസഖ്യാംഗങ്ങളാണ്. പിന്നീടു പലരും അവരെ അനുകരിച്ചുകൊണ്ട് പ്രസ്തുത പ്രസ്ഥാനത്തെ കാര്യമായി സഹായിക്കുകയുണ്ടായിട്ടുണ്ട്. അതിനാൽ കത്തോലിക്കാപ്രവർത്തനത്തിന്റെ പ്രധാന പ്രണേതാക്കളിൽ ഉൾപ്പെടുത്തേണ്ടതാണ് മരിയാസഖ്യാംഗങ്ങളെയും.

ഏകസൈന്യമായി യോജിച്ചുനില്ക്കുന്ന കത്തോലിക്കരുടെ പരിപൂർണ്ണശക്തി വൈദികാദ്ധ്യക്ഷന്മാരോടുള്ള അനുസരണത്തിലാണു സ്ഥിതിചെയ്യുന്നത്. തന്മൂലം, വൈദികാധികാരത്തിന്റെ മൂലവും അടിത്തറയുമായ ശ്ലൈഹികസിംഹാസനത്തിനെന്നല്ല, മരിയാസഖ്യത്തിന്റെ ഉദ്ദേശ്യാനുസരണം മെത്രാന്മാരുടെ ആജ്ഞാപനങ്ങൾക്കും ഉൽബോധനങ്ങൾക്കും പരിപൂർണ്ണമായികീഴ്പെട്ടു പ്രശാന്തമായി അനുസരിക്കുന്നതിൽ അത്യുത്സുകരായ സഖ്യാംഗങ്ങൾ പ്രേഷിതവേലയിൽ എങ്ങനെയാണ് ഉത്തമോപകരണങ്ങൾ ആകാതിരിക്കുക?

മരിയാസഖ്യത്തിന്റെ ആന്തരികഘടന പരിശോധിച്ചിട്ടുള്ളവർക്കറിയാം അവയിൽ ചിലതു മെത്രാന്മാരും ഇടവകവൈദികരും, പ്രത്യേകാവകാശവഴി നാമും നമ്മിൽനിന്നു ലഭിച്ചിട്ടുള്ള അധികാരത്തോടുകൂടെ ഈശോസഭയുടെ ജനറലുമാണ് അതിനെ ഭരിക്കുന്നതെന്ന്. എന്നാൽ പ്രേഷിതവേലയിൽ എല്ലാംതന്നേ സ്ഥലത്തെ മെത്രാന്മാരുടെയോ ചില അവസരങ്ങളിൽ ഇടവകവൈദികരുടെയോ ഭരണത്തിനു കീഴ്പ്പെട്ടിരിക്കുന്നു. വൈദികാദ്ധ്യക്ഷന്മാർ മരിയാസഖ്യാംഗങ്ങളെ പ്രേഷിതയോദ്ധാക്കളായി അംഗീകരിച്ചിട്ടുള്ളതിനാൽ നാം മറെറാരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, എല്ലാ കാരണംകൊണ്ടും അവർ ഏതെങ്കിലും പ്രവർത്തനം ഏറെറടുത്തു നടത്തുന്നതു വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകാരത്തോടുകൂടെ ആയിരിക്കണം. പൂജ്യരായ തങ്ങളുടെ ഇടയന്മാരോട് മരിയാസഖ്യാംഗങ്ങൾക്ക് ഉണ്ടാകേണ്ട സ്നേഹവും വണക്കവും സഖ്യനിയമങ്ങളിൽത്തന്നേ അനുശാസിതമാണ്. തങ്ങളുടെജീവിതത്തിലുംപ്രവൃത്തികളിലും തിരുസ്സഭ പഠിപ്പിക്കുന്നതെല്ലാം അനുഷ്ഠിക്കുവാൻ അവർക്കു കടമയുണ്ട്. "തിരുസ്സഭ സ്തുതിക്കുന്നതെല്ലാം സ്തുതിച്ചും വെറുക്കുന്നതെല്ലാം വെറുത്തും എല്ലാകാര്യത്തിലും തിരുസ്സഭയോടു യോജിച്ചും ആ നല്ല അമ്മയുടെ യോഗ്യരും വിശ്വസ്തരുമായ പുത്രരെപ്പോലെ പരസ്യമായും രഹസ്യമായും അനുവർത്തിച്ചും വേണം അവർ ജീവിക്കുവാൻ.

ഈദൃശമായ മരിയാസഖ്യം ഇഗ്നേഷ്യൻ കുടുംബത്തിൽ ജനിച്ച് അതിന്റെ ഒരു ശാഖപോലെ വളർന്നുവെന്നുള്ളത് —അവയിൽ വലിയ ഭാഗമല്ലെങ്കിലും പലതും നാം പ്രസ്താവിച്ചിട്ടുള്ളതുപോലെ നമ്മിൽനിന്നു ലഭിച്ച അധികാരത്തോടുകൂടെ ഈശോസഭാവൈദികർ നിയന്ത്രിച്ചുപോരുന്നുണ്ടല്ലോ— കത്തോലിക്കരുടെ സമൈക്യബോധത്തിനു വിരുദ്ധമല്ല. എന്നുവേണ്ട അതിന്റെ പ്രാരംഭം മുതൽ അതിന്റെ നിയമാവലിയിൽ പ്രഥമസ്ഥാനം വഹിച്ചിരുന്നതു "തിരുസ്സഭയോടു ചേർന്നു ചിന്തിക്കുക" എന്നുള്ളതാണ്. ദൈവത്തിന്റെ സഭയെ ഭരിക്കുവാൻ പരിശുദ്ധാത്മാവു നിയമിച്ചിട്ടുള്ള മെത്രാന്മാരെ (നടപടി 20, 28) അനുസരിക്കുന്നതിനു സ്വാഭാവികമായ ഒരു വാസന ആ സഖ്യത്തിൽ ഉൽഭൂതമായിട്ടുണ്ട്. തന്മൂലം, മിശിഹായുടെ രാജ്യം പരത്തുന്നതിനു മരിയാസഖ്യം പ്രബലമായ ഒരുപകരണമായിത്തീർന്നിട്ടുണ്ട്, ആയിരിക്കുകയും ചെയ്യും. തിരുസ്സഭാമാതാവ് പുണ്യവാന്മാരായി പേരുവിളിച്ചിട്ടുള്ള അനേക വിശുദ്ധരുടെ അകൈതവമായ മാതൃകാജീവിതത്തിൽ നിന്നു മനസ്സിലാക്കാംമരിയാസഖ്യാംഗങ്ങൾ സ്വന്തം ലാഭത്തെയല്ല തിരുസ്സഭയുടെ പൊതുനന്മയെയാണ് എല്ലായ്പോഴും കാര്യമായി ഗണിച്ചിട്ടുള്ളതെന്ന്. പ്രസ്തുത വിശുദ്ധന്മാർ പ്രാപിച്ച മഹിമ ഈശോസഭയ്ക്കുമാത്രമല്ല അത്മായപൗരോഹിത്യത്തിനും ഇതരസന്യാസസഭകൾക്കും അഭിമാനകാരണമാണ്. അവരിൽപത്തുപേർമററുസന്യാസസഭകളുടെയോ സഖ്യങ്ങളുടെയോ സ്ഥാപകരായിത്തീർന്നിട്ടുണ്ട്.

ഇതിൽ നിന്നു മനസ്സിലാക്കാം, മരിയാസഖ്യങ്ങളുടെ നിയമങ്ങളിൽ നിന്നു വ്യക്തമാകുന്നതുപോലെ, അവയെല്ലാം പ്രേഷിതചൈതന്യസമ്പുഷ്ടമായ സംഘങ്ങളാണെന്ന്. അവയുടെ അംഗങ്ങളെ ചിലപ്പോൾ പുണ്യശൃംഗത്തിലേക്ക് അവ ആനയിക്കുന്നു. തങ്ങളുടെ ഇടയന്മാരുടെ നേതൃത്വത്തിൻകീഴ തിരുസ്സഭയുടെ അവകാശങ്ങളെ സംരക്ഷിക്കുവാനും ഇതരരുടെ പുണ്യപരിപൂർണ്ണതയ്ക്കും ആത്മരക്ഷയ്ക്കും വേണ്ടി പരിശ്രമിക്കുവാനും കന്യകയായ ദൈവമാതാവിന്റെ സ്തുതിപാഠകരെ വാർത്തെടുക്കുവാനും മിശിഹായുടെ രാജ്യം പരത്തുവാൻ പററിയ പ്രേഷിതരെ ശിക്ഷണം ചെയ്ത് എടുക്കുവാനും മരിയാസഖ്യം യത്നിച്ചുകൊണ്ടിരിക്കുന്നു.

ആകയാൽ മരിയാസഖ്യത്തിന്റെനിയമങ്ങളും ഉദ്ദേശ്യവും ഇതുവരെയുള്ള നേട്ടങ്ങളും പരിശോധിക്കുന്നപക്ഷം, ഭാഗ്യസ്മരണാർഹനായ നമ്മുടെ പുരോഗാമി പതിനൊന്നാംപീയൂസുമാർപ്പാപ്പാ ശരിയായി നിർവ്വചിച്ചിട്ടുള്ള കത്തോലിക്കാപ്രവർത്തനത്തിന്റെ—"തിരുസ്സഭയെ സഹായിക്കുവാനുംതിരുസ്സഭയുടെപ്രവർത്തനങ്ങളെ പൂർത്തിയാക്കുവാനും വിശ്വാസികൾ ചെയ്യുന്ന പ്രേഷിതവേല"യുടെ—യാതൊരു സ്വഭാവവിശേഷവും മരിയാസഖ്യത്തിന്റെ പ്രവർത്തനത്തിൽ നിന്നു വിദൂരമായി കാണുന്നില്ല.

ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ പ്രേരണയിലും പ്രചോദനത്തിലുമുള്ള കത്തോലിക്കാപ്രവർത്തനമെന്നുകൂടെ മരിയാസഖ്യത്തെ സംബോധന ചെയ്യുന്നത് അതിന്റെ ഘടനയ്ക്കോ പ്രത്യേകസ്വഭാവത്തിനോ വിരുദ്ധമല്ല. കാരണം, പണ്ടത്തെപ്പോലെ ഇന്നും അതു ശ്രേഷ്ഠരായ കത്തോലിക്കരെ ശിക്ഷണം ചെയ്ത് എടുക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഉപകരണമായി വർത്തിക്കുന്നതാണ്. ഈ ശ്ലൈഹികസിംഹാസനത്തിൽനിന്നു പലവുരു പ്രസ്താവിച്ചിട്ടുള്ളതുപോലെ കത്തോലിക്കാപ്രവർത്തനം അടച്ചുപൂട്ടിവച്ചിട്ടുള്ള ഒരു വലയമല്ല. മാററിവയ്ക്കുവാൻ പാടില്ലാത്ത അതിർത്തികളൊന്നും അതിനില്ല. ഇതരകത്തോലിക്കാസംഘടനകളെ നീക്കിയോ വിഴുങ്ങിയോ ഒരു പ്രത്യേകമാർഗ്ഗവും പരിപാടിയുമനുസരിച്ചുമാത്രം പ്രവർത്തിക്കേണ്ട ഒരു പ്രസ്ഥാനവുമല്ല കത്തോലിക്കാപ്രവർത്തനം. അത് എല്ലാ സംഘടനകളേയും കൂട്ടിച്ചേർത്ത് ഒന്നിന്റെ പുരോഗതി വേറൊന്നിന്റെ പുരോഗതിക്ക് ഉതകത്തക്കവണ്ണം സ്നേഹത്തിലും ഐക്യത്തിലും സൗഹാർദ്ദത്തിലും അവയെ സംയോജിപ്പിക്കണം. ഈയിടയ്ക്കു നാം പ്രസ്താവിച്ചിട്ടുള്ളതുപോലെ പ്രേഷിതവേലയിലുള്ള വിശിഷ്ടമായ ഈ ഔത്സുക്യം എത്രതന്നേ പ്രശംസനീയമാണെങ്കിലും ആത്മാക്കളുടെ രക്ഷയ്ക്കായുള്ള പ്രവർത്തനങ്ങളെല്ലാം ഒരേ അച്ചിൽ വാർത്തപോലെ ആകണമെന്നുള്ള അവബോധം വർജ്ജനീയമാണ്. ഈ മനോഗതി തിരുസ്സഭയുടെ ഉദ്ദേശ്യങ്ങൾക്ക് അനുയോജ്യമല്ല. ജീവിതത്തിന്റെ ഉൽഫുല്ലനത്തിനും വികാസത്തിനും വിഘാതമായ പ്രതിബന്ധങ്ങൾ തിരുസ്സഭ അംഗീകരിക്കുന്നതല്ല. ഏതെങ്കിലും ഒരു പ്രേഷിതവേല ഒരു സ്ഥാപനത്തിനോ ഇടവകയ്ക്കോമാത്രം ആയിരിക്കേണ്ടതില്ല. അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ പല സംഘടനകൾ ഒരേ ഉദ്ദേശ്യത്തോടെ മെത്രാന്മാരുടെ നേതൃത്വത്തിൽ സഹോദരബുദ്ധിയോടെ വർത്തിക്കുന്നതാണ തിരുസ്സഭയ്ക്കു സംപ്രീതമായിട്ടുള്ളത്. ഒന്നാംസ്ഥാനത്തെപ്പററിയുള്ള വാദങ്ങൾ ഉപേക്ഷിച്ചു സഹോദരസ്നേഹത്തോടും പരസ്പരബഹുമാനത്തോടും ദൈവത്തിന്റെ സ്തുതിമാത്രം ലാക്കാക്കി പ്രവർത്തിക്കുമ്പോൾ ഈ സംഘടനകൾക്കു നാം പലപ്പോഴും ചൂണ്ടിക്കാണിക്കാറുള്ള യോജിപ്പും സഹകരിച്ചുപ്രവർത്തിക്കാനുള്ള സന്നദ്ധതയും പരസ്പരധാരണയും സംലബ്ധമാകും. ഇതരർക്ക് ഒന്നാംസ്ഥാനം കൊടുക്കുവാൻ സന്നദ്ധമാകുമ്പോൾ അവരെക്കാൾ ഉയർന്നസ്ഥാനം തങ്ങൾക്കുതന്നേ ലഭിക്കുമെന്ന് ഉറച്ചിരിക്കാവുന്നതാണ്.

FREE INDIA BANK LIMITED
H. O. Kottayam, Travancore
(Incorporated under Travancore Companies Act—
Liability of Members Limited.)
Branches:—
Changanacherry Kidangoor Kothamangalam
Kottayam Nedumkunnam Palai
Ponkunnam. Ramapuram. Ullala.
FIXED DEPOSITS received at rates varying from 4%—6% interest per annum.
6% CASH CERTIFICATES issued.
CHEQUES, DRAFTS & BILLS accepted
. All interests payable Half Yearly.
BANKING BUSINESS OF ALL KINDS UNDERTAKEN.
Chairman: Mr. V. C. George B. A. L. T.
Managing Director: Vakil Mr. Mathew J. Mattom.
Secretary: Mr. Mathew J. Kaithakary

## ചോദ്യോത്തരപംക്തി

**ചോ:** ധനവാനായ ഒരു മനുഷ്യൻ മരിച്ചു കഴിഞ്ഞാൽ അയാൾക്കുവേണ്ടി കുർബാന ചൊല്ലിക്കുന്നതിനു ആളുകളുണ്ടാകും. പാവപ്പെട്ട ഒരുവൻ മരിച്ചാൽ അങ്ങനെ ചെയ്യുന്നതിനു ആരുമുണ്ടായെന്നു വരികയില്ല. അതുകൊണ്ട് പാവപ്പെട്ടവന് സ്വർഗ്ഗപ്രവേശം ലഭിക്കുന്നതിന് പ്രയാസമാണെന്നല്ലേ വരുന്നത്?

**ഉ:** മരണശേഷം സ്വർഗ്ഗപ്രവേശം ലഭിക്കുന്നതിനുള്ള ഏകമാർഗ്ഗം മററുള്ളവർ പരേതനുവേണ്ടി പ്രത്യേകം ചൊല്ലിക്കുന്ന കുർബാനയാണ് എന്ന സങ്കല്പത്തിൽ മാത്രമേ ഈ വാദത്തിനു പ്രസക്തിയുള്ളൂ. പക്ഷെ ആ സങ്കല്പം ശരിയല്ല. കാരണം, ഒരുവന്റെ മരണശേഷം ശുദ്ധീകരണസ്ഥലത്തിൽ അനുഭവിക്കേണ്ട ശിക്ഷയെ കുറയ്ക്കുന്നതിനു പരിശുദ്ധ കുർബാന ചൊല്ലിക്കുന്നതിനു പുറമേ, പരിശുദ്ധ കുർബാന കണ്ടു കാഴ്ചവയ്ക്കുക, ദണ്ഡവിമോചനങ്ങളുള്ള സുകൃതജപങ്ങൾ ചൊല്ലുക, പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതിനു പര്യാപ്തങ്ങളായ സൽകൃത്യങ്ങൾ ചെയ്യുക, തപഃക്രിയകൾ അനുഷ്ഠിക്കുക ആദിയായ അനേകമാർഗ്ഗങ്ങൾ ഉണ്ട്. കുർബാന ചൊല്ലിക്കാൻ സാധിക്കാത്തവർക്കും ഇത്തരം പുണ്യപ്രവൃത്തികൾ ചെയ്ത് പരേതരായ വിശ്വാസികളെ സഹായിക്കാൻ സാധിക്കുമല്ലോ.

രണ്ടാമതായി, നിരാശ്രയരായ, അതായതു് യാതൊരുത്തരുടേയും പ്രത്യേക ചിന്തയ്ക്കും പ്രാർത്ഥനയ്ക്കും വിഷയമാകാത്തവരായ, ആത്മാക്കൾക്കുവേണ്ടി അനുദിനവും അനേകം ദിവ്യബലികൾ അർപ്പിക്കപ്പെടുന്നുണ്ടെന്നും സൽകൃത്യങ്ങൾ അനുഷ്ഠിക്കപ്പെടുന്നുണ്ടെന്നുമുള്ള സംഗതി വിസ്മരിച്ചുകൂടാത്തതാകുന്നു. ആകയാൽ അവരുടെ സ്വർഗ്ഗപ്രവേശം ധാരാളം ബന്ധുക്കളുള്ള ധനവാന്മാരുടെ സ്വർഗ്ഗപ്രവേശത്തെക്കാൾ സുഗമമായെന്നു വരാൻ പാടില്ലയോ?

മൂന്നാമതായി, ശുദ്ധീകരണസ്ഥലത്തിലുള്ള ഒരാളിനുവേണ്ടി · മററുള്ളവർ ചെയ്യുന്ന സൽകൃത്യങ്ങളുടെ ഫലം അനുഭവിക്കുന്നതിനു അയാൾ അർഹനാണോ അല്ലയോ എന്നു വിധിക്കുന്നതു ദൈവമാണ്. ഏതാദൃശമായ അർഹത ഇഹത്തിലായിരുന്നപ്പോൾ അയാൾ നയിച്ച ജീവിതത്തെ ആശ്രയിച്ചിരിക്കും. അതുകൊണ്ട് ഒരാൾക്കുവേണ്ടി അർപ്പിക്കപ്പെടുന്ന ദിവ്യബലികളുടെ ഫലം പൂർണ്ണമായി ഒരാൾ അനുഭവിച്ചുവെന്നു ഖണ്ഡിതമായി പറഞ്ഞുകൂടാ. അയാളെക്കാൾ അർഹതയുള്ളവർക്കു കുർബാനയുടെ ഫലങ്ങൾ കൂടുതൽ സമൃദ്ധമായി ലഭിച്ചെന്നും വരാം.

നാലാമതായി, കുർബാനചൊല്ലിക്കുന്ന ആൾ അനുഷ്ഠിക്കേണ്ടിവരുന്ന ത്യാഗവും ഇവിടെ പരിഗണനാർഹമായിട്ടുണ്ട്. അനേകം കുർബാനകൾ ചൊല്ലിക്കുന്നതിനു ഒരു ധനവാൻ അനുഷ്ഠിക്കേണ്ടിവരുന്ന ത്യാഗത്തെക്കാൾ വലിയ ത്യാഗം ഒരു കുർബാനചൊല്ലിക്കുന്നതിനു ഒരു ദരിദ്രൻ അനുഷ്ഠിക്കേണ്ടിവരുന്നതാണ്. വിധവയുടെ കൊച്ചുകാശു ദിവ്യരക്ഷകനെ വളരെ പ്രസാദിപ്പിച്ചതുപോലെ ദരിദ്രന്റെ ത്യാഗം അവിടുത്തെ പ്രസാദിപ്പിക്കുന്നു. മാത്രമല്ല, ധനവാനും ദരിദ്രനും ശുദ്ധീകരണസ്ഥലത്തിൽ അനുഷ്ഠിക്കേണ്ട പരിഹാരത്തിന്റെ തോതിലും വ്യത്യാസമുണ്ടെന്നു വരാവുന്നതാണല്ലോ.

ചുരുക്കിപ്പറഞ്ഞാൽ, ദരിദ്രനുവേണ്ടി കുർബാന ചൊല്ലിക്കാൻ ആളില്ലെന്നു വരികിലും അയാൾക്കു വേറെ വഴിക്കു അനുഗ്രഹങ്ങൾ കിട്ടുന്നതാണ്. എന്നു കരുതി പരേതരായ വിശ്വാസികൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുവാൻ സാധിക്കുന്ന ദരിദ്രർ അങ്ങനെ ചെയ്യേണ്ടതില്ലെന്നു ഇവിടെ വിവക്ഷിക്കുന്നില്ല. കുർബാനകൾ ചൊല്ലിക്കാൻ ആളുകളുള്ളതുകൊണ്ട് ധനവാന്റെ സ്വർഗ്ഗപ്രവേശം സുഗമവും, താദൃശസഹായം ലഭിക്കാത്ത ദരിദ്രന്റെ സ്വർഗ്ഗപ്രവേശം ദുഷ്കരവുമാണെന്നുള്ള വാദം ശരിയല്ലെന്നേ ഇവിടെ വിവക്ഷയുള്ളൂ.

# ജിമ്മിന്റെ മഞ്ഞക്കടലാസ്

(സംഭവകഥ)

(ഫാദർ തോമസ് മൂത്തേടൻ എം എ ഡി. ഡി.)

"ഗുഡ് മോർണിങ്ങ് പാട്രിക്ക്." ന്യൂയോർക്കിലെ ഭുവനപ്രസിദ്ധമായ അഗതിമന്ദിരത്തിന്റെ ഡിറക്ടർ അന്തേവാസികളിലൊരാളെ അഭിവാദ്യം ചെയ്തു.

"ഗുഡ് മോർണിങ്ങ് ഫാദർ, പ്രഭാതസന്ദർശനത്തിനു് ഇറങ്ങിയതായിരിക്കുമല്ലോ."

"അതേ, ദിവസന്തോറും ഒമ്പതുമണിക്കു ഞാൻ സന്ദർശനമാരംഭിക്കും. പാട്രിക്കു് ഒന്നാമത്തെ നിരയിലുള്ള സ്റ്റാൻറിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതും അനന്തരം കുരിശിന്റെവഴി കഴിക്കുന്നതും ഞാൻ കണ്ടിട്ടുണ്ടു്."

"ഉവ്വു്, അച്ചോ."

"ശരി, പാട്രിക്കിനോടു് ഒരു കാര്യം ചോദിക്കണമെന്നു ഞാൻ പലപ്പോഴും വിചാരിച്ചിരുന്നു. എല്ലാ ദിവസവും വിശുദ്ധ കുർബാനയുടെ മുമ്പിൽ വായിച്ചുകൊണ്ടിരിക്കുന്ന ആ മഞ്ഞക്കടലാസു് എന്താണു്. വല്ലവരും എഴുതിത്തന്ന വല്ല പ്രാർത്ഥനയോ മറ്റോ ആണോ? എന്നെ ഏല്പിക്കുന്നപക്ഷം, ഞാൻ ഒരു പുതിയ കോപ്പി എഴുതിത്തരാം."

"അതല്ലാ അച്ചോ. സമയമുണ്ടെങ്കിൽ അതിന്റെ കഥ ഒരു ദിവസം പറയാം. അതു കേൾക്കാനുള്ളക്ഷമ അച്ചനുണ്ടെന്നു് എനിക്കറിയാം."

"ഞാൻ പതിനൊന്നു മണിക്കു തിരികെ വരും. ഒഴിവുണ്ടെങ്കിൽ, അപ്പോൾവന്നു് എന്റെ മണി അടിക്കൂ. നമുക്കു് അതിനെപ്പററി സംസാരിക്കാം."

അന്നു് പാററു് — അങ്ങനെയാണു പാട്രിക്കിനെ സാധാരണമായി വിളിച്ചിരുന്നതു് — ഫാദർ ഡിറക്ടരെ കാണാൻ പോയില്ല. നിർബന്ധബുദ്ധിയായ ഡോക്ടർ കാററ്സിന്റെ സന്ദർശനദിനമായിരുന്നതുകൊണ്ടു് സ്ഥലംവിടാൻസാധിച്ചില്ല. പിറേറദിവസം പതിനൊന്നു മണിക്കു പാററുചെന്നു മണിയടിച്ചു.

"പാററു്, ആ കസേര നീക്കിയിട്ടു് ഇരിക്കൂ."

"അച്ചോ, കസേര എന്നെപ്പോലെയുള്ളവക്കു് ഇരിക്കാനുള്ളതല്ല. ഞാൻ നിന്നുകൊള്ളാം."

"ഇരിക്കൂ, പാട്രിക്കു്."

അനന്തരം, ഫാദർ ഡിറക്ടർ ഒരു പുകയിലക്കെട്ടു് എടുത്തു അഴിക്കുവാൻതുടങ്ങി. ഒരു ചുരുട്ടു കത്തിച്ചു പുക മൂക്കിൽക്കൂടെ പുറത്തുവിട്ടു. വായിൽ ചുരുട്ടുവച്ചു് കെട്ടു് അഴിക്കുവാൻ ബുദ്ധിമുട്ടുന്നതു കണ്ടിട്ടു പാററു പറഞ്ഞു:

"അച്ചോ, എനിക്കു ചെയ്യാവുന്നതു വല്ലതുമുണ്ടോ?"

"ഉവ്വു്. ആ ചുരുട്ടുകെട്ടു് എടുത്തുകൊള്ളൂ. വിൻസെൻറു ഡി പോൾ സംഘക്കാർ അയച്ചുതന്നതാണു്."

"പള്ളിയുടെ സഹായം വാങ്ങിക്കാതെ പള്ളിക്കു വല്ലതും കൊടുക്കാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ."

"പാററു്, ആ മഞ്ഞക്കടലാസു കൈയിലുണ്ടോ?"

"ഉവ്വു്, അച്ചോ. രാത്രിയുംപകലും എന്റെ ഹൃദയത്തോടു് ഏററവും അടുത്തുള്ള ഒരു കീശയിൽ ഇട്ടു വച്ചിരിക്കുകയാണു്."

"അതു് ഒന്നു കാണാമോ?"

"അച്ചോ, ആ മുഷിഞ്ഞ കടലാസു് ഒരു സെമിനാരി വിദ്യാർത്ഥിയുടേതാണു്. ജൂൺമാസത്തിൽ അയാൾ അച്ചനാകും. എന്റെ ഒരു സ്നേഹിതന്റെ മകനാണു് അയാൾ. പതിനെട്ടുകൊല്ലം ആ സ്നേഹിതന്റെകൂടെ ഞാൻ വസിച്ചു. അവരുടെ അഞ്ചുമക്കളേയും താരിരം പാഠി ഉാക്കുന്നതിനു ഞാനും സഹായിച്ചിട്ടുള്ളതാണു്. മൂത്തമകൻ ജിം എന്റെ ഒരു പ്രത്യേക സ്നേഹിതനായിരുന്നു. അങ്ങനെയിരിക്കെ, ജിമ്മിന്റെ പിതാവും ഞാനും തെററി. അദ്ദേഹം എന്നെ വീട്ടിൽനിന്നു പുറത്തിറക്കിവിട്ടു. ഞാൻ അടുത്തുതന്നേ വേറൊരു വീട്ടിൽ താമസമുറപ്പിച്ചു കിട്ടിയിരുന്ന ശമ്പളത്തിൽ ഒരു നല്ലഭാഗം വാർദ്ധക്യകാലത്തേക്കായി ഒരു ബാങ്കിൽ നിക്ഷേപിച്ചുകൊണ്ടിരുന്നു. ദിവസംതോറും വി. സ്റ്റീഫന്റെ ദേവാലയത്തിൽ പോയി ഞാൻ കർബാനകാണും; കുരിശിന്റെ വഴികഴിക്കുകയും ചെയ്യും. ഒരു ദിവസം അസാധാരണമായ തീക്ഷ്ണതയോടുകൂടെ കണ്ണുകൾസക്രാരിയുടെനേക്കുതന്നേ തിരിച്ചു ജിം പ്രാർത്ഥിക്കുന്നതു ഞാൻകണ്ടു. പള്ളിയിൽ നിന്നു പുറത്തിറങ്ങിവന്നപ്പോൾ അവൻ ഒരു കമ്പിത്തൂണിന്മേൽ ചാരിനിന്നു വായിക്കുന്നതും ചകോരത്തിന്റെ കണ്ണുപോലെ അവന്റെ കണ്ണുകൾ ചുമന്നിരിക്കുന്നതും ഞാൻ ദർശിച്ചു. അപ്പോൾ അവനോടു്:

"എന്താ കുഞ്ഞേ, കരയുകയാണോ? കാര്യമെന്താ?"

"ഇന്നു ഞങ്ങളുടെ പ്രാഥമികപഠനം അവസാനിച്ചിരിക്കയാണു്. അപ്പൻ പറയുന്നു വല്ല ജോലിക്കും പോയി കുടുംബം സംരക്ഷിപ്പാൻ. എനിക്കു കൂട്ടുകാരോടുകൂടെ പട്ടത്തിനുപോകാനാണു താല്പര്യം. എന്നാൽ അതിനുള്ള മാർഗ്ഗമൊന്നും കാണുന്നില്ല."

"ശരി, അങ്ങനെ നീ ഒരിക്കൽ എഴുതിയതു ഞാൻ ഓർക്കുന്നുണ്ടു്. ആ കടലാസു് ഇപ്പോഴും എന്റെ കീശയിൽത്തന്നേ ഇരിക്കുന്നു. ആ മഞ്ഞക്കടലാസു്!



"എല്ലാ ദിവസവും വിശുദ്ധകുർബാനയുടെ മുമ്പിൽ വായിച്ചുകൊണ്ടിരിക്കുന്ന ആ മഞ്ഞക്കടലാസു് എന്താണു്?"

ദൈവത്തിന്റെ തിരുവിഷ്ടം നിറവേറട്ടെ."

അതിനുശേഷം ഞാൻ ജിമ്മിനെ കണ്ടു സംസാരിച്ചിട്ടില്ല. ഞാൻ ഉടനെ പോയി എനിക്കു ബാങ്കിലുണ്ടായിരുന്ന രണ്ടായിരം ഡോളറിന്റെ ഒരു ചെക്കുവാങ്ങി ജിംറൂർക്കിന്റെ വീട്ടിലേക്കു പോയി ജിമ്മും അമ്മയും നില്ക്കുമ്പോൾ അവരുടെ മുമ്പിൽവച്ചുകൊണ്ടു ഒരക്ഷരംപോലും പറയാതെ ധൃതിയിൽ സ്ഥലംവിട്ടു. ഉടൻതന്നേ മുനിസിപ്പൽ ആപ്പീസിൽച്ചെന്നു പാപ്പരുപുള്ളി എന്നു പ്രഖ്യാപനം ചെയ്യുകയും ഈ അഗതിമന്ദിരത്തിലേക്കു പോരുകയും ചെയ്തു. അടുത്ത ജൂൺമാസത്തിൽ ഫാദർ ജിം നവപൂജസമർപ്പിക്കുമ്പോൾ വിശുദ്ധ സ്റ്റീഫന്റെ ദൈവാലയത്തിൽ പുറകിൽ ഒരിടത്തു് ഇരുന്നു വി. കർബാന കാണുവാനുദ്ദേശിക്കുന്നു. ഈ അഗതിമന്ദിരത്തിൽ ഇരുന്നു് ഒരു വൈദികന്റെ വിദ്യാഭ്യാസത്തിനു സഹായിക്കുവാൻ കഴിഞ്ഞതിൽ പരിശുദ്ധയമ്മയോടും വി. പാട്രിക്കിനോടും എനിക്കുള്ള കൃതജ്ഞത അപാരമാണു്."

"ഇവിടെവന്നതിനുശേഷം, ജിമ്മിന്റെ എഴുത്തുകൾ ഒന്നും കിട്ടാറില്ലേ?"

"ക്രിസ്തുസിനാകട്ടെ, ഉയിപ്പിനാകട്ടെ, വി. പാട്രിക്കിന്റെ തിരുനാളിനാകട്ടെ ഒരു കാർഡുപോലും കിട്ടാറില്ല. ഞാൻ എവിടെയാണെന്നു് അവനു് അറിഞ്ഞുകൂടാ. ഞാൻ എന്താണു ചെയ്തിട്ടുള്ളതെന്നും അവനു നിശ്ചയമില്ല. കുട്ടിക്കാലത്തു പട്ടത്തിനു പഠിക്കുവാനുള്ള ആഗ്രഹം പ്രകാശിപ്പിച്ചു് എനിക്കു് ഒരിക്കൽ എഴുതിയ കത്തു് വി. കർബാനയുടെ മുമ്പിൽവച്ചു ഞാൻ വായിക്കും. അവൻ ഒരു അച്ചനായി കാണുവാനുള്ള ആഗ്രഹം ഞാൻ ദിവസംപ്രതി കർത്താവിനെ അറിയിക്കുകയും ചെയ്യും. ഞാൻ ചെയ്തകാര്യം ഓർക്കുമ്പോൾ ഇന്നും എനിക്കു സന്തോഷമല്ലാതെ സങ്കടമൊട്ടുമില്ല. ഒരു മാസം കഴിയുമ്പോൾ ഫാദർ ജിം എന്റെ അച്ചനായിത്തീരുമല്ലോ."

"പാററിനു് ഇത്രവലിയ ഒരു ഭാഗ്യം ഇത്രവേഗമുണ്ടാകുമെന്നുള്ളതു തന്നെയാണു് എന്റെയും ആനന്ദം" എന്നു ഫാദർ ഡിറക്ടർ മറുപടിപറഞ്ഞു.

"ജിം റൂർക്കു് എവിടെയാണെന്നു് എനിക്കു് അറിയാമായിരുന്നു; എന്നാൽ ഞാൻ എവിടെയാണെന്നു് അവനു നിശ്ചയമുണ്ടായിരുന്നില്ല. എങ്ങനെയാണു സെമിനാരിയിൽ ചേരുവാനുള്ള പണം കിട്ടിയതെന്നും അവനു അറിവുണ്ടായിരിക്കയില്ലെന്നു തോന്നുന്നു. അവന്റെ കൂട്ടുകാർ ഇതൊന്നും അറിയേണ്ട എന്നു കരുതി ഞാനും ജിമ്മിനു് എഴുതിയില്ല."

"എന്നാൽ താങ്കളുടെ സഹായം കൊണ്ടാണു ജിമ്മിനു പഠിക്കുവാൻ കഴിഞ്ഞതെന്നു് അവനു് ഊഹിക്കുവാൻ ന്യായമുണ്ടായിരുന്നല്ലോ. എന്നിട്ടും താങ്കൾക്കു് എഴുതാഞ്ഞതെന്താണു്?"

"എന്റെ പണമാണു ചെക്കുവഴി നല്കപ്പെട്ടതെന്നു് അവനു മനസ്സിലായില്ലായിരിക്കും, അല്ലെങ്കിൽ ഞാൻ എവിടെപ്പോയെന്നു് അവൻ അറിഞ്ഞുകാണുകയില്ല."

"ശരി, ഫാദർ ജിം നമ്മുടെ പള്ളിയിൽത്തന്നേ ആദ്യകുർബാന ചൊല്ലും. പാററിനു് ഒന്നാം സ്ഥാനം തന്നെ തന്നേക്കാം."

ജൂൺമാസം വന്നു. പത്രോസു് പൗലോസു ശ്ലീഹന്മാരുടെ തിരുനാൾ ദിവസമാണു് ഫാദർ ജിമ്മിന്റെ പട്ടമെന്നു "കാത്തലിക്കു് ന്യൂസു്" എന്ന പത്രത്തിൽനിന്നു പാട്രിക്കു മനസ്സിലാക്കി. പാററു് ആ പത്രം കൊണ്ടുവന്നു ഫാദർ ഡിറക്ടറെ കാണിച്ചു. അന്നുതന്നേ ഫാദർ ജിമ്മിന്റെ ഒരു ഫോൺ കോൾ:

"ഹല്ലോ. അഗതിമന്ദിരമാണോ അതു്?"

അതേ.

"പാട്രിക്കു സിയേഴ്സ് എന്നു പേരായ ഒരാൾ അവിടെയുണ്ടോ? അദ്ദേഹത്തെ കാണാതെ കുറെ കൊല്ലമായി ഞാനും എന്റെ അപ്പനും അന്വേഷിച്ചു നടക്കുകയാണു്. കഴിഞ്ഞ ആഴ്ചയിൽ, അപ്പൻ അഗതിമന്ദിരത്തിലെ ഒരു നിവാസിയെ യാദൃച്ഛികമായി കാണാനിടയായി. അയാളുടെ പേരും പാട്രിക്കു സിയേഴ്സ് എന്നായിരുന്നു. അഗതിമന്ദിരത്തിൽ അതേപേരോടുകൂടി വേറൊരാളുംകൂടി ഉണ്ടെന്നു് അയാൾ പറഞ്ഞു. അയാൾ ഐറിഷുകാരനാണോ? കാഴ്ചക്കു വല്ല കുറവോ, കാലിനു വല്ല മുടന്തോ, ചൊറിയോ ചിരങ്ങോ മററോ ഉണ്ടോ? ഞങ്ങൾ ഉദ്ദേശിക്കുന്ന ആളുടെ കൈയിൽ കുറേ പണം ഉണ്ടായിരുന്ന സ്ഥിതിക്കു് അവിടെ ഉണ്ടാകാനിടയില്ല. എങ്കിലും വിവരങ്ങൾ അറിയുവാൻ വളരെ ആഗ്രഹമുണ്ടു്."

"ഇവിടെ പാട്രിക്കു സിയേഴ്സ് എന്ന പേരിൽ രണ്ടു പേരുണ്ടു്. നിങ്ങൾ അന്വേഷിക്കുന്ന ആളുണ്ടോ എന്നു് അറിയുവാൻ ഇന്നു തന്നേ സൗകര്യംപോലെ ഇങ്ങോട്ടു് ഒന്നു വരിക."

ഫോൺ സംഭാഷണം കഴിഞ്ഞു അധികം താമസിയാതെ, ഫാദർ ജിം അഗതിമന്ദിരത്തിലെത്തി. നവവൈദികൻ പാററിനെ സമീപിച്ചയുടനെ, പാററു മുട്ടുകുത്തി ആശീർവ്വാദം ചോദിച്ചു. ഫാദർ ഡിറക്ടരും മുട്ടുകുത്തി. ഉടനെ പാററു പറയുകയാണു് അച്ചനെ ആദ്യം ആശീർവ്വദിക്കുകയെന്നു്. ഫാദർ ഡിറക്ടർ അതു അനുവദിച്ചില്ല. പാററു തന്നെത്തന്നെ ബലിചെയ്തു ഫാദർ ജിമ്മിനുവേണ്ടി. ഒന്നാമത്തെ ആശീർവ്വാദം എനിക്കോ, ഫാദർ ജിമ്മിന്റെ മാതാപിതാക്കന്മാർക്കോ അല്ല നല്കേണ്ടതു്, പാററിനു തന്നെയാണു് എന്നു പറഞ്ഞുകൊണ്ടു് ഫാദർ ഡിറക്ടർ തൽക്കാലം സ്ഥലം വിട്ടു. കുറച്ചുകഴിഞ്ഞു് അദ്ദേഹം തിരിച്ചുവന്നപ്പോൾ, പാട്രിക്കു് ഒരു കസേരയിൽ ഇരിക്കുന്നതും ഫാദർ ജിം അരികെ മുട്ടുകുത്തി പാററിന്റെ തോളിൽ കൈയിട്ടുനില്ക്കുന്നതുമാണു ദർശിച്ചതു്. ഫാദർ ഡിറക്ടരെ കണ്ടയുടനെ നവവൈദികൻ ഇപ്രകാരം പറഞ്ഞു: "പാററു രഹസ്യമെല്ലാം എന്നെ അറിയിച്ചു. കൃതജ്ഞതാഭാരംകൊണ്ടു് എന്റെ ശിരസ്സു് ഉയരുന്നില്ല. എന്റെ കൂട്ടുകാർക്കാർക്കും ഇതുപോലെ ഒരനുഭവം ഉണ്ടായിരിക്കാനിടയില്ല. ഞാൻ ഇതികർത്തവ്യതാമൂഢനായിരിക്കുന്നു."

പാററിന്റെ ശിരസ്സു താണുപോയി. ഒന്നു രണ്ടു കണ്ണുനീർമുത്തു് അടർന്നുവീണു. പരിശുദ്ധയമ്മക്കു് ഒരു വൈദികനെ നൽകാൻ കഴിഞ്ഞതിലുള്ള സന്തോഷംകൊണ്ടു പൊഴിഞ്ഞ അശ്രുകണങ്ങളായിരുന്നു അവ. ഡിറക്ടർ അച്ചനു് എന്തോ പറയുവാനുള്ളതുകൊണ്ടു തൽക്കാലം താൻ പോകയാണെന്നു പറഞ്ഞു പാററു് സഹസഹോദരരുടെ കൂട്ടത്തിൽച്ചേർന്നു.

"ഫാദർ ജിം, പാററു തന്റെ കഥമുഴുവനും പറഞ്ഞു കേൾപ്പിച്ചുവോ? സെമിനാരിയിലേക്കു പോകണമെന്നു് ആഗ്രഹം കാണിച്ചുകൊണ്ടു് എഴുതിയ കത്തിന്റെ കാര്യം ഓർക്കുന്നുണ്ടോ? മനോഹരമായ എന്തെങ്കിലും ആശയങ്ങൾ അതിൽ ഉണ്ടായിരുന്നിരിക്കണം. പഴക്കംകൊണ്ടു മഞ്ഞവർണ്ണമായിത്തീർന്ന ആ എഴുത്തു സൂക്ഷിച്ചു വി. കുർബാനയുടെമുമ്പിൽവച്ചു് അനുദിനം വായിക്കാറുണ്ടു്."

"ഞാൻ അച്ചനാകുവാൻ എന്റെ മാതാപിതാക്കന്മാരെക്കാൾ കൂടുതൽ എന്നെ സഹായിച്ചതു് പാററാണെന്നു് എനിക്കു് ഒരു സന്ദേഹവുമില്ല. എങ്ങനെയാണു് അതിനു കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതെന്നു് അറിഞ്ഞുകൂടാ."

"നവപൂജ കഴിഞ്ഞു ഇവിടെവന്നു പാററിനുവേണ്ടി ദിവ്യപൂജ സമർപ്പിക്കാമോ?"

"നിശ്ചയമായും. പാററിനോടു കാണിക്കാവുന്ന ഏററവും ഉത്കൃഷ്ടമായ കൃതജ്ഞതയായിരിക്കും അതു്. എന്റെ മാതാപിതാക്കന്മാരെക്കൂടെ ഇങ്ങോട്ടു ക്ഷണിച്ചുകളയാം. പണ്ടു പാററും അവരും തമ്മിലുണ്ടായ പിണക്കം കഴിഞ്ഞിട്ടു് അവർ ഇതുവരെ സംസാരിച്ചിട്ടില്ല. തിങ്കളാഴ്ച കാലത്തു് അവർതമ്മിൽ കാണുമ്പോൾ പിണക്കമെല്ലാം തീരുമെന്നാണു് എന്റെ ബോധ്യം."

തിങ്കളാഴ്ച പ്രഭാതം. ഗ്രീഷ്മകാലത്തേ പ്രകാശമാനമായ സൂര്യൻ ഉദിച്ചുയർന്നതോടുകൂടെ അഗതിമന്ദിരത്തിലേ അന്തരീക്ഷവും ആനന്ദമുഖരിതമായി. പാററു പതിവുപോലെ പള്ളിയിൽ ഒന്നാം സ്ഥാനത്തു മുട്ടുകുത്തിയിട്ടുണ്ടു്. ഫാദർ ജിം നവവൈദികർക്കു സഹജമായ ഭക്തിരസത്തോടെ ദിവ്യപൂജ സമർപ്പിച്ചു. എല്ലാ കണ്ണുകളും യുവകാർമ്മികനിലേക്കുതന്നേ തിരിഞ്ഞിരുന്നു. പാററിന്റെ ജീവിതം സാഫല്യമണഞ്ഞു. കുർബാനയിൽ പാററുതന്നേ ആദ്യം ദിവ്യകാരുണ്യം സ്വീകരിച്ചു. അനന്തരം അഗതിമന്ദിരത്തിലേ അംഗങ്ങളെല്ലാവരുംതന്നേ ദിവ്യകാരുണ്യം ഉൾക്കൊണ്ടു. വിശുദ്ധ കുർബാന കഴിഞ്ഞു് ഓരോ അഗതിക്കും വെവ്വേറെ ആശീർവ്വാദം നൽകി. പാററിനുതന്നെയാണു് ആദ്യമായി ആശീർവ്വാദം നൽകിയതു്.

(ശേഷം ഒമ്പതാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

റൈറ്റ് റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

റൈറ്റ് റവ. മോൺ ജെ. സി പഞ്ഞിക്കാരൻ എം. എ, പി എച്ച്. ഡി., ഡി ഡി, ഡി. സി എൽ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol 22 | ERNAKULAM, JANUARY 12, 1949 | No 21


# ക്രിസ്തുമതസിദ്ധാന്തങ്ങളും വ്യക്തിസ്വാതന്ത്ര്യവും

അമേരിക്കൻ പ്രസിഡണ്ടായ മിസ്റ്റർ ട്രൂമൻ ഇക്കഴിഞ്ഞ ക്രിസ്മസിന്റെ തലേദിവസം അമേരിക്കൻ ജനതയോടായി ഒരു പ്രക്ഷേപണിപ്രസംഗം ചെയ്തു. ലോകസമാധാനത്തിനുവേണ്ടി താൻ തുടർന്നു പ്രവർത്തിക്കുന്നതാണെന്നു ഉറപ്പുപറയുകയും സമാധാനസംസ്ഥാപനത്തിനായി തങ്ങളെ പ്രാർത്ഥിക്കുവാൻ സകല ജനങ്ങളേയും ക്ഷണിക്കുകയും ചെയ്ത ആ പ്രസംഗത്തിന്റെ അവസാനഭാഗത്ത് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഒരു നേഷൻ എന്ന നിലയിൽ ഒന്നരശതാബ്ദത്തിലധികം ദീർഘിക്കുന്ന ഒരു ചരിത്രം നമുക്കുണ്ട്. എന്നാൽ മാലാഖമാരുടെ ഗീതാലാപത്താൽ പ്രഖ്യാപനം ചെയ്യപ്പെട്ടുകൊണ്ട് ലോകത്തിലേക്കു വന്ന മതം (ക്രിസ്തുമതം) 19 ശതാബ്ദങ്ങളായി നിലനിന്നുവരികയാണ്. അതു തുടർന്നു നിലനില്ക്കുകയും ചെയ്യും. സമാധാനത്തിന്റെ വിഷയത്തിൽ ലോകത്തിനുള്ള ഉത്തമമായ സുപ്രതീക്ഷയായി ഇന്നു സ്ഥിതിചെയ്യുന്നത് ഈ മതമാകുന്നു. എന്നാൽ സകലമനുഷ്യരും സഹോദരന്മാരാണെന്നുള്ള അതിന്റെ മൗലികസിദ്ധാന്തം ലോകം സ്വീകരിക്കേണ്ടിയിരിക്കുന്നു."

### സകല മനുഷ്യരും ക്രിസ്തുവിൽ സഹോദരന്മാർ

ക്രിസ്തുമതം മററു മഹാമതങ്ങളെപ്പോലെ ദൈവത്തിന്റെ പിതൃത്വത്തിൽ വിശ്വസിക്കുന്നുണ്ട്; അതിന്റെ ഫലമായി, സകല മനുഷ്യരും സഹോദരന്മാരാണെന്നും ക്രിസ്തുമതം വിശ്വസിക്കുന്നു. ദൈവത്തിന്റെ പിതൃത്വത്തേയും മനുഷ്യസാഹോദര്യത്തേയും കുറിച്ചുള്ള മഹാമതങ്ങളുടെ സാമാന്യമായ വിശ്വാസത്തെ ക്രിസ്തുമതത്തിന്റെ പ്രത്യേകസിദ്ധാന്തങ്ങൾ അനിതരസാധാരണമായ ഉന്നതപദവിയിലേക്ക് ഉയർത്തിവച്ചിരിക്കുന്നു. ക്രിസ്തുമതത്തിന്റെ മൗലികമായ പ്രത്യേകസിദ്ധാന്തമനുസരിച്ച്, ദൈവമേകം തുല്യമായി ഉൾക്കൊണ്ടിരിക്കുന്ന ഏത്രയും പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളിൽ രണ്ടാമത്തെ ആളായ പുത്രൻ ആണ് ക്രിസ്തു. അനാദിമുതൽക്കുള്ള ദൈവസ്വഭാവത്തിനു പുറമെ, കാലത്തിന്റെ പൂർണ്ണതയിൽ പരിശുദ്ധകന്യകമറിയത്തിൽനിന്നു സ്വീകരിച്ച മനുഷ്യസ്വഭാവവും ക്രിസ്തുവിനുണ്ട്. സ്വതവേ ദൈവപുത്രനായ അവിടുന്നു മനുഷ്യസ്വഭാവം സ്വീകരിച്ചതു്, ദൈവത്തിന്റെ സൃഷ്ടികളെന്നനിലയിൽ സ്വതവേ ദൈവദാസന്മാർ മാത്രമായ മനുഷ്യമക്കളെയെല്ലാം വിശ്വാസത്താലും സ്നേഹത്താലും തന്നോടു യോജിപ്പിച്ചു ദൈവപുത്രന്മാരും തന്റെ സഹോദരന്മാരുമായി ഉയർത്തുവാൻ വേണ്ടിയാണ്. തന്നിൽ വിശ്വസിക്കയും തന്നെ സ്നേഹിക്കുകയും ചെയ്ത ശിഷ്യന്മാരോടു് ക്രിസ്തു അരുളിച്ചെയ്തു: "ഞാൻ നിങ്ങളെ ദാസന്മാരെന്നല്ല, പ്രത്യുത സ്നേഹിതന്മാരെന്നു വിളിക്കും." പൗലോസ് ശ്ലീഹാ ഗലാത്തിയക്കാരായ ക്രിസ്ത്യാനികളോടു പറഞ്ഞു, "നിങ്ങൾ ഇനിമേൽ (ദൈവത്തിന്റെ) ദാസന്മാരല്ല, പ്രത്യുത പുത്രന്മാരാണ്" എന്ന്. പുത്രന്മാരാക്കപ്പെട്ടവരിനാൽ "യഹൂദനെന്നോ പുറജാതിയെന്നോ, സ്വതന്ത്രനെന്നോ അടിമയെന്നോ" ഉള്ള വ്യത്യാസം അവരിലില്ലെന്നും അവരെല്ലാം "ക്രിസ്തുവിൽ ഒരേ ആൾ" ആണെന്നും ശ്ലീഹാ അവരെ ഉദ്ബോധിപ്പിച്ചു.

ഓരോ മനുഷ്യവ്യക്തിയും ഇപ്രകാരം ദൈവപുത്രസ്ഥാനത്തേക്കും ക്രിസ്തുസഹോദരസ്ഥാനത്തേക്കും ഉയർത്തപ്പെട്ടിരിക്കുകയോ ഉയർത്തപ്പെടാനുദ്ദേശിക്കപ്പെട്ടിരിക്കുകയോ ആണെന്നു വിശ്വസിക്കുന്ന ക്രിസ്തുമതത്തിന്റെ ദൃഷ്ടിയിൽ മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തിനുള്ള സ്ഥാനമെന്താണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഏതുമനുഷ്യവ്യക്തിക്കും ഇത്രവലരെ മാഹാത്മ്യമുണ്ടെന്നു സർവ്വത്ര സകലരാലും തത്വത്തിലും പ്രയോഗത്തിലും സമ്മതിക്കപ്പെടുന്നപക്ഷം ലോകസമാധാനം സുസ്ഥിരമാകാതിരിക്കുകയില്ല. തന്മൂലം പ്രസിഡണ്ട് ട്രൂമന്റെ പ്രസ്താവം അക്ഷരംപ്രതി ശരിയായിരിക്കുന്നു. ക്രിസ്തുമതമാണ് ലോകസമാധാനത്തിന്റെ വിഷയത്തിൽ ഉത്തമമായ സുപ്രതീക്ഷയ്ക്കുനിദാനമായിരിക്കുന്നതു്.

### വ്യക്തിമാഹാത്മ്യത്തെപ്പററി തത്വശാസ്ത്രകാരന്മാർ

ക്രിസ്തുമതത്തിന്റെ മൗലികസിദ്ധാന്തങ്ങൾ മനുഷ്യബുദ്ധിയുടെ പ്രയോഗത്താൽ മാത്രം കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതല്ല; പ്രത്യുത ദൈവത്തിന്റെ വെളിപാടുമുഖേന മനുഷ്യബുദ്ധി അറിഞ്ഞിട്ടുള്ളതാണ്. ദൈവം വെളിപ്പെടുത്തിയിട്ടുള്ളതാണെന്നു് അനിഷേദ്ധ്യങ്ങളായ ന്യായങ്ങളാൽ തെളിയുന്നതുകൊണ്ടു് മനുഷ്യബുദ്ധിക്കു പ്രസ്തുതസിദ്ധാന്തങ്ങളിലുള്ള വിശ്വാസം യുക്തിയുക്തമായിരിക്കുന്നു. എന്നാൽ ഓരോ മനുഷ്യവ്യക്തിയേയും മേൽപ്രകാരം ഉയർത്തുവാൻ ദൈവം തിരുമനസ്സാകത്തക്കവണ്ണം, അവർക്കു സ്വതവേയുള്ള മാഹാത്മ്യമെന്തെന്നു കണ്ടുപിടിക്കുവാൻ സ്വന്തം ശ്രമത്താൽ മാത്രം മനുഷ്യബുദ്ധിക്കു കഴിയും. മനുഷ്യബുദ്ധി അതു കണ്ടുപിടിച്ചിട്ടുമുണ്ട്. ഈ കണ്ടുപിടുത്തത്തിൽ വ്യാപരിക്കുന്ന ശാസ്ത്രവകുപ്പാണ് തത്വശാസ്ത്രം (ഫിലാസഫി). ശരിയായ തത്വശാസ്ത്രമനുസരിച്ച് മനുഷ്യൻ കേവലം ഒരു വസ്തു (thing) അല്ല, പ്രത്യുത ആൾ (person) ആണ്. ഈ പുരുഷാത്മകത്വമാണ് മനുഷ്യനെ ദൃശ്യങ്ങളായ ഇതരജീവികളിൽനിന്നു് ഉൽകൃഷ്ടമായവിധത്തിൽ വേർതിരിച്ചിരിക്കുന്നതു്. ഇന്ത്യൻ തത്വശാസ്ത്രകോൺഗ്രസ്സിന്റെ 23-ാമതു സമ്മേളനം ഇക്കഴിഞ്ഞ ഡിസംബർ 27-ാംനു ബോംബെയിൽവച്ചു നടക്കുകയുണ്ടായി. അതിൽ അദ്ധ്യക്ഷത വഹിച്ച ബനാറിസ് ഹിന്ദു സർവ്വകലാശാലയിലെ ഡോക്ടർ എസ്. കെ. മെയിത്ര മനുഷ്യവ്യക്തിയുടെ പുരുഷാത്മകത്വത്തെപ്പററി പറഞ്ഞ വാക്കുകൾ ശ്രദ്ധാർഹങ്ങളാണ്.

"സ്വതന്ത്രഭാരതത്തിലെ തത്വശാസ്ത്രം സാധാരണമനുഷ്യനെ പുനർജ്ജീവിപ്പിക്കണം; എന്നാലതു് റഷ്യൻ പ്ലാൻ അനുസരിച്ചായിരിക്കരുതു്. ആ പ്ലാൻ അവനിൽനിന്നു് അമൂല്യങ്ങളായ രണ്ടു നിക്ഷേപങ്ങളെ, അതായതു് സ്വാതന്ത്ര്യത്തേയും മതത്തേയും, അപഹരിച്ചുകളയുന്നു. സാധാരണമനുഷ്യനെ പുനർജ്ജീവിപ്പിക്കേണ്ടതു് ഇക്കഴിഞ്ഞ ഏതാനും നൂററാണ്ടുകളിലെ ശാസ്ത്രീയനാഗരികതയിൽ അവനു നഷ്ടപ്പെട്ടുപോയ മൂല്യത്തെ അവനു തിരികെകൊടുത്തുകൊണ്ടാണ്. സർവ്വോപരി ആവശ്യമായിരിക്കുന്നതു്, ഇക്കാലത്തു സർവ്വപ്രധാനമായി ഗണിക്കപ്പെട്ടിരിക്കുന്ന വ്യവസായനാഗരികത മിക്കവാറും നശിപ്പിച്ചിരിക്കുന്ന പുരുഷാത്മകത്വമാകുന്ന മൂല്യം തിരികെകൊടുക്കുകയാണ്. സാധാരണമനുഷ്യനു നാം നൽകേണ്ട പ്രധാനമായ ദാനം പുരുഷാത്മകത്വത്തിന്റെ ദാനമായിരിക്കണം. സ്വതന്ത്രഭാരതത്തിന്റെ തത്വശാസ്ത്രത്തിനു ചെയ്യാവുന്ന ഏററവും വലിയ സേവനം നമ്മുടെ മാനുഷികമായ ബോധത്തിൽ മൗലികമായ ഒരു മാനസികപരിവർത്തനം വരുത്തുകയാണ്. അതു ചെയ്യാത്തപക്ഷം മനുഷ്യന്റെ ബാഹ്യമായ പരിസ്ഥിതികളെ നന്നാക്കുവാനുള്ള നമ്മുടെ സകല ശ്രമങ്ങളും ഫലശൂന്യങ്ങളായിരിക്കും."

ഡോക്ടർ മെയിത്രയുടെ ഈ വാക്കുകളിൽ റഷ്യൻ പ്ലാൻ അനുസരിച്ചല്ല സാധാരണമനുഷ്യനെ പുനർജ്ജീവിപ്പിക്കേണ്ടതെന്നു പറഞ്ഞതു് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. റഷ്യയിൽ സാധാരണമനുഷ്യനു സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നു്, അവിടെ ചെന്നു് അവിടത്തെ സ്ഥിതിഗതികൾ നല്ലവണ്ണം കണ്ടറിഞ്ഞിട്ടുള്ള റഷ്യൻ പ്രണയികൾ തന്നെ പരസ്യമായി പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ഉദാഹരണമായി ഇംഗ്ലണ്ടിലെ ലേബർ പാർട്ടി എക്സിക്യൂട്ടീവ് കമ്മിററിയുടെ പ്രസിഡണ്ടായിരുന്ന പ്രൊഫസർ ലാസ്കി ഒരു പ്രതിനിധിസംഘത്തിന്റെ നേതൃത്വം വഹിച്ച് ഏതാനും കൊല്ലങ്ങൾക്കുമുൻപു് റഷ്യയിൽ പോയി മടങ്ങിവന്നതിനു ശേഷം മദ്രാസിലെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ എഴുതിയ ലേഖനത്തിൽ റഷ്യയിൽ വ്യക്തിസ്വാതന്ത്ര്യം നിശ്ശേഷം നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നു പ്രസ്താവിച്ചിരുന്നു. ഇതിനുകാരണം റഷ്യയിൽ ഭരണം നടത്തുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി മനുഷ്യപ്രകൃതിയെക്കുറിച്ചു സ്വീകരിച്ചിട്ടുള്ള അബദ്ധസിദ്ധാന്തമാണ്. മനുഷ്യൻ ഭൗതാത്മകമായ ശരീരത്തോടുകൂടിയ ജീവിമാത്രമാണെന്നും, ആ നിലയിൽ മനുഷ്യവ്യക്തികളെ മൃഗവ്യക്തികളുടെ ഏറെക്കുറെ പരിഷ്കരിച്ച പതിപ്പുകളായി ഗണിച്ചാൽ മതിയെന്നുമാണു കമ്മ്യൂണിസ്റ്റ് സിദ്ധാന്തം. മൃഗങ്ങൾക്കു ജന്മനാ യാതൊരവകാശവുമില്ലെന്നും അവയ്ക്കുള്ള സ്വാതന്ത്ര്യം മനുഷ്യൻ കൊടുക്കുന്നേടത്തോളമേ ഉള്ളുവെന്നും നമുക്കറിയാമല്ലോ. ഏതാണ്ടിതുപോലെ മനുഷ്യവ്യക്തികൾക്കു ജന്മനാ യാതൊരവകാശവുമില്ലെന്നും രാഷ്ട്രമാണ് അവർക്കു സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നതെന്നും കമ്മ്യൂണിസം പഠിക്കുന്നു. ഇതിനുള്ള അനിഷേദ്ധ്യമായ ഒരു തെളിവു് യു. എൻ. ഒ യിലെ റഷ്യൻ പ്രതിനിധി ഈയിടെ നൽകുകയുണ്ടായി.

### വ്യക്തിമാഹാത്മ്യത്തെ റഷ്യൻ പ്രതിനിധി നിഷേധിക്കുന്നു

യു എൻ. ഒ. എന്ന ഐക്യരാഷ്ട്രസംഘടന മനുഷ്യവ്യക്തിയുടെ അവകാശങ്ങളെ നിർണ്ണയിച്ചുകൊണ്ടു് ഒരു പ്രമാണപത്രിക രചിക്കുവാൻ ഒരു പ്രത്യേക സമിതിയെ നിയമിച്ചിട്ടുണ്ട്. അവർ രണ്ടുമൂന്നു കൊല്ലമായി സമ്മേളനങ്ങൾകൂടി ചർച്ചകൾ നടത്തിവരികയാണ്. കുറെമുമ്പു് പാരീസിൽ ഈ സമിതി സമ്മേളിച്ചപ്പോൾ മനുഷ്യാവകാശങ്ങളെ പ്രമേയങ്ങളുടെ രൂപത്തിൽ ക്രോഡീകരിക്കുകയും ആ പ്രമേയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. പ്രമേയങ്ങൾക്കു പ്രാരംഭമായി ചേർത്തിരുന്ന വാക്യം ഇങ്ങനെയായിരുന്നു: "മനുഷ്യർ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്." ഈ വാക്യത്തെ റഷ്യൻ പ്രതിനിധിയായ പ്രൊഫസർ പാവ്ലോവ് എതിർത്തു. "മനുഷ്യൻ ദൈവത്തിന്റെ ഛായയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന അഭിപ്രായം എന്റെ രാജ്യത്തിൽ വലിയ തർക്കവിഷയമായിരിക്കുന്നു. മാത്രമല്ല, ഏതോ സാമുദായികമായ പിടിവാശിയെ സൂചിപ്പിക്കുന്നതായി ഈ അഭിപ്രായം ചിലപ്പോൾ പരിഗണിക്കപ്പെടുകപോലും ചെയ്യുന്നുണ്ട്" എന്നാണ് അദ്ദേഹം പ്രസ്താവിച്ചതു്. സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട മനുഷ്യാവകാശപ്രമേയത്തിൽ ആദ്യത്തേതു് ഇങ്ങനെയായിരുന്നു: "സകല മനുഷ്യരും സ്വതന്ത്രരായും, അന്തസ്സിലും അവകാശങ്ങളിലും തുല്യരായും ജാതരാകുന്നു." ഈ പ്രമേയത്തെയും റഷ്യൻ പ്രതിനിധി എതിർത്തു. "അവകാശങ്ങൾക്കുള്ള സ്വാതന്ത്ര്യവും സമത്വവും ജനനത്തിൽ ഉൾക്കൊണ്ടിരിക്കുന്നില്ല, പ്രത്യുത സാമുദായികസംവിധാനത്തിന്റെ പ്രവർത്തനഫലമാണ്" എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഈ എതിർപ്പുകൾക്കു തക്കമറുപടി കൊളമ്പിയായിലെ പ്രതിനിധി ഡോക്ടർ മൊറേനോ നൽകി. "പുരോഗമനവാദമെന്നു് അവകാശപ്പെടുന്ന ചില ആദർശവാദങ്ങളുണ്ട്. എന്നാൽ അവ യഥാർത്ഥത്തിൽ മനുഷ്യനെ ഒരു പട്ടിയുടെ നിലയിലേക്കു താഴ്ത്തിവച്ചിരിക്കുകയാണു ചെയ്തിരിക്കുന്നതു്" എന്നായിരുന്നു ഈ മറുപടി.

മനുഷ്യവ്യക്തിയുടെ സകല അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും നിദാനമായിരിക്കുന്ന പുരുഷാത്മകമായ മഹാത്മ്യത്തെ ഈ വിധത്തിലാണ് റഷ്യയിലെ കമ്മ്യൂണിസ്റ്റ് ഭരണാധികാരികൾ നശിപ്പിച്ചിരിക്കുന്നതു്. തന്മൂലം അവർ സാധാരണമനുഷ്യന്റെ ജന്മസിദ്ധമായ സകല സ്വാതന്ത്ര്യങ്ങളും അവനിൽനിന്നു് അപഹരിച്ചിരിക്കുന്നതിൽ എന്താണാശ്ചര്യം? ക്രിസ്തീയ തത്വശാസ്ത്രം മനുഷ്യവ്യക്തിയുടെ പുരുഷാത്മകമായ മാഹാത്മ്യത്തെ വിളിച്ചുപറയുന്നു. ക്രിസ്തീയ വേദശാസ്ത്രം മുകളിൽ വിവരിച്ചപോലെ ആ മാഹാത്മ്യത്തിനു മാററുകൂട്ടി മനുഷ്യവ്യക്തിയെ ദൈവപുത്രന്റെയും ക്രിസ്തുസഹോദരന്റെയും പദവിയിലേക്കു് ഉയർത്തിവച്ചിരിക്കുന്നു. ക്രിസ്മസ് തിരുനാളാഘോഷങ്ങളുടെ രാഷ്ട്രീയവും സാമുദായികവുമായ പ്രാധാന്യം ഈ വസ്തുതകളിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

## പ്രസക്തക്കുറിപ്പുകൾ

### സ്വാതന്ത്ര്യഭഞ്ജനമല്ലയോ?

തൃശ്ശൂർ സെൻറ് തോമസ് കോളജിലെ വിദ്യാർത്ഥികൾ ക്രിസ്തുമസ് വെക്കേഷനു മുമ്പു ആരംഭിച്ച പഠിപ്പുമുടക്കു വെക്കേഷനു ശേഷവും തുടരാൻ ശ്രമിച്ചെങ്കിലും കോളജധികൃതരും ഗവമെൻറും സ്വീകരിച്ച അവശ്യാവശ്യകവും അവസരോചിതവുമായ നടപടികൾ മൂലം, കോളജിലെ സ്ഥിതിഗതികൾ ശാന്തമായിരിക്കുന്നു. തൽഫലമായി, പഠനം തുടർന്നുകൊണ്ടുപോകാൻ ആഗ്രഹിക്കുന്ന ബഹുഭൂരിപക്ഷംവിദ്യാർത്ഥികൾക്കു് അതു സാധിതപ്രായമായി ഭവിക്കുകയും ചെയ്തിരിക്കുന്നു. കോളജ്ഗേറുകൾ മാർഗ്ഗതടസ്സം ചെയ്തിരുന്ന അവസരത്തിൽ വിദ്യാർത്ഥികൾക്കു അകത്തു പ്രവേശിക്കാൻ സാധിക്കാതെ വന്നുവെന്നും എന്നാൽ ആ തടസ്സം മാററപ്പെട്ടപ്പോൾ സമാധാനപ്രിയരും കർത്തവ്യനിരതരുമായ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ക്ലാസ്സിൽ ക്രമമായി ഹാജരായി പഠനമാരംഭിക്കയും ചെയ്തുവെന്നുമുള്ളതു ചിന്താശീലരെ കണ്ണുതുറപ്പിക്കേണ്ട ഒരുവസ്തുതയാണ്. പഠിപ്പുമുടക്കു പ്രസ്ഥാനത്തിനു നേതൃത്വം നല്കിയ വിദ്യാർത്ഥികളും അവർക്കു പിന്തുണ നല്കിയ രാഷ്ട്രീയനേതാക്കന്മാരും സ്വീകരിച്ച പരിപാടി അച്ചടക്കബോധത്തോടുകൂടി പഠനം നടത്തുന്നതിനു സന്നദ്ധരായിരുന്ന സാധു വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള അനധികൃതമായ ഒരു കയ്യേററമായിരുന്നു. സ്വാതന്ത്ര്യം, സ്വാതന്ത്ര്യം എന്നു മുറവിളികൂട്ടുന്നവർ ഹൃദയവിശാലരാണെങ്കിൽ തങ്ങൾ, അവകാശപ്പെടുന്ന സ്വാതന്ത്ര്യം മററുള്ളവർക്കും അനുവദിച്ചുകൊടുക്കേണ്ടതല്ലയോ?

### കണ്ടുപഠിക്കേണ്ടതെന്താണ്?

വിദ്യാർത്ഥികൾക്കു ന്യായമായി അവകാശപ്പെടാവുന്ന അദ്ധ്യയനസ്വാതന്ത്ര്യം അവർക്കു പ്രദാനം ചെയ്യുന്നതിനായി കോളജധികൃതരും ഗവമെൻറും സ്വീകരിച്ച നയത്തെ അപലപിക്കുന്ന ഒരു കൂട്ടരുണ്ട്. ദുർബലങ്ങളായ തങ്ങളുടെ വാദമുഖങ്ങളെ ശക്തിപ്പെടുത്തുന്നതിനായി വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതിനും അവർ മടിക്കുന്നില്ല. സ്ഥിതിഗതികളുടെ സത്യാവസ്ഥ അന്വേഷിച്ചറിയുകയും നിഷ്പക്ഷബുദ്ധ്യാ സംഗതികളെ നിരീക്ഷണം ചെയ്യുകയും ചെയ്യുകയാണെങ്കിൽ അവരുടെ വാദങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു കാണാം. ഏതൽസംബന്ധമായി ഒരു മാന്യസഹജീവി എഴുതിയിരിക്കുന്നതു ശ്രദ്ധേയമായിരിക്കുന്നു: "വിദ്യാർത്ഥികളല്ലാത്ത അക്രമപ്രസക്തരായ ഒരു കൂട്ടർ കോളജിനുചുറ്റി

ൽ കടന്നു ബെഞ്ചും ഡസ്കും തൂക്കി എറിയുകയും ഭീഷണിമുഴക്കുകയും മററും ചെയ്തപ്പോൾ കോളജധികൃതർ പോലീസിൻെറ സഹായം തേടിയതിനു അവരേയും, കോളജധികൃതർക്കു പോലീസു സഹായം നൽകിയതിനു ഗവമ്മെൻറിനേയും ചിലർ ആക്ഷേപിക്കുന്നതായി കാണുന്നുണ്ട്. വിദ്യാർത്ഥികളല്ലാത്ത ഒരു സംഘം ആളുകൾ കോളജ് സാമഗ്രികൾ നശിപ്പിക്കുകയും അക്രമത്തിനു ഒരുങ്ങുകയും ചെയ്യുമ്പോൾ കോളജധികൃതരും ഗവമ്മെൻറും അതു കണ്ടുരസിക്കണമെന്നായിരിക്കും ഇത്തരക്കാരുടെ അഭിപ്രായം."

## അടുത്തആഴ്ചയിൽ

ജനുവരി

16 ഞാ: ദെനഹ 2-ാം ഞാ. ഈശോ എന്ന തിരുനാമം

17 തി: മാഡിപൻ അന്തോനി

18 ചൊ: പത്രോസ് ശ്ലീഹായുടെ റോമാസിംഹാസനം

19 ബു: കനൂത്തോസ്

20 വ്യാ: ഫബിയാനോസും സെബസ്ത്യാനോസും

21 വെ: ആഗ്നസ്

22 ശ: അനസ്താസിയൂസ്

## കലണ്ടറുകൾ

ജോസ്കോ കെമിക്കൽസിലേയും ഐ. എസ്. പ്രസിലേയും മനോഹരമായ കലണ്ടറുകൾ അയച്ചുതന്നതുകൈപ്പററി നന്ദി പറയുന്നു.

## കൊച്ചിവാർത്തകൾ

### വിദ്യാർത്ഥിപ്രക്ഷോഭണം

ഡിററൻഷൻ പ്രശ്നം സംബന്ധിച്ച് തൃശ്ശൂർ സെന്തോമസ് കോളെജ് വിദ്യാർത്ഥികൾ ആരംഭിച്ച പഠിപ്പുമുടക്കം പിക്കററിംഗും അവസാനിച്ചിരിക്കുന്നു. കോളെജിനകത്തുപ്രവേശിച്ച് ബഹളമുണ്ടാക്കുന്നതിനായിട്ടു പരിശ്രമിച്ച ചില കമ്മ്യൂണിസ്റ്റ് നേതാക്കളെയും വിദ്യാർത്ഥികളേയും ഗവമ്മെൻറു അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ തൃശ്ശൂർ പട്ടണത്തിൽ പൊതുയോഗങ്ങളും ജാഥകളും നിരോധിച്ചുകൊണ്ടുള്ള 125 ാം വകുപ്പു നടപ്പിലാക്കിയിരിക്കുകയാണ്. ക്ലാസുകൾ നിർബാധം തുടർന്നുവരുന്നു. ഈ വിദ്യാർത്ഥിപ്രക്ഷോഭണം സംബന്ധിച്ച് ഗവമ്മെൻറ് പ്രസിദ്ധപ്പെടുത്തിയ പ്രസ്നോട്ടുകളിലൊന്നിൽ, രാഷ്ട്രീയ കാര്യങ്ങൾക്കായി ചൂഷണം ചെയ്യപ്പെടുവാനും ബലികഴിക്കപ്പെടുവാനും ഇടയാകത്തക്കവിധം തങ്ങളുടെ വിദ്യാർത്ഥികൾ വഴിപിഴച്ചുപോകുന്നതിനു വിധേയരാകാതിരിപ്പാൻ രക്ഷാകർത്താക്കൾ സൂക്ഷിക്കണമെന്നു ഉദ്ബോധിപ്പിച്ചിരിക്കുന്നു.

### പ്രജാമണ്ഡലം കോൺഗ്രസായി

നാട്ടുരാജ്യപ്രജാസമ്മേളനത്തിൻെറ നാട്ടുരാജ്യഘടകങ്ങളെ കോൺഗ്രസിൻെറ ഘടകങ്ങളായി അംഗീകരിക്കാൻ തീരുമാനിച്ചതിനെ തുടർന്ന് കൊച്ചി രാജ്യപ്രജാമണ്ഡലം കോൺഗ്രസായി മാറിയിരിക്കുന്നു.

### നിർത്തലാക്കുന്നു

കൊച്ചിയുടെ വിവിധഭാഗങ്ങളിൽ ബ്രാഹ്മണർക്കു സൗജന്യമായി ഭക്ഷണം കൊടുക്കുന്നതിനു സർക്കാർചെലവിൽ നടത്തിവരുന്നതും പ്രതിവർഷം ഒരു ലക്ഷം രു. യോളം ചെലവുവരുന്നതുമായ ഊട്ടുകൾ നിർത്തലാക്കുവാൻ ഗവമ്മെണ്ടു തീരുമാനിച്ചിരിക്കുന്നു.

### നിയമസഭാസമ്മേളനം

നിയമസഭയുടെ അടുത്ത സമ്മേളനം മകരം 25-ാംനു ആരംഭിച്ച് കുംഭം 31-ാംനു അവസാനിക്കുന്നതാണ്.

### സംയോജനത്തെ എതിർക്കുന്നു

കൊച്ചിയെ തിരുവിതാംകൂറുമായി സംയോജിപ്പിക്കുന്നതിനേയും മദ്രാസ് പ്രവിശ്യയിൽ ലയിപ്പിക്കുന്നതിനേയും ശക്തിയായി എതിർത്തുകൊണ്ട് കൊച്ചി നിയമസഭയിലെ സ്വതന്ത്രമെമ്പർമാരായ മെ. ഇയ്യു, അമ്പുക്കൻ, നടരാജൻചെട്ടിയാർ ചേലാമിരാവുത്തർ എന്നിവർ ചേർന്ന് ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. കൊച്ചിക്ക് ഇന്നത്തെനില തുടരുക അസാധ്യമെങ്കിൽ കേന്ദ്രനിയന്ത്രണത്തിലാക്കണമെന്നാണവരുടെ പക്ഷം.

## തിരുവിതാംകൂർ വാർത്തകൾ

### വെയിററിംഗ് ഷെഡ്ഡുകൾ

സ്റ്റേററ് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ പ്രധാനപ്പെട്ട മിക്ക ബസ്സ്റ്റേഷനുകളിലും വെയിററിംഗ് ഷെഡ്ഡുകൾ പണികഴിക്കുവാൻ ഗവമ്മെൻറു അനുവദിച്ചിരിക്കുന്നു. ഇതിനു പ്രാരംഭമായി ആലപ്പുഴ, അരൂർ, തിരുവല്ല, തക്കല, കൊട്ടാരക്കര, നെയ്യാററിങ്കര, പാലോട് എന്നീ സ്ഥലങ്ങളിൽ ഉടനെ പണി ആരംഭിക്കുന്നതാണ്.

### തമിഴ്നാടിനെ ഉൾപ്പെടുത്തരുത്

തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കുന്ന പക്ഷം തിരുവിതാംകൂർ തമിഴ്നാടിനെ അതിൽ ഉൾപ്പെടുത്തുന്നതു ശക്തിയായ എതിർപ്പിനു കാരണമാകുമെന്നു തമിഴ്നാട് കോൺഗ്രസ് പ്രസിഡണ്ടു പ്രസ്താവിച്ചിരിക്കുന്നു.

### അറസ്റ്റു ചെയ്തു

നിരോധിക്കപ്പെട്ട ആർ. എസ്. എസ്. റാലി നടത്തിക്കൊണ്ടിരുന്ന 8 യുവാക്കന്മാരെ ജനുവരി 7-ാംനു അറസ്റ്റ് ചെയ്തിരിക്കുന്നു.

### ശമ്പളം വർദ്ധിപ്പിക്കുന്നു

1948 ഡിസംബർ 15-ാംനു മുതൽ തിരുവിതാംകൂറിലെ പൊലീസ് കോൺസ്റ്റബിൾമാർക്ക് 2 രു. ശമ്പളവർദ്ധനവ് അനുവദിച്ചിരിക്കുന്നു.

### വിദ്യാർത്ഥി സഹോദരങ്ങളോട്

കോട്ടയം സി. എം. എസ്. കോളെജിലെ ഏതാനും വിദ്യാർത്ഥികൾ ചേർന്ന്, പ്രക്ഷോഭണത്തിലപ്പെട്ട തങ്ങളുടെ വിദ്യാർത്ഥി സഹോദരങ്ങളോടായി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ, വിദ്യാർത്ഥികളുടെ ബുദ്ധിശൂന്യമായ നടപടികൾ മൂലം ഭാരതത്തിനു വന്നുകൂടാവുന്ന ഭവിഷ്യത്തുകളെ ചൂണ്ടിക്കാണിക്കുകയും ഇന്നത്തെ രാഷ്ട്രീയനില വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ ആവശ്യപ്പെടുന്നില്ലെന്നും ജനങ്ങളോടുത്തരവാദിത്വമുള്ള മന്ത്രിസഭയുടെ നിയന്ത്രണത്തിൽ സ്ഥിതിചെയ്യുന്ന യൂണിവേഴ്സിററി വിദ്യാർത്ഥികളുടെ നന്മയെ ലാക്കാക്കി മാത്രമേ നിലകൊള്ളുകയുള്ളുവെന്നും തങ്ങളുടെ ശാന്തരായി പഠനം തുടരുകയാണ് അവരുടെ ഇപ്പോഴത്തെ കർത്തവ്യമെന്നും ഉൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

### ഉദ്യോഗം നിർത്തലാക്കി

ടെക്സ്റ്റയിൽ കമ്മീഷണറുടേയും അസിസ്റ്റൻറ് കമ്മീഷണറുടേയും ഉദ്യോഗങ്ങൾ നിർത്തലാക്കി പ്രസ്തുത ചാർജ്ജുകൾ സിവിൽ സപ്ലൈവകുപ്പിനെ ഏല്പിച്ചിരിക്കുന്നു.

### ഡിററൻഷൻകാര്യം

വിദ്യാർത്ഥിപ്രക്ഷോഭണം, തൽസംബന്ധമായ അസ്വസ്ഥതകൾ മുതലായവ വിവരിച്ച്, അതിൽ ഗവമ്മെൻറിൻെറ ഖണ്ഡിതമായ നയം വ്യക്തമാക്കിയും സുദീർഘമായ ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഡിററൻഷനെ ആസ്പദമാക്കി വിദ്യാർത്ഥികൾ നടത്തുന്ന പ്രക്ഷോഭണം ശരിയല്ലെന്നും അതൊരു തെററിദ്ധാരണയുടെ ഫലമാണെന്നും ഈ വക പ്രക്ഷോഭണങ്ങളുടെ പേരിൽ അനിശ്ചിതമായി വിദ്യാലയങ്ങൾ അടച്ചുപൂട്ടിയിടുക എന്ന നയം ഒരു ഗവമ്മെൻറിനും അനുവദിക്കത്തക്കതല്ലെന്നും പഠനം ഉദ്ദേശിക്കുന്നവരായ വിദ്യാർത്ഥികളുടെ അവകാശം പരിരക്ഷിക്കുവാൻതന്നെ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നുവെന്നുമാണ് പ്രസ്നോട്ടിൻെറ ചുരുക്കം.

### സ്ഥാനഭ്രംശം

വിദ്യാഭ്യാസമന്ത്രി വൈക്കം ഹൈസ്കൂൾ സന്ദർശിച്ചപ്പോൾ അവിടത്തെ ഹെഡ്മാസ്റ്റർ ഉപചാരപൂർവ്വം പെരുമാറിയില്ല എന്ന കാരണത്താൽ അദ്ദേഹത്തെ ഒരു സാധാരണ അദ്ധ്യാപകനായി തരംതാഴ്ത്തുകയും സ്ഥലം മാററുകയും ചെയ്തിരിക്കുന്നു.

## കാഥികനു മെഡൽ

പാവപ്പെട്ട കുഷ്ഠരോഗങ്ങൾക്കുവേണ്ടി പ്രസിദ്ധ കഥാപ്രസംഗികനായ ശ്രീ ജോസഫ് കൈമാപറമ്പൻ സൗജന്യമായി ആലുവായിൽ നടത്തിയ കഥാപ്രസംഗത്തിൽനിന്നു ചെലവു കഴിച്ച് 800 രൂപാ പിരിഞ്ഞു കിട്ടിയിരിക്കുന്നു. മി. കൈമാപറമ്പൻ മൂന്നുമണിക്കൂർ നേരത്തേക്കു നടത്തിയ കഥാപ്രസംഗം പാപസങ്കീർത്തനമെന്ന കൂദാശയെപ്പററിയുള്ള സാഹിത്യസംഗീതസമ്മിശ്രമായ ഒരു വിശദീകരണംകൂടിയായിരുന്നു. സഖ്യാംഗംകൂടിയായ കാഥികനു് വിൻസൻറ് ഡി പോൾ സമാജത്തിൻെറവകയായി ഒരു മെഡൽ മി എൻ. വി. ജോസഫ് ബി. എ. ബി. എൽ. ഹാർദ്ദവമായ ഒരനുമോദനപ്രസംഗത്തോടെ സമ്മാനിച്ചു.

## സ്നേഹ സ്മാരകം



പുത്തൻവേലിക്കര വാഴപ്പിള്ളി പൈലി വറിയതു

മരണം 10—1—1931



മാള്യങ്കരാമ്പിള്ളിറെ ആലപ്പാട്ട് ലോനമകൾ റോസ

മരണം 27—3—1940



തൃശ്ശൂർ ചേറൂർ പുഴി... മാത്തു വറിയതു

മരണം 11—11—1927



മാള്യ മണ്ണൂർ കോടങ്കണ്ടത്തു് അന്തോണി മകൾ താണ്ടമ്മ

മരണം 23—3—1924

ഭാഗ്യസ്മരണാർഹരായ പരേതരായ ഞങ്ങളുടെ മാതാപിതാക്കന്മാരുടെ നിത്യശാന്തിക്കായി വായനക്കാർ പ്രാർത്ഥിപ്പാറാകണം.

Mr. & Mrs. John Vazhappilly Chelakkottukara, Trichur

## പേപ്പൽബഹുമതികൾ

വരാപ്പുഴ അതിരൂപതയിൽപ്പെട്ട മെ. സി. ജെ ലൂയിസ്, കല്ലുങ്കൽ ബാവു ഔസേപ്പ് എന്നിവർക്കു "പ്രൊ എക്ലേസിയ എത്ത് പൊന്തിഫിച്ചെ" എന്ന ബഹുമതിമുദ്രയും, മെ. പി. സി. വക്കി, എൽ. എം. പൈലി എന്നിവർക്ക് "ബേനെ മെരേന്തി" എന്ന ബഹുമതിമുദ്രയും 12-ാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചുനൽകിയിരിക്കുന്നു.

ജൂബിലിസ്മാരക കലണ്ടർ

ഉടൻ ആവശ്യപ്പെടുവിൻ

കത്തീഡ്രൽ T. B. ഡിപ്പോ,

പാലാരിവട്ടം, എറണാകുളം.

## ബാലകാഥികൻ

മാസ്റ്റർ ടോം ജോസ് എന്ന ബാലകാഥികൻ പ്രവിത്താനത്തും പാലായിലും മററും കഥാപ്രസംഗങ്ങൾ നടത്തിയിരിക്കുന്നു. കാഥികൻെറ കലാപാടവത്തെ പലരും അഭിനന്ദിച്ചു പ്രസംഗിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്കയുണ്ടായി.

## സഭാവസ്ത്രദാനം

ചുണങ്ങംവേലിയിലെ "അഗതികളുടെ സഹോദരികൾ" എന്ന സന്യാസസഭയിൽ ചേർന്ന അർത്ഥിനികൾക്കു ജനുവരി 6-ാംനു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ആലുവാ സെൻറ് മേരീസ് ഹൈസ്കൂളിൽ വച്ചു സഭാവസ്ത്രം നൽകിയിരിക്കുന്നു.

## ഇന്ത്യാവാർത്തകൾ

### നിയമസഭകൾ

ജനുവരി 7-ാംനു സമ്മേളിച്ച കോൺസ്ററിററുവെൻറ് അസംബ്ലിയിൽ നക്കൽഭരണഘടനയിലെ 148-ാം വകുപ്പ് ചില ഭേദഗതികളോടുകൂടി സ്വീകരിച്ചിരിക്കുന്നു. അതനുസരിച്ച് എല്ലാ പ്രവിശ്യകളിലും ഓരോ ഗവർണ്ണറും, മദ്രാസ്, ബോംബെ, ബീഹാർ, പശ്ചിമബംഗാൾ, യു. പി., പൂർവ്വപഞ്ചാബ് എന്നീ പ്രവിശ്യകളിൽ ലജിസ്ലേററീവ് കൗൺസിൽ എന്നും ലെജിസ്ലേററീവ് അസംബ്ലി എന്നും പേരുള്ള രണ്ടു സഭകൾ വീതവും ഇതര പ്രവിശ്യകളിൽ ലജിസ്ലേററീവ് അസംബ്ലി എന്ന പേരോടുകൂടി ഒരു സഭമാത്രവും ഉണ്ടായിരിക്കുന്നതാണ്. നിയമസഭകളിലെ തിരഞ്ഞെടുപ്പ് പ്രായപൂർത്തി വോട്ടവകാശത്തെ ആസ്പദമാക്കിയായിരിക്കും നടത്തപ്പെടുന്നതു്.

### തിരഞ്ഞെടുപ്പ്

ഇൻഡ്യൻ യൂണിയനിലെ പൊതുതിരഞ്ഞെടുപ്പ് 1950 ആരംഭത്തിൽ നടത്തണമെന്നു നിർദ്ദേശിക്കുന്ന ഒരു പ്രമേയം പ്രധാനമന്ത്രി കോൺസ്ററിററുവെൻറ് അസംബ്ലിയിൽ അവതരിപ്പിച്ചിരിക്കുന്നു.

### വിദ്യാഭ്യാസനയം

വിദ്യാഭ്യാസ കേന്ദ്രോപദേശക സമിതിയുടെ ഒരു യോഗത്തിൽവച്ച് കേന്ദ്രഗവമ്മെണ്ടിൻെറ വിദ്യാഭ്യാസ മന്ത്രി മൗലാന അബ്ദുൾകലാം ആസാദ് ചെയ്ത പ്രസ്താവനയിൽ, സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായി നൽകുകയെന്നതാണ് കേന്ദ്രഗവമ്മെൻറിൻെറ ലക്ഷ്യമെന്നും അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനായി കഴിഞ്ഞ വർഷം 97 വിദ്യാലയങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും 1949-ൽ ഡൽഹി പ്രവിശ്യയിലാവശ്യമുള്ള സാമൂഹ്യ വിദ്യാലയങ്ങൾ സ്ഥാപിതമാകുമെന്നും അടുത്തവർഷം അവതരിപ്പിക്കപ്പെടുന്ന ബഡ്ജററിൽ വിദ്യാഭ്യാസവികസന പദ്ധതികൾക്കായി ഇക്കൊല്ലം ചെലവാക്കുന്നതിൻെറ ഇരട്ടി സംഖ്യ കൊള്ളിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിരിക്കുന്നു.

### പുതിയ നോട്ടുകൾ

കേന്ദ്രഗവമ്മെൻറ് പുതുതായടിക്കുന്ന ഒരുരൂപാനോട്ടുകളിൽ രാജാവിൻെറ ചിത്രത്തിനുപകരം അശോകസ്തംഭത്തിൻെറ ചിത്രമായിരിക്കുമെന്നറിയുന്നു.

പ്രഭാഷണം

# പ്രാർത്ഥിക്കുന്ന പടയാളികൾ

"എന്നാൽ നമുക്കു് നൽകപ്പെട്ടിരിക്കുന്ന കൃപാവരത്തിനു തക്കവണ്ണം നമുക്കു് വ്യത്യാസപ്പെട്ട ദാനങ്ങളുണ്ടു്. ഒരുത്തന്റെ വിശ്വാസപരിമാണം അനുസരിച്ചു് പ്രവചനത്തിന്റേതുണ്ടു്. തന്റെ ശുശ്രൂഷയിൽ ശുശ്രൂഷിയ്ക്കേണ്ടതുള്ളവൻ ഉണ്ടു്. തന്റെ പഠനംകൊണ്ടു് ഉപദേഷ്ടാവായിരിക്കുന്നവൻ ഉണ്ടു്. തന്റെ സമാശ്വാസനംകൊണ്ടു് ആശ്വസിപ്പിക്കുന്നവനും, ധാരാളതയാൽ ദാനം ചെയ്യുന്നവനും ശ്രദ്ധാപൂർവ്വം ഭരണഭാരം ഏറ്റിരിക്കുന്നവനും, സന്തോഷത്തോടുകൂടി കരുണ കാണിക്കുന്നവനും ഉണ്ടു്. നിങ്ങളുടെ സ്നേഹം വഞ്ചനയുള്ളതായിരിക്കരുതു്. മറിച്ചു് നിങ്ങൾ തിന്മകളെ വെറുക്കുകയും, നന്മകളോടു ചേർന്നിരിക്കുകയും ചെയ്യിൻ. നിങ്ങൾ നിങ്ങളുടെ സഹോദരന്മാരെ സ്നേഹിക്കുകയും പരസ്പരം സാഹോദര്യത്തിൽ വർത്തിക്കുകയും ചെയ്യിൻ. അന്യോന്യം ബഹുമാനിക്കുന്നതിൽ നിങ്ങൾ പ്രമുഖന്മാരാകുവിൻ. അലസതയില്ലാതെ ഉത്സാഹികളായിരിക്കുവിൻ. ആത്മാവിൽ ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ. കർത്താവിനെ സേവിക്കുവിൻ. നിങ്ങളുടെ പ്രതീക്ഷയിൽ സന്തോഷിക്കുവിൻ. നിങ്ങളുടെ ഞെരുക്കങ്ങൾ സഹിക്കുവിൻ. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ. വിശുദ്ധന്മാരുടെ മുട്ടുപാടുകളിൽ പങ്കുകൊള്ളുവിൻ. അതിഥികളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ, അല്ലാതെ ശപിക്കരുതു്. സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുവിൻ; കരയുന്നവരോടുകൂടി കരയുവിൻ. നിങ്ങളെപ്പററി നിങ്ങൾ വിചാരിക്കുന്നതു് നിങ്ങളുടെ സഹോദരന്മാരെപ്പററിയും വിചാരിക്കുവിൻ. ഉന്നത കാര്യങ്ങൾ നിങ്ങൾ വിചാരിക്കേണ്ട; മറിച്ചു്, താഴ്മയുള്ളവരോടു യോജിക്കുകയും, സ്വന്തം ചിന്താഗതികളിൽ സ്വയം ജ്ഞാനികളെന്നു അഭിമാനിക്കാതിരിക്കുകയും ചെയ്യിൻ" (ദെനഹാ 2-ാം ഞായർ ലേഖനം. റോമ xii 6-16).

റോമിലെ വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായുടെ വിശാലമായ അങ്കണത്തിൽ, വൃത്താകാരത്തിലുള്ള സ്തംഭപംക്തിയുടെ സാന്ദ്രശീതളച്ഛായയിൽ, സമ്മേളിച്ച ഇററാല്യൻ കത്തോലിക്കാ പ്രവർത്തനസംഘാംഗങ്ങളായ അഞ്ചു ലക്ഷത്തിൽ പരം യുവതീയുവാക്കന്മാരെ അഭിമുഖീകരിച്ചുകൊണ്ടു് പരിശുദ്ധ പിതാവു് 12-ാം പിയൂസ് തിരുമേനി അരുളിച്ചെയ്തു, "നിങ്ങൾ പ്രാർത്ഥിക്കുന്ന പടയാളികൾ ആയിരിക്കണ"മെന്നു്. ഓരോ കത്തോലിക്കനും ക്രിസ്തുവിന്റെ പടയാളിയാണു്. എന്നാൽ ആ പടയാളിയുടെ ആയുധം യന്ത്രത്തോക്കുകളോ, പീരങ്കികളോ, ബോമ്പുകളോ അല്ല; പ്രത്യുത പ്രാർത്ഥനയാണു്.

പ്രലോഭനങ്ങളിൽ പെടാതിരിപ്പാൻ നാം ഉണർന്നിരുന്നു പ്രാർത്ഥിക്കണമെന്നും, ആലസ്യം തോന്നാതെ നാം എല്ലായ്പോഴും പ്രാർത്ഥിക്കണമെന്നും മററും ക്രിസ്തുനാഥൻ പ്രാർത്ഥനയുടെ ആവശ്യകതയെപ്പററി നിരവധി പ്രാവശ്യം ഊന്നിപ്പറഞ്ഞിട്ടുണ്ടു്. മാത്രമല്ല അങ്ങെ ജീവിതം മുഴുവനും നിരന്തരമായ ഒരു പ്രാർത്ഥനയായിരുന്നുവെന്നുള്ളതും സ്പഷ്ടമാണു്. ഇടവിടാതെ നാം പ്രാർത്ഥിക്കണമെന്നു വി. ശ്ലീഹായും നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തീയപുണ്യങ്ങളെപ്പററി പ്രതിപാദിക്കുന്ന ഇന്നത്തെ ലേഖനത്തിലും വി. ശ്ലീഹാ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിപ്പാൻ നമ്മോടുപദേശിക്കുന്നു.

ഹൃദയത്തെ ദൈവത്തിന്റെ പക്കലേക്കുയർത്തുന്നതാണു് പ്രാർത്ഥന. ദേവാലയത്തിൽ ബഹളംകൂട്ടി നിലവിളിച്ചു പ്രാർത്ഥിച്ചതുകൊണ്ടോ, "നിത്യാരാധന" മുഴുവനും ചുണ്ടുകൾകൊണ്ടുമാത്രം വായിച്ചവസാനിപ്പിച്ചതുകൊണ്ടോ, കൊന്തമണികൾ നിരവധി പ്രാവശ്യം ഉരുട്ടിമാററിയതുകൊണ്ടോ, ഇടയ്ക്കിടെ ഉറക്കം തൂങ്ങിയും അടുക്കളക്കാര്യങ്ങളന്വേഷിച്ചുംകൊണ്ടുള്ള നെടുനീളൻ പ്രാർത്ഥനകൾ നടത്തിയതുകൊണ്ടോ, യഥാർത്ഥമായ പ്രാർത്ഥനയാകുകയില്ല. ഹൃദയത്തെ ദൈവസന്നിധിയിലേക്കുയർത്തുകയും ദൈവത്തോടു സംയോജിപ്പിക്കയും വേണം; ഇതാണു് പ്രാർത്ഥന. "ഈ ജനങ്ങൾ എന്നെ അവരുടെ ചുണ്ടുകൾകൊണ്ടു ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയമാകട്ടെ എന്നിൽനിന്നു വളരെ അകലെയാണു്" എന്നുള്ള മിശിഹായുടെ കുററാരോപണം നാം അർഹിക്കാതിരിക്കട്ടെ.

ഒരു പടയാളിയുടെ വിജയത്തിനു നിദാനമായിത്തീരുന്നതു് രണ്ടു കാര്യങ്ങളാണു്. ഒന്നാമതു്, ശരിയായ പ്രവൃത്തിമാർഗ്ഗങ്ങളെ ഗ്രഹിക്കുന്നതിനുള്ള ബുദ്ധിശക്തി; രണ്ടാമതു്, ഭീരുതയെന്യെ ആ മാർഗ്ഗങ്ങളെ അവലംബിക്കുന്നതിനുള്ള ധൈര്യവും ശക്തിയും. പ്രാർത്ഥിക്കുന്ന പടയാളിക്കു ഇവ രണ്ടും എളുപ്പത്തിൽ കരഗതമാകുന്നതാണു്. എളിമയുള്ളതും തീക്ഷ്ണതയേറിയതുമായ പ്രാർത്ഥന നമ്മുടെ ബുദ്ധിക്കു് പ്രകാശം നൽകുന്നു. കർദ്ദിനാൾ ഗിബൺസ് ഒരിക്കൽ മരണാസന്നനായ ഒരു രോഗിയെ സന്ദർശിക്കുവാൻ പോയി. അയാൾ വോൾട്ടയർ പ്രഭൃതികളുടെ ചിന്താസരണിയിൽ പെട്ടുപോയ ഒരു നാസ്തികനും അജ്ഞേയവാദിയുമായിരുന്നു. കർദ്ദിനാൾ തിരുമനസ്സിലെ യുക്തികളും ഖണ്ഡനങ്ങളും തെളിവുകളും മററും കേട്ടശേഷം അയാൾ പറഞ്ഞു: "ഇതൊക്കെ വാസ്തവമായിരിക്കാം. എങ്കിലും എനിക്കു അവയെ സ്വീകരിക്കുവാൻ മനസ്സുവരുന്നില്ല. ഏതോ ദുസ്തരമായ ഒരു ഗർത്തം—ശക്തിയേറിയ ഒരു കന്മതിൽ—നമ്മുടെ മദ്ധ്യേ വിലങ്ങടിച്ചു നിൽക്കുന്നുണ്ടു്." "എന്നാൽ നിങ്ങൾ എന്നെപ്രതി ഒരു കാര്യം ചെയ്യണം." കർദ്ദിനാൾ പറഞ്ഞു, "ദൈവമേ, സത്യത്തെ അറിയുന്നതിനുള്ള പ്രകാശവും അതിനെ അനുഗമിക്കുന്നതിനുള്ള ശക്തിയും എനിക്കു നൽകേണമെ, എന്ന പ്രാർത്ഥന പല പ്രാവശ്യം ഉരുവിടണം." അയാൾ സമ്മതിച്ചു. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അയാൾ പെട്ടെന്നു കർദ്ദിനാളിനെ ആളയച്ചുവരുത്തി. ആനന്ദാശ്രുക്കൾപൊഴിച്ചുകൊണ്ടു് സത്യമതത്തെ ആശ്ലേഷിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചു. പ്രാർത്ഥന അയാളുടെ ബുദ്ധിക്കു പ്രകാശം നൽകി. കർദ്ദിനാൾ ന്യൂമൻ അകത്തോലിക്കനായിരുന്ന കാലത്തു്, സംശയങ്ങളുടെ അന്ധകാരത്തിൽ തപ്പിത്തടഞ്ഞിരുന്നപ്പോൾ "പ്രകാശമേ, ദയയോടെ എന്നെ ചുററിയിരിക്കുന്ന അന്ധകാരത്തിൽ എന്നെ നയിക്കേണമെ" (Lead Kindly Light...) എന്നു് ഹൃദയംഗമമായി പ്രാർത്ഥിച്ചു തൽഫലമായി സത്യത്തെ പ്രാപിക്കയും ചെയ്തു. സ്പെയിനിലെ ജനറൽ ഫ്രാങ്കോ പ്രധാനമായ ചില തീർമ്മാനങ്ങൾക്കുമുമ്പു് വളരെ സമയം ദിവ്യകാരുണ്യസന്നിധിയിൽ ചിലവഴിക്കുക പതിവാണു്. ഇക്കഴിഞ്ഞ മഹായുദ്ധത്തിൽ സ്പെയിനിന്റെ നിഷ്പക്ഷതയെ തകരാറാക്കുന്ന ഒരു കുറിപ്പു് അച്ചുതണ്ടുശക്തികളിൽനിന്നു കിട്ടിയപ്പോൾ അതിനു മറുപടി നൽകുന്നതിനു മുമ്പു് അദ്ദേഹം കുറെ മണിക്കൂറുകൾ പരിശുദ്ധ കർബാനയുടെ മുമ്പിൽ പ്രാർത്ഥിച്ചുവെന്നും, അതിനുശേഷം നൽകിയ മറുപടി സ്പെയിനിനെ യുദ്ധത്തിന്റെ ഭീകരതയിൽനിന്നും രക്ഷിച്ചുവെന്നും നാം കേട്ടിട്ടുണ്ടു്. പാണ്ഡിത്യത്തിന്റെ മകുടവും ക്രൈസ്തവവിജ്ഞാനത്തിന്റെ മൂർത്തീകരണവുമായ വി. തോമസ് അക്വിനാസിനോടു തന്റെ അഗാധപാണ്ഡിത്യം എവിടെനിന്നാണു് ലഭിച്ചതെന്നു ചോദിച്ചപ്പോൾ, ക്രൂശിതരൂപത്തിന്റെ മുമ്പിൽ പ്രാർത്ഥനാനിരതനായിരുന്നുകൊണ്ടാണു താൻ ഗ്രന്ഥങ്ങൾ എഴുതിയിരുന്നതെന്നു അദ്ദേഹം മറുപടി നൽകി. നമ്മുടെ ജീവിതവും പ്രാർത്ഥനാനിരതമായിരിക്കട്ടെ. പ്രത്യേകിച്ചു് മനസ്സു് പ്രക്ഷുബ്ധമായിരിക്കുമ്പോഴും, എന്തുചെയ്യണമെന്നറിയാതെ വിഷമിക്കുമ്പോഴും പ്രധാനകാര്യങ്ങൾ നിർവ്വഹിക്കുവാൻ തുടങ്ങുമ്പോഴും നാം പ്രാർത്ഥിക്കണം.

യഥാർത്ഥമായ പ്രാർത്ഥന നമുക്കു് ശക്തിയും ധൈര്യവും പ്രദാനം ചെയ്യുന്നു. "എന്നെ ശക്തിപ്പെടുത്തുന്നവനായ ദൈവത്തിൽ എനിക്കു് എല്ലാം ചെയ്യാൻ കഴിയു"മെന്നു വി. ശ്ലീഹ ഉൽഘോഷിക്കുന്നതും ഇതുകൊണ്ടുതന്നെയാണു്. സർവ്വ ശക്തിയുടേയും ഉത്ഭവസ്ഥാനമായ ദൈവത്തോടു പ്രാർത്ഥനവഴിയായി നാം യോജിക്കുമ്പോൾ നമുക്കും ആ ശക്തിയിൽ അംശഭാഗിത്വം ലഭിക്കുന്നതാണു്. ഭീരുക്കളായിരുന്ന ശ്ലീഹന്മാർ ധൈര്യവാന്മാരും കർമ്മനിരതരുമായിത്തീർന്നതു് "അവർ ഒരുമിച്ചു ഏകമനസ്സോടെ പ്രാർത്ഥനയിൽ സ്ഥിരപ്പെട്ടിരുന്ന"തുകൊണ്ടല്ലയോ? സൗന്ദര്യധാമമായിരുന്ന യൂദിത്തു് ഹൊളഫർണസിന്റെ പാളയത്തിലേക്കു സധൈര്യം കടന്നുചെന്നു് ചാരിത്രഭംഗംകൂടാതെ ശത്രുസംഹാരം സാധിച്ചു് തിരിച്ചുവന്നതു് തീക്ഷ്ണമായ പ്രാർത്ഥനയുടെ ഫലമായിട്ടല്ലേ? സ്വജീവൻ പണയപ്പെടുത്തിക്കൊണ്ടുപോലും അഹസ്വേരൂസ് രാജാവിന്റെ സന്നിധിയിൽ ഹാജരായി സ്വജനങ്ങളായ യഹൂദന്മാരുടെ മരണവിധി മാററിയെഴുതിച്ച എസ്തേർരാജ്ഞി പ്രാർത്ഥനയിലും തപശ്ചര്യകളിലുമല്ലേ അതിനു വേണ്ട ശക്തി കണ്ടെത്തിയതു്? ബാല്യകാലത്തു് ഭയങ്കരനായ ഒരു കേസരിവീരനേയും രാക്ഷസനായ ഗോലിയാത്തിനേയും വധിക്കുകയും രാജപദവിയിൽ ആരോഹണം ചെയ്തശേഷം നിരവധി വിജയങ്ങളെ പ്രകീർത്തിക്കയും ചെയ്തിട്ടുള്ള ദാവീദുരാജാവിന്റെ ശക്തികേന്ദ്രം പ്രാർത്ഥനയല്ലാതെ മറെറന്താണു? അദ്ദേഹം പറയുന്നു: "ദിവസംതോറും ഞാൻ ഏഴു പ്രാവശ്യം കർത്താവിനെ സ്തുതിച്ചു", "എന്റെ കരങ്ങളെ യുദ്ധം ചെയ്‌വാൻ പഠിപ്പിക്കുന്ന ദൈവമായ കർത്താവു് വാഴ്ത്തപ്പെട്ടവനാകട്ടെ." ക്രിസ്തുവിന്റെ പടയാളിയായ ഓരോ ക്രിസ്ത്യാനിയും പ്രാർത്ഥനയിൽനിന്നു ശക്തിപ്രാപിക്കട്ടെ. അനുദിനമുള്ള പ്രഭാതജപങ്ങളും, ദിവ്യബലിയും, മദ്ധ്യാഹ്നപ്രാർത്ഥനകളും ജപമാലയും, രാത്രിജപങ്ങളും ഒരു ക്രിസ്ത്യാനിയെ ജീവിതസമരത്തിനു തയ്യാറാക്കുന്നു. ഈ പ്രാർത്ഥനകൾ വെറും ചുണ്ടുകൊണ്ടുമാത്രമാകാതെ ഹൃദയംകൊണ്ടുകൂടിയാകുവാൻ ഓരോരുത്തരും പ്രത്യേകം ശ്രദ്ധിക്കട്ടെ. (ജെ. ചെമ്മണ്ണൂർ)

## മിഷൻവാരം

തൃശൂർ പൊറി സെമ്മിനാരിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച മിഷൻവാരത്തിന്റെ സമാപ്തീകരണമഹായോഗം തോപ്പിൽ "മിഷൻ നഗറിൽ" വച്ചു് തൃശൂർ മെത്രാൻ റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം നടത്തപ്പെട്ടു. ഉദ്ദേശം ആറായിരത്തിൽപരം ആളുകൾ ആ മഹായോഗത്തിൽ സംബന്ധിച്ചിരുന്നു. റെക്ടർ റവ. ഡോക്ടർ സക്കറിയാസ് വാഴപ്പിള്ളി ഡി. ഡി സ്വാഗതപ്രസംഗം നടത്തി. മിഷൻ പ്രവർത്തനായിപ്പാർട്ടുവായനക്കുശേഷം മലബാർ മിഷനറിയുണിയന്റെ ആദ്ധ്യാത്മികോപദേഷ്ടാവായ മംഗലപ്പുഴ സെമ്മിനാരി വൈസ്‌റെക്ടർ വെരി റവ. ഫാദർ സക്കറിയാസ് ഒ. സി. ഡി. മിഷൻ പ്രവർത്തനങ്ങളിലേക്കു് കത്തോലിക്കരെ ആഹ്വാനം ചെയ്തുകൊണ്ടു് ഇംഗ്ലീഷിൽ ഒരു ലഘുപ്രസംഗം ചെയ്യുകയുണ്ടായി. തദനന്തരം മി. ഇ. പി. ഐസക്കു് ബി. എ. ബി. ടി. ഭാരതത്തിന്റെ മാനസാന്തരം ഭാരതീയർ തന്നെ പരിപൂർണ്ണമായി ഏറെറടുത്തു് നടത്തേണ്ടതിലേക്കായി കത്തോലിക്കരിൽ മിഷൻചൈതന്യം പുലരേണ്ട ആവശ്യകതയെ പരാമർശിച്ചു പ്രസംഗിച്ചു. ഊന്നു് സെമ്മിനാരി വിദ്യാർത്ഥികൾ, ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെ പ്രബോധിപ്പിക്കുന്ന "വിദ്യാർത്ഥിവീരൻ" എന്നൊരു പ്രഹസനം തന്മയത്വത്തോടുകൂടി അഭിനയിക്കുകയുണ്ടായി. മിഷൻവാരത്തെ സമാപ്തീകരിച്ചുകൊണ്ടും, പൊറിസെമ്മിനാരിവിദ്യാർത്ഥികളേയും, ഔദാര്യപൂർവ്വം അവരെ പ്രോത്സാഹിപ്പിച്ച വൈദികരും അവൈദികരുമായ എവരേയും അഭിനന്ദിച്ചുകൊണ്ടും, അദ്ധ്യക്ഷൻ തിരുമേനി ഉപസംഹാരപ്രസംഗം ചെയ്തു. റവ. ഫാദർ ജോസഫ് കിഴക്കുംതലയുടെ നന്ദിപ്രകാശനത്തിനു ശേഷം പാപ്പാമംഗളത്തോടുകൂടി യോഗം പര്യവസാനിച്ചു. തൃശൂർ ലൂർദ്ദുപള്ളി കെ. സി. സി. എ. കുട്ടികളുടെ മിഷൻഗാനങ്ങൾ ഇടയ്ക്കിടയ്ക്കു് ഉണ്ടായിരുന്നു.

## ദൈവാഹ്വാനവാരം

(Vocation Week)

പൗരസ്ത്യ വിദ്യാർത്ഥികളുടെ വേദപ്രചാരസഖ്യത്തിന്റെ (Students' Missionary League for the East) ബുള്ളററിനായ അപ്പോസൽസ് (Apostles) എന്ന മാസിക 1948 നവംബർ ലക്കത്തിൽ ഏതെങ്കിലും ഒരാഴ്ച സ്കൂളുകളിൽ ദൈവാഹ്വാനവാരമായി ആചരിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു.

ഇന്നു പല രാജ്യങ്ങളിലും ദൈവവിളികളുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ടു്. നമ്മുടെ ഭാരതത്തിൽതന്നെയും 40 കോടി ആളുകൾക്കായി വെറും 5000 വൈദികർമാത്രമേയുള്ളൂ. 2000 ആളുകൾക്കു ഒരു വൈദികനെന്ന കണക്കിനു നോക്കിയാൽ രണ്ടു ലക്ഷം വൈദികരാണു ഇന്നു ഭാരതത്തിനുവേണ്ടി മാത്രം ആവശ്യമുള്ളതു്.

പത്തു പള്ളി പണിയിക്കുന്നതിനു വേണ്ട പണത്തെക്കാൾ ഒരു മിഷനറി വൈദികനെ കിട്ടുന്നതാണു താൻ കൂടുതലായി മതിക്കുന്നതെന്നു ഒരു മിഷനറിമെത്രാൻ ഒരിക്കൽ പറയുകയുണ്ടായി. വൈദികനില്ലാതെ പള്ളികൊണ്ടെന്താണു പ്രയോജനം? മറിച്ചു വൈദികനുണ്ടായാൽ പള്ളി താനേ ഉണ്ടായിക്കൊള്ളും.

ദൈവാഹ്വാനവാരം ആചരിക്കുന്നതിനുള്ള പരിപാടിയും ആ മാസികതന്നെ നിർദ്ദേശിക്കുന്നുണ്ടു്. 1. സ്കൂളിന്റെ പല ഭാഗങ്ങളിലും വിജ്ഞാപനങ്ങൾ പതിച്ചു കുട്ടികളുടെ ശ്രദ്ധയെ ആകർഷിക്കുക.

2. വേദപാഠക്ലാസ്സിൽ നിർദ്ദിഷ്ടവാരത്തിൽ എല്ലാ ദിവസവും ദൈവവിളിയുടെ മാഹാത്മ്യത്തേയും ആവശ്യത്തേയും മററും കുറിച്ചു സംസാരിക്കുന്നതിനു അദ്ധ്യാപകന്മാരെ ഏർപ്പാടു ചെയ്യുക.

3. വി. കർബാന, വിസീത്ത, കാലത്തും വൈകിട്ടുമുള്ള പ്രാർത്ഥന മുതലായവയുടെ അവസരത്തിൽ ദൈവവിളിക്കായി പരസ്യമായും രഹസ്യമായും അപേക്ഷിക്കുക.

4. പ്രസ്തുതോദ്ദേശത്തോടുകൂടിത്തന്നെ ഏതാനും ത്യാഗകൃത്യങ്ങൾ പ്രതിദിനം സമർപ്പിക്കുക. കൃത്യസമയത്തു ക്ലാസ്സിൽ ഹാജരാകുക, കൂടുതൽ ശ്രദ്ധയോടുകൂടി പാഠങ്ങൾ പഠിക്കുക, ക്ലാസ്സിൽ ശബ്ദമുണ്ടാക്കാതെയിരിക്കുക, ഇഷ്ടമുള്ള വല്ല കളികളോ മററാ ഉപേക്ഷിക്കുക, ബുദ്ധിമുട്ടുള്ള എന്തെങ്കിലും ജോലി ചെയ്യുക ഇവയെല്ലാം പരിത്യാഗങ്ങളായി കാഴ്ചവയ്ക്കാവുന്നതാണു്.

5. അവസാനദിനം ഒരു മീററിംഗു നടത്തുക. ഇന്നത്തെ വിദ്യാർത്ഥികളാണല്ലോ നാളത്തെ വൈദികരും മിഷനറിമാരും. യുദ്ധഭീതിയുണ്ടാകുമ്പോൾ രാഷ്ട്രീയാധികാരികൾ യുവാക്കന്മാരെ സൈന്യസേവനത്തിനായി ആഹ്വാനം ചെയ്യുന്നതുപോലെ ക്രിസ്തുരാജനും തന്റെ കൊടിക്കീഴിൽ യുദ്ധം ചെയ്യുന്നതിനായി വിദ്യാർത്ഥികളെ ക്ഷണിക്കുന്നു. എന്നാൽ കൃത്യാന്തരബാഹുല്യത്താൽ പലരും അങ്ങേ സ്വരം ശ്രവിക്കുന്നില്ല. ശ്രവിച്ചാൽതന്നെയും അനുസരിക്കുന്നില്ല. ഈ ദുരവസ്ഥക്കു് ഒരു പരിഹാരമുണ്ടാക്കി കർത്താവിന്റെ പട്ടാളത്തിൽ അസംഖ്യം ആളുകളെ ചേർക്കുന്നതിനായിട്ടാണു് ഏതാദൃശവാരം ആചരിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

മാന്നാനം സെൻറ് എഫ്രേംസ് ഹൈസ്കൂളിൽ ഇങ്ങനെ ഒരു വാരം ആചരിച്ചതായും മേല്പറഞ്ഞിരിക്കുന്ന ചടങ്ങുകൾക്കു പുറമെ കുട്ടികളെല്ലാവരും കൂടി ഒരു മണിക്കൂർ ആരാധന നടത്തിയതായും അറിയുന്നു.

## നിങ്ങൾക്കറിയാമോ?

(3-ാം പേജു് തുടർച്ച)

(ഉത്തരങ്ങൾ)

1. അല്ല. പൂർണ്ണഭക്ഷണത്തിന്റെ ഇടയ്ക്കു അങ്ങനെയൊരു താമസം നേരിട്ടെന്നു കരുതി ഉപവാസത്തിനു ഭംഗം വരുന്നില്ല പക്ഷെ ഭക്ഷണത്തിന്റെ ഇടയ്ക്കുള്ള ആ കാലവിളംബം അരമണിക്കൂറിലധികമാകാൻ പാടില്ല.

2. ഇല്ല. അതു പൂർണ്ണഭക്ഷണത്തിന്റെ ഒരംശമായിത്തന്നെ പരിഗണിക്കാം.

3. ഇല്ല.




ഫുട്ബോൾ മത്സരക്കളി കണ്ടുകൊണ്ടുനിന്ന ഒരു ഗ്രാമീണ വൃദ്ധ കുട്ടികളുടെമേൽ സഹതാപം തോന്നി പറയുകയാണ്: "എന്തിനാ പിള്ളേരെ ഇങ്ങനെ ഒരു പന്തിനായി തല്ലുപിടിപ്പിക്കുന്നേ? അവർക്കെല്ലാവർക്കും ഓരോ പന്തു വാങ്ങിക്കൊടുത്താൽ അവർ അവിടെയെങ്ങാനും അടങ്ങി ഒതുങ്ങി ഇരുന്നു കൊള്ളുമായിരുന്നില്ലേ?"

* * *

ഒരു കപ്പൽയാത്രക്കാരൻ ഷോപ്പിൽ ചെന്നിട്ട്: ഈ ലൈഫ്ബെൽട്ടിനു വല്ല കേടുമുണ്ടോ?

ഷോപ്പുകാരൻ: ഒന്നുമില്ല. ആവശ്യത്തിന് ഉപകരിക്കാത്തപക്ഷം പണം മടക്കി തന്നേക്കാം.

* * *

ഒരു കച്ചവടക്കാരൻ തന്റെ സാധനങ്ങൾക്ക് കൂടുതൽ ചിലവുണ്ടാകുന്നതിനായി ഇപ്രകാരം ഒരു ബോർഡെഴുതിവച്ചു: "ചതിയിൽ പെടുന്നതിനായി മററു കടകളിൽ ആരും പോകരുത്. ഇവിടെ വരിക."

* * *

അദ്ധ്യാപകൻ: പഞ്ഞികൊണ്ടുള്ള പ്രധാന ഉപയോഗമെന്താണ്?

തോമസ്: ഊതിപറപ്പിക്കാൻ കൊള്ളാം.

അദ്ധ്യാപകൻ: അല്ലെട കഴുതേ, നീ ഇട്ടിരിക്കുന്ന ഷർട്ടുതന്നെ എന്തുകൊണ്ടുണ്ടാക്കിയതാണ്?

തോമസ്: ഇതു് അപ്പന്റെ കീറിയ ഷർട്ട് വെട്ടിചെറുതാക്കി ഉണ്ടാക്കിയതാണ്.

* * *

ഭാര്യ: ക്രിസ്മസ് പ്രമാണിച്ചു അമ്മയ്ക്കെന്തെങ്കിലും കൊടുക്കണ്ടേ?

ദന്തവൈദ്യൻ: അതിനെന്താ, ചാർജ്ജു കൂടാതെ രണ്ടു പല്ലു എടുത്തു കൊടുത്തേക്കാം.




### നെല്ലിക്ക ഉപ്പിലിടുന്നവിധം
(കുടുംബിനി)

ഒരു പറ നെല്ലിക്കയ്ക്ക് രണ്ടുനാഴി ഉപ്പ്.

നന്നായി മൂപ്പെത്തിയ നെല്ലിക്ക ഒരു പാത്രത്തിലിട്ടു നിറയെ വെള്ളമൊഴിച്ച് വേവിക്കുക. ഒരു നെല്ലിക്ക എടുത്തു വിരൽകൊണ്ടു ഞെക്കിയാൽ പൊട്ടുന്നപാകമാകുമ്പോൾ അടുപ്പത്തുനിന്നും ഇറക്കിവച്ച് വെള്ളം ഊററിക്കളഞ്ഞു് പച്ചവെള്ളമൊഴിച്ചു വയ്ക്കേണ്ടതാണ്. നാലു മണിക്കൂർ കഴിഞ്ഞു് വീണ്ടും വെള്ളം ഊററിക്കളഞ്ഞു് വേറെ വെള്ളമൊഴിച്ചു വയ്ക്കണം. ഇങ്ങനെ മൂന്നോനാലോ പ്രാവശ്യം ചെയ്യുന്നതു കൊള്ളാം. ഇപ്രകാരം ശുദ്ധിചെയ്തെടുത്ത നെല്ലിക്കയിൽ മേല്പറഞ്ഞ അളവനുസരിച്ച് ഉപ്പും കലക്കി ഒഴിച്ച് ഒരു ഭരണിയിലാക്കി അടച്ചു സൂക്ഷിക്കുക. ഒരുമാസം കഴിഞ്ഞു എടുത്തുപയോഗിച്ചുതുടങ്ങാം.

## അനുദിനചിന്തകൾ
(വി. കുരിശിന്റെ യോഹന്നാൻ)
( · P.)

16 ക്രൂശിതനായ മിശിഹായോടു കൂടി നീ ആശ്വസിക്കുക.

17 നിന്റെ സഹനവും ആനന്ദവും ക്രൂശിതനായ മിശിഹായ്ക്കു പുറമെ ആകരുതേ.

18 ഏതു വിനാഴികയിലും സ്വാത്മസ്നേഹത്തെ ഹനിക്കുവാൻ ശ്രമിക്കുക.

19 എളിമ അഭ്യസിക്കുന്നതിനു് നീ സർവ്വദാ പരിശ്രമിക്കണം.

20 സ്വല്പമായിട്ടെങ്കിലും നീ നിന്നെ വിലമതിക്കരുതേ.

21 സ്വയം വിലമതിക്കുന്നവൻ സ്വയം പരിത്യജിക്കയില്ല.

22 സ്വയം പരിത്യജിക്കാതെ ഒരുവനും ക്രിസ്തുവിനെ അനുകരിക്കുന്നതിനു മനസ്സാകുകയില്ല.

ജിമ്മിന്റെ
## മഞ്ഞക്കടലാസ്
(5-ാം പേജ് തുടർച്ച)

ഫാദർ ജിമ്മിന്റെ മാതാപിതാക്കന്മാർ വിശുദ്ധ കുർബാനയിൽ സംബന്ധിച്ചില്ല. പിതാവിനു ബാങ്കുജോലി വിട്ടുംവച്ചു പോരാൻ സാധിക്കാതെവന്നു. അമ്മയ്ക്കു് അന്നത്തേ സാഹചര്യങ്ങളിൽ തല ഉയർത്തിപ്പിടിക്കുവാൻ ധൈര്യമില്ലായിരുന്നിരിക്കണം.

കുറേദിവസങ്ങൾകൂടെ കഴിഞ്ഞു. ബന്ധുമിത്രാദികൾ ഇല്ലാത്ത അഗതികളെ സ്റ്റേററൻ അയലണ്ടിലേ നവഭവനത്തിലേക്കു മാററി. പാററു് ആ ഗണത്തിൽപെട്ടു. ഒരു ഞായറാഴ്ച ഫാദർ ജിം തന്നേ കുർബാന ചൊല്ലാൻ വന്നു. പ്രസംഗമദ്ധ്യേ അദ്ദേഹം പറയുന്നു, കഴിഞ്ഞനാൾ തന്നെ അവിടത്തെ കപ്പേളനായി നിയമിച്ചിരിക്കുന്നുവെന്നും ആഴ്ചതോറും ശനിയാഴ്ചയും ഞായറാഴ്ചയും കുർബാന ചൊല്ലാനായി അവിടെ വരുമെന്നും. പാററു് ആഹ്ളാദഭരിതനായി. പക്ഷേ, അതുകൊണ്ടു് പാററിന്റെ ചരിത്രം അവസാനിച്ചില്ല. ഫാദർ ജിം അസിസ്റ്റേന്തിയായി ജോലി ചെയ്തിരുന്ന പ



"പാററിനുതന്നേയാണ് ആദ്യമായി ആശീർവ്വാദം നല്കിയതു്."

ള്ളിയിലെ വികാരി പാട്രിക്കിന്റെ കാര്യം കേട്ടപ്പോൾ അത്ഭുതപരതന്ത്രനായി അഭിപ്രായപ്പെട്ടതു് പാട്രിക്ക് ഇനി അഗതിമന്ദിരത്തിൽ താമസിക്കേണ്ടെന്നാണ്. "അയാൾ മിശിഹായ്ക്കു് ഒരു വൈദികനെ നൽകാനായി തന്റെ സമസ്തവും നൽകി. ആകയാൽ അതിനുള്ള സമ്മാനം നൂറിരട്ടിയായി ഇവിടെവച്ചുതന്നേ അനുഭവിക്കട്ടെ."

പാററു് ഫാദർ ജിമ്മിന്റെകൂടെ വസിച്ചുകൊണ്ടിരിക്കവേ, അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ ആ ദൈവാലയം സന്ദർശിക്കാറുണ്ടായിരുന്നു. പ്രഥമസമാഗമസന്ദർഭത്തിൽത്തന്നേ പാററിന്റെ കഥ മുഴുവനും അവരെ അറിയിച്ചു. ഫാദർ ജിമ്മിന്റെ അമ്മ പറയുകയാണു് ആ രണ്ടായിരം ഡോളറിന്റെ ചെക്കു വീട്ടിൽവച്ചുകൊണ്ടു പോയ ദിവസം, ഒരു വാക്കുപറയാൻ ഇടതരാതെ ഓടിപ്പോയല്ലോയെന്നു്. താമസിച്ചു സ്ഥലത്തുചെന്നു് അന്വേഷിക്കുമ്പോളെല്ലാം ഉടമസ്ഥയായവനിതപറയും പാററിന്റെ ഒരു വിശേഷവുമില്ലെന്നു്.

ഏതായാലും ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം എങ്ങനെ സമ്മാനിക്കുമെന്നു കണ്ടാലും. ഫാദർ ജിമ്മിന്റെ ആ മഞ്ഞക്കടലാസു് അക്കാലത്തു് പാററു സൂക്ഷിച്ചിരുന്നുവോ എന്നറിഞ്ഞില്ല. എന്നാൽ അഗതിമന്ദിരത്തിലേ പാട്രിക്കു തന്റെ സ്വത്തു മുഴുവനും കൊടുത്തു പഠിപ്പിച്ച ഫാദർ ജിം ആ അഗതിമന്ദിരത്തിലെയും സ്റ്റേററൻ അയലണ്ടിലേയും വികാരിയായി അനേകകൊല്ലം മിശിഹായെ സേവിച്ചു. മിശിഹായ്ക്കു് ഇപ്രകാരം ഒരു പുരോഹിതനെ നൽകാൻ നാം എന്തു ചെയ്യുന്നുണ്ടു്?

ആരോഗ്യപംക്തി
## പയോറിയാ
(ഡോ: സി. എസ്. പിള്ള, കൊച്ചി)

ഇന്നത്തെ യുവജനങ്ങളിലാണ് ഈ ഭയങ്കര ദന്തവ്യാധി (പയോറിയാ അഥവാ മോണപഴുപ്പ്) സർവ്വസാധാരണമായി കണ്ടുവരുന്നതു്. ആരംഭത്തിൽ അഗണ്യമായി കരുതപ്പെടുന്ന ദന്തരോഗം, ശാസ്ത്രീയ പരിചരണത്തിന്റെ അഭാവത്താൽ, വിവിധ ഘട്ടങ്ങൾ ക്രമേണ തരണംചെയ്ത് കാലാന്തരത്തിൽ ക്ഷയരോഗത്തിൽവരെ എത്തിച്ചേരുമെന്നുള്ള വസ്തുത ഒരു നഗ്നയാഥാർത്ഥ്യം മാത്രമാണ്. പയോറിയാബാധിതരായി ആരോഗ്യത്തോടൊപ്പം സൗകുമാര്യവും നശിച്ച് അകാലവാർദ്ധക്യം പ്രാപിച്ച എത്രയെത്ര യുവതീയുവാക്കന്മാരാണ് നമ്മുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെടുന്നതു്! ജനസമുദായത്തിൽ സദ്യശസ്സു് സമാർജ്ജിക്കുവാൻ പര്യാപ്തരായ കലാകാരന്മാർ, വിദ്യാർത്ഥികൾ, അബലാമണികൾ, അഭിഭാഷകർ തുടങ്ങിയ പലരും ഇവരിൽ ഉൾപ്പെടുന്നുവെന്നുള്ളതു് പ്രത്യേകിച്ചും മർമ്മഭേദകമായ ഒരു വസ്തുതയാണ്. അതിനാൽ "മുളയിൽ നുള്ളുക" എന്ന നയം ഈ രോഗത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണെന്നനുസ്മരിപ്പിച്ചുകൊണ്ട്, പ്രസ്തുത രോഗത്തിന്റെ വിവിധ ലക്ഷണങ്ങൾ, ഉത്ഭവഹേതുക്കൾ, നിവാരണമാർഗ്ഗം മുതലായവയെക്കുറിച്ച് ഒരു ചുരുങ്ങിയ വിവരണം നൽകിക്കൊള്ളുന്നു.

ആഹാരത്തിലുള്ള പോഷകാംശക്കുറവു്; ദന്തശുചീകരണത്തിലുള്ള ക്രമക്കേട്; ഭക്ഷണം ചവച്ചരച്ച് കഴിക്കാതിരിക്കുക; ഭക്ഷണസാധനങ്ങളുടെ അവശിഷ്ടം പല്ലുകളുടെ വിടവിൽ തങ്ങിയിരുന്നു ദുഷിക്കുക; ശിരസ്സിൽ തട്ടുന്ന മുറിവും, ചതവും; രസം, പൊട്ടാസിയം തുടങ്ങിയ ഔഷധങ്ങളുടെ പ്രത്യാഘാതം ആദിയായവ ദന്തരോഗത്തിനു് മുഖ്യഹേതുക്കളാകുന്നു. കൂടാതെ, വാതം, ഡൈബിററീസ്, മലേറിയാ, എന്നീ രോഗങ്ങളുടെ അനന്തരഫലമായും ചിലരിൽ പയോറിയാ ബാധിച്ചു കാണുന്നുണ്ടു്.

### പ്രാരംഭം

മോണകൾ ചുവന്നു് നീരുകെട്ടി മാർദ്ദവപ്പെടുക, വിടവിൽ രക്തം ഊറുക, മോണയിൽനിന്നും ഒരുവക ദ്രാവകം സ്രവിച്ചു് പല്ലുകളുടെ അടിഭാഗത്തിൽ കെട്ടുക, കൂടെക്കൂടെ ദുസ്സഹമായ പല്ലുവേദനയും ചില അവസരങ്ങളിൽ ഉൾക്കുളിരും ചെറിയ പനിയും ബാധിക്കുക മുതലായവ ഇതിന്റെ പ്രാരംഭ ലക്ഷണങ്ങളാകുന്നു. ഈ ഘട്ടത്തിനു് (Stage) "ജിംജിവൈററിസ്" എന്നു പറയപ്പെടുന്നു.

പ്രസ്തുത ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾതന്നെ വിദഗ്ദ്ധനായ ഒരു ദന്തവൈദ്യനെ സമീപിച്ചു് പ്രതിവിധി നേടുകയാണെങ്കിൽ രോഗം പയോറിയായിലേക്കു് സംക്രമിക്കയില്ല.

പയോറിയാ ബാധിച്ചുകഴിഞ്ഞാൽ പല്ലുകൾ ഉലഞ്ഞുതുടങ്ങുകയും, മേൽ പ്രസ്താവിക്കപ്പെട്ട ലക്ഷണങ്ങൾ ശക്തിമത്തായിത്തീരുകയും ചെയ്യുന്നു. മോണയിൽനീരുവീക്കവുംപഴുപ്പും, ചെവിക്കുത്തു്, തലകറക്കം, പനി തുടങ്ങിയ അസ്വാസ്ഥ്യങ്ങളും നിരന്തരമായി ബാധിക്കുകയും മോണയിൽനിന്നും മിക്കവാറും വേർപെട്ടു നിൽക്കുന്ന പല്ലുകൾ നിഷ്പ്രയോജനങ്ങളായിത്തീരുകയും ചെയ്യുന്നതു് ഇതിന്റെ സാമാന്യലക്ഷണങ്ങളാകുന്നു. ഈ അവസരം ദീർഘിപ്പിച്ചു്, അനന്തരവിപത്തുകൾക്കു് വഴിതെളിക്കാതെ, ശാസ്ത്രീയരീത്യാ പല്ലുകൾ എടുപ്പിച്ചു് രോഗശാന്തി നേടിക്കൊള്ളണം.

### അനന്തരവിപത്തുകൾ

പയോറിയ വിപൽക്കരങ്ങളായ വിവിധരോഗങ്ങൾക്കു് വിത്തുപാകുന്നുവെന്നു മുൻപു സൂചിപ്പിച്ചുവല്ലോ. ഭയങ്കരമായ ഈ ദന്തരോഗത്തിന്റെ വിഷശക്തി രക്തത്തിൽസംക്രമിച്ചു് വയററിൽ വേദന, വാതം, തലവേദന, ബധിരത, നയനരോഗം, ക്ഷയം മുതലായ കൊടിയ രോഗങ്ങളെ ഉൽപാദിപ്പിച്ചു് ജീവിതം ദുരിതപൂരിതമാക്കുന്നു. വൈദഗ്ദ്ധ്യം സിദ്ധിച്ച ഭിഷഗ്വരന്മാർപോലും ചില പരിതസ്ഥിതിയിൽ പ്രസ്തുതരോഗങ്ങളുടെ ഉത്ഭവഹേതുക്കൾ മനസ്സിലാക്കാതെ പരാജയമടഞ്ഞിട്ടുണ്ടെന്നറിയുമ്പോൾ, പയോറിയാവിഷം എത്രമേൽ ആപൽക്കരമാണെന്നൂഹ്യമാണല്ലോ.

ദന്തനിരകൾ ശരീരത്തിന്റെ രക്ഷാഭടന്മാരാണെന്നും, അവയുടെ ഉറപ്പിലും മേന്മയിലും നമ്മുടെ ആരോഗ്യം സ്ഥിതിചെയ്യുന്നുവെന്നുമുള്ള തത്വം വിസ്മരിക്കരുതു്. അഴകേറിയ പല്ലുകൾ ആരാണഭിലഷിക്കാത്തതു്? കവിവാക്യത്തിൽ പറഞ്ഞാൽ "മുല്ലപ്പൂമൊട്ടൊത്ത ദന്തനിരകൾ" കാട്ടി മധുരമന്ദഹാസം പൊഴിക്കുന്ന യുവതീയുവാക്കന്മാർ സാക്ഷാലനുഗൃഹീതരത്രെ!

(കേ. പത്രിക)

## കുഴിയിൽ ചാടിക്കുന്ന വിദ്യ

ആനക്കുഴി മൂടിയിട്ടുകൊണ്ടു ആനയെ കുഴിയിൽ വീഴിക്കാൻ ചെയ്യുന്ന കൌശലപ്രയോഗങ്ങൾ മാത്രമാണ് പരീക്ഷകളെപ്പററിയും മററുമുള്ള യുക്തിവാദങ്ങൾ. ഇവയുടെയെല്ലാം പിന്നാലെ രാഷ്ട്രത്തെയും ജനസമുദായത്തെയും കുഴിയിൽ ചാടിക്കാനുള്ള ശ്രമമാണ് യഥാർത്ഥത്തിൽ മറഞ്ഞു കിടക്കുന്നതെന്നു ബഹുജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഇവർക്കെതിരായി കഠിനമായ ശിക്ഷണനടപടികൾ നടത്താതെ ഗത്യന്തരമില്ലെന്നു വരുത്തിക്കൂട്ടിയശേഷം അധികാരികൾ അനീതി പ്രവർത്തിക്കുന്നു, വിദ്യാർത്ഥികളെ മർദ്ദിക്കുന്നു, തടവിലിടുന്നു, ഈ അനീതികൾ കണ്ടു സഹിച്ചുകൊണ്ടിരിക്കാൻ നിവൃത്തിയില്ല, പട്ടിണി കിടന്നു മരിക്കയല്ലാതെ പോംവഴി ഇല്ല എന്നെല്ലാം ഇവർ വലിയ ഒച്ചപ്പാടുണ്ടാക്കുകയും നാടൊട്ടുക്കു ജാഥയായി സഞ്ചരിക്കുകയും മുറയ്ക്കു പഠിക്കണമെന്നാഗ്രഹമുള്ള ഭൂരിപക്ഷം വിദ്യാർത്ഥികളെ തടയുകയും ചെയ്യാനാണ് ഇവർ ഉദ്ദേശിക്കുന്നതു്. അതു ബഹുജനങ്ങൾ ധരിച്ചിരിക്കേണ്ടതാണ്. ബഹുജനങ്ങളെ കബളിപ്പിച്ചു അനർഹമായ ആനുകൂല്യം സമ്പാദിക്കാനുള്ള കമ്മ്യൂണിസ്റ്റ് പരിപാടികളാണിതെല്ലാം. (മ. മനോരമ)

## തൃതീയവാർഷികം

പുത്തൻവേലിക്കര വടക്കുംമുറിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെ തൃതീയവാർഷികം ജനുവരി 1-ാംനു- റവ. ഡോ. ജോസഫ് ചേന്നാട്ടു് പി എച്ച്. ഡി. , ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു. തദവസരത്തിൽ മി. വി. പി. ജോർജ്ജ് ബി. എ., ബി. എൽ. മരിയാസഖ്യത്തിന്റെ ആവശ്യകതയെപ്പററിയും, മി. കെ. തോമസ് പോൾ സാധുജനസംരക്ഷണത്തിൽ മരിയാസഖ്യാംഗങ്ങൾ നിർവ്വഹിക്കേണ്ടതായ ചില കാര്യങ്ങളെ പുരസ്കരിച്ചും ഗംഭീരങ്ങളായ പ്രസംഗങ്ങൾ ചെയ്തു. അവസാനം മേരീദാസൻ എന്ന നാടകം സഖ്യാംഗങ്ങൾ തന്മയത്വത്തോടുകൂടി അഭിനയിക്കുകയും ചെയ്തു.

## ഫ്രാങ്കോയുടെ ദാനം

60,000 പവൻ വിലവരുന്ന സ്വർണ്ണവും വെള്ളിയും രത്നങ്ങളും ചേർന്ന കിരീടങ്ങൾ മാഡ്രിഡിന്റെ സംരക്ഷികയായ മാതാവിന്റെ തിരുസ്വരൂപത്തിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നു. തദർത്ഥം സംഭാവനകൾ നൽകിയവരുടെ കൂട്ടത്തിൽ ഫ്രാങ്കോയും അദ്ദേഹത്തിന്റെ ഭാര്യയും ഉൾപ്പെടുന്നു.

## സംഭാവന

ജർമ്മനിയിലെ ഒസ്നാബ്രുക് രൂപതയിലുള്ള അഭയാർത്ഥികൾക്കു വേണ്ടി ചെറിയ ദേവാലയങ്ങൾ നിർമ്മിക്കുന്നതിനു മാർപ്പാപ്പാതിരുമേനി 25000 പവൻ സംഭാവനചെയ്തിരിക്കുന്നു.

## പ്രോട്ടസ്റ്റൻറുകാരും പ്രാർത്ഥിക്കുന്നു

ബർലിനിലെ കർദ്ദിനാൾ തിരുമേനി സുഖം പ്രാപിക്കുന്നതിനുവേണ്ടി അവിടത്തെ പ്രോട്ടസ്റ്റൻറുകാരും അവരുടെ മെത്രാന്റെ നേതൃത്വത്തിൽ പരസ്യപ്രാർത്ഥനകൾ അർപ്പിച്ചിരിക്കുന്നു.

വിമർശനവീഥി

# കാൾമാക്ക്സിന്റെ സിദ്ധാന്തം അബദ്ധമെന്നു തെളിയുന്നു

കാൾമാക്ക്സും അദ്ദേഹത്തിന്റെ സഹകാരിയായ എൻഗൽസുംകൂടിയാണല്ലോ കമ്മ്യൂണിസത്തിന്റെ സമരകാഹളം മുഴക്കിയതു്. 1848-ൽ അവർ പ്രസിദ്ധപ്പെടുത്തിയ "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ" എന്നറിയപ്പെടുന്ന വിപ്ലവകരമായ വിജ്ഞാപനമാണു് ഈ സമരകാഹളത്തിന്റെ ആദ്യത്തെ മുഴക്കം. കാൾമാക്ക്സിന്റെ കാലത്തു ലണ്ടനിൽ ഒരു കമ്മ്യൂണിസ്റ്റ് ലീഗ് ഉണ്ടായിരുന്നു. "സകല മനുഷ്യരും സഹോദരന്മാരാണു്" എന്ന മുദ്രാവാക്യമായിരുന്നു അവർ സ്വീകരിച്ചിരുന്നതു്. അതു മാറ്റി "അഖിലലോക തൊഴിലാളികളേ, സംഘടിക്കുവിൻ" എന്ന മുദ്രാവാക്യം പകരം സ്വീകരിക്കുവാൻ മാക്ക്സും എൻഗൽസും ലീഗിനെ പ്രേരിപ്പിച്ചു. തദനന്തരം അവർ ആ കമ്മ്യൂണിസ്റ്റ് ലീഗിൽ ചേർന്നു പുതുതായി സ്വീകരിച്ച പ്രസ്തുത മുദ്രാവാക്യം തൊഴിലാളിലോകത്തിനു സമരാദർശമായി അവർ പ്രദാനം ചെയ്തു. അതിനു താങ്ങായി ഒരു തത്വസംഹിതയെ അവർ കെട്ടിപ്പടുക്കുകയുണ്ടായി. ആ സംഹിതയെ ഉൾക്കൊള്ളുന്ന അവരുടെ വിജ്ഞാപനമാണു് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ.

ഈ വിജ്ഞാപനം പ്രസിദ്ധം ചെയ്തിട്ട് ഇപ്പോൾ ഒരു നൂറ്റാണ്ടു തികഞ്ഞിരിക്കുന്നു. തൊഴിലാളി-മുതലാളി ലോകത്തിൽ ഉണ്ടാകാനിരിക്കുന്ന പരിവർത്തനങ്ങളെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ കാൾമാക്ക്സ് ഖണ്ഡിതമായി പ്രവചനം ചെയ്തിട്ടുണ്ടു്. ആ പ്രവചനങ്ങളെപ്പറ്റി അക്കാലത്തും അതിനടുത്തു പിൻപുള്ള കാലത്തും ജീവിച്ചിരുന്നവർക്കു ഒരു വിധിയും പറയുവാൻ സാധിക്കുമായിരുന്നില്ല. കാലം കണ്ടുമാത്രമേ അവ ശരിയോ തെറ്റോ എന്നു നിർണ്ണയിക്കുവാൻ പാടുണ്ടായിരുന്നുള്ളു. തന്മൂലം മാക്ക്സിന്റെ അനുയായികൾ അദ്ദേഹത്തിന്റെ പ്രവചനങ്ങളെ കണ്ണടച്ചുവിശ്വസിച്ചു; അവ ചൂണ്ടിക്കാണിച്ചുകൊടുത്ത വിപ്ലവമാർഗ്ഗങ്ങളിൽ മതവിശ്വാസയോഗ്യമായ ഉറപ്പോടും ഉത്സാഹത്തോടുംകൂടി അവർ ചരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇപ്പോൾ ആ നില മാറിയിരിക്കുന്നു. കാലം നമ്മുടെ ഭാഗത്താണു്. പ്രവചനങ്ങൾക്കു ശേഷം ഒരുനൂറുകൊല്ലം കടന്നുപോയി. സുദീർഘമായ ഈ കാലത്തിനുള്ളിൽ തൊഴിലാളി-മുതലാളി ലോകത്തിൽ സംഭവിച്ചിട്ടുള്ള പരിവർത്തനങ്ങൾ സകലരുടേയും കൺമുമ്പിലിരിക്കുന്നു. അവയെ മാനദണ്ഡമാക്കി പരിശോധിക്കുന്ന പക്ഷം ആർക്കും കാണുവാൻ കഴിയും, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ പ്രവചനങ്ങൾ പാടേ തെറ്റിപ്പോയെന്നു്.

## മാക്ക്സിന്റെ കാലത്തു് തൊഴിലാളികളുടെ സ്ഥിതി

മാക്ക്സിന്റെ പ്രവചനങ്ങളിൽ സർവ്വപ്രധാനം തൊഴിലാളികളുടെ ഭാവിജീവിതസ്ഥിതിയെപ്പറ്റിയുള്ളതാണു്. മാനിഫെസ്റ്റോ പ്രസിദ്ധപ്പെടുത്തിയ കാലത്തു് തൊഴിലാളികളുടെ ജീവിതസ്ഥിതി ഏറ്റവും പരിതാപകരമായിരുന്നു. ഇംഗ്ലണ്ടിൽ കുഞ്ഞുങ്ങളെക്കൊണ്ടു വേലയെടുപ്പിച്ചിരുന്ന സമ്പ്രദായം അനുസ്മരിച്ചാൽ മതി, അന്നത്തെ മുതലാളിമാരുടെ രാക്ഷസീയമായ നിർദ്ദയത്വവും അതിനു വിധേയമാക്കപ്പെട്ട തൊഴിലാളികളുടെ വിലപനീയമായ ജീവിതദുരിതവും ഏതാണ്ടു മനസ്സിലാക്കുവാൻ. ഒരു വൈദികഗ്രന്ഥകാരൻ അതു വിവരിച്ചിരിക്കുന്നതിങ്ങനെയാണു്:

"അഞ്ചും ആറും വയസ്സുള്ള കുഞ്ഞുങ്ങളെ അമ്മമാരുടെ മടിയിൽനിന്നു കൂട്ടംകൂട്ടമായി പിടിച്ചുകൊണ്ടുപോയി വിദൂരസ്ഥലങ്ങളിൽ അടിമകളെപ്പോലെ ഫാക്ടറികളിൽ വേലചെയ്യുവാൻ ഏല്പിച്ചിരുന്നു. രാവിലെ അഞ്ചോ ആറോ മണിമുതൽ രാത്രി ഒൻപതോ പത്തോ മണിവരെ സാമാന്യമായി അവരെക്കൊണ്ടു വേലചെയ്യിച്ചിരുന്നു. അവരുടെ കൈകാലുകൾ കുഴയുകയും ശക്തി ക്ഷയിക്കുകയും ചെയ്താൽ അതിനു പ്രതിവിധി ചാട്ടകൾകൊണ്ടുള്ള അടിയായിരുന്നു. പകൽ ജോലിസമയത്തു അവരെ യന്ത്രങ്ങളോടുചേർത്തു ചങ്ങലയാൽ ബന്ധിച്ചിരുന്നു; രാത്രിസമയം അവരെ മൃഗങ്ങളെപ്പോലെ മുറികൾക്കുള്ളിൽ അടച്ചിട്ടിരുന്നു. അർദ്ധപ്പട്ടിണിക്കാരും അർദ്ധനഗ്നരുമായ ആ കുഞ്ഞുങ്ങളെ നാൽക്കളെപ്പോലെ ഭാരവണ്ടികൾ കെട്ടിയിരുന്നു. കാലുകളോടൊപ്പം കരങ്ങളും കുത്തി നീന്തിക്കൊണ്ടാണു് അവർ വണ്ടികൾ വലിക്കേണ്ടിയിരുന്നതു്. കൽക്കരിഖനികളിലെ കുഴികളിൽനിന്നു നീണ്ടതും ഇരുളടഞ്ഞതുമായ ഇടനാഴികളിൽകൂടി കൽക്കരി കയറ്റിയ ഭാരവണ്ടികൾ വലിച്ചു് അവർ വെളിയിൽ കൊണ്ടുവരണം. അനന്തരം വീണ്ടും ഖനിയിലെ ഇരുട്ടറയിലേക്കു പോകണം. ആ പോക്കിൽ മാതാവിന്റെ സ്നേഹത്തിനു പകരം വണ്ടിക്കാരന്റെ ശാപമാണു് അവരെ അനുഗമിച്ചിരുന്നതു്. വേലയുടെ കാഠിന്യത്താലും അഴുക്കുനിറഞ്ഞ പരിതസ്ഥിതികളാലും ഭക്ഷണത്തിന്റെ വലിയ കുറവിനാലും ആ കുഞ്ഞുങ്ങൾ നാനാവിധരോഗങ്ങൾക്കു വിധേയരാവുകയും മൃതിയടയുകയും ചെയ്താൽ മുതലാളികൾക്കെന്തുചേതം? കൂട്ടംകൂട്ടമായിത്തന്നെ വേറെ കുഞ്ഞുങ്ങളെ അവരുടെ ആദായമോഹത്തിനു ബലികഴിക്കുവാൻ ധാരാളം കിട്ടുന്നതാണു്."

തൊഴിലാളികളുടെ ഈ ദയനീയസ്ഥിതി കാലംചെല്ലുന്തോറും ഭേദപ്പെടുന്നതിനു പകരം കൂടുതൽകൂടുതൽ മോശമായിത്തീരുമെന്നായിരുന്നു മാക്ക്സിന്റെ വിചാരം. അതിന്റെ ദുസ്സഹതയാൽ തൊഴിലാളികൾ ലോകമാസകലം ഒന്നുചേർന്നുകൊണ്ടു് മുതലാളികളെ സമൂലം നശിപ്പിക്കുമെന്നാണു് മാക്ക്സ് പ്രവചിച്ചതു്. ഈ പ്രവചനത്തെ ആധാരമാക്കിക്കൊണ്ടുള്ള സമരാഹ്വാനത്തോടുകൂടിയാണു് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ഉപസംഹരിക്കുന്നതു്. "അഖിലലോക തൊഴിലാളികളേ, സംഘടിക്കുവിൻ" എന്നതാണു് മാനിഫെസ്റ്റോയിലെ അവസാനവാക്യം.

കാൾമാക്ക്സിന്റെ പ്രസ്തുത പ്രവചനം ദിവാസ്വപ്നം മാത്രമായിട്ടാണു് കലാശിച്ചിരിക്കുന്നതു്. മാക്ക്സിന്റെ കാലത്തിനുശേഷം തൊഴിലാളികളുടെ ജീവിതസ്ഥിതി കൂടുതൽ മോശമാവുകയല്ല, പ്രത്യുത നന്നാവുകയാണു് ചെയ്തിട്ടുള്ളതെന്നു് അനുഭവം തെളിയിക്കുന്നു. ഈ പരിവർത്തനത്തിനു പലകാരണങ്ങൾ പറയുവാനുണ്ടു്. അതിലൊന്നു്, മാക്ക്സിന്റെ കാലത്തിനുശേഷം മുതലാളികൾക്കു പൊതുവിലുണ്ടായ ഹൃദയപരിവർത്തനമാകുന്നു.

## മുതലാളികൾക്കു പൊതുവിൽ ഹൃദയപരിവർത്തനമുണ്ടായി

ലോകമാസകലം മുതലാളികൾക്കുണ്ടായിട്ടുള്ള ഹൃദയപരിവർത്തനത്തിനു അനേകം ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണു്. തൊഴിലാളികളുടെ സംഘടനാശക്തി വളരെ വർദ്ധിച്ചിട്ടുള്ള വിദേശങ്ങളെ വിട്ടുകൊണ്ടു്, തൊഴിലാളികൾ ഇനിയും വേണ്ടവോളം സംഘടിച്ചിട്ടില്ലാത്ത ഇൻഡ്യയിലെ സ്ഥിതി ഉദാഹരണാർത്ഥം ചൂണ്ടിക്കാണിക്കാം.

ബംഗാളിലെ സ്റ്റീൽ കോർപ്പറേഷനിലെ ഷെയർകാരുടെ വാർഷികസമ്മേളനം 1947 സെപ്റ്റംബർ 23-ാംനു കൽക്കട്ടായിൽ കൂടുകയുണ്ടായി. തദവസരത്തിൽ കോർപ്പറേഷന്റെ ചെയർമനായ സർ ബീരൻ മുക്കർജി ചെയ്ത പ്രസംഗത്തിൽ താഴെ കാണുംവിധം പ്രസ്താവിച്ചിരുന്നു:—

"അടിസ്ഥാനക്കൂലികൾ $12\frac{1}{2}$ ശതമാനം വർദ്ധിപ്പിച്ചിരിക്കുന്നു. ക്ഷാമബത്ത സാധനങ്ങളായി മുമ്പുകൊടുത്തിരുന്നതു ഇപ്പോൾ 23 രൂപായായി കൂട്ടിയിരിക്കുന്നു. പാർപ്പിടങ്ങൾ നൽകുവാൻ കോർപ്പറേഷനു സാധിക്കാത്ത സ്ഥലങ്ങളിൽ വീട്ടുവാടകയ്ക്കായി 3 രൂപാ നൽകിക്കൊണ്ടിരിക്കുകയാണു്. തൊഴിലാളികൾക്കായി ഒരു പ്രോവിഡന്റു ഫണ്ടും നടത്താൻ പോകുന്നു. അതിൽ തൊഴിലാളികൾ അവരുടെ കൂലിയുടെ $8\frac{1}{3}$ ശതമാനം അടയ്ക്കുകയും അത്രതന്നെ സംഖ്യ കോർപ്പറേഷൻ നൽകുകയും ചെയ്യും. തൊഴിലാളികൾ റിട്ടയർ ചെയ്യുന്നകാലത്തേക്കു ഒരു ഗ്രാറ്റുയിറ്റി പദ്ധതിയും ഏർപ്പെടുത്തുന്നതാണു്. അതനുസരിച്ച് കമ്പനിയിൽ സേവനം ചെയ്തിട്ടുള്ള മുഴുവൻ വർഷം ഓരോന്നിനും അരമാസത്തെ ശമ്പളം വീതം കണക്കാക്കി, റിട്ടയർ ചെയ്തുകഴിഞ്ഞാൽ സൗജന്യവേതനം ഓരോ തൊഴിലാളിക്കും നൽകുന്നതാണു്. ഇതിനെല്ലാം പുറമെ ആസ്പത്രികൾ, തൊഴിലാളിപ്പാർപ്പിടങ്ങൾ, സ്കൂളുകൾ, ഡിസ്പെൻസറികൾ മുതലായ മററു സൗകര്യങ്ങൾക്കുവേണ്ടിയുള്ള ഒരു പഞ്ചവത്സരപദ്ധതി പ്രസ്തുത കമ്പനിയും ഇൻഡ്യൻ അയേൺ ആൻറു് സ്റ്റീൽ കമ്പനിയുംകൂടി യോജിച്ചു തയാറാക്കിയിട്ടുണ്ടു്. ഇവയ്ക്കെല്ലാംകൂടി പ്രതിവർഷം ഏകദേശം 300,000 രൂപാ കോർപ്പറേഷൻ ചിലവാക്കേണ്ടിവരുമെന്നാണു് കണക്കാക്കിയിട്ടുള്ളതു്. ഇതൊരു വലിയ ഭാരമാണെന്നു സമ്മതിക്കണം. എങ്കിലും അതു വഹിക്കേണ്ടതു ന്യായം മാത്രമാണു്. എന്നാലേ തൊഴിലാളികൾക്കു അവരുടെ ഭാഗം നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളു."

മുതലാളികൾ കാലം ചെല്ലുന്തോറും തൊഴിലാളികളോടു കൂടുതൽ കൂടുതൽ നിർദ്ദയമായി പെരുമാറുമെന്നുള്ള കാൾമാക്ക്സിന്റെ പ്രവചനം തെറ്റിയെന്നു് ഇൻഡ്യയിലെ ഈ ദൃഷ്ടാന്തം തന്നെ തെളിയിക്കുന്നില്ലയോ?

## തൊഴിലാളിസംഘടനയുടെ ക്ഷേമകരമായ പ്രവർത്തനങ്ങൾ

ഇൻഡ്യയിലെ മുതലാളികൾക്കു പൊതുവിൽ ഉണ്ടായിരിക്കുന്ന ഈ ഹൃദയപരിവർത്തനത്തിന്റെ ഗുണഫലം ഇൻഡ്യയിലെ തൊഴിലാളികൾ അനുഭവിച്ചുതുടങ്ങിയിരിക്കുകയാണു്. ഇതിനൊരു ദൃഷ്ടാന്തവും ചൂണ്ടിക്കാണിക്കാം. അഹമ്മദബാദിൽ "ടെക്സ്റ്റയിൽ ലേബർ അസോസിയേഷൻ" എന്നൊരു സംഘടനയുണ്ടു്. 1920-ൽ ആണു് അതു സ്ഥാപിക്കപ്പെട്ടതു്. ഇപ്പോൾ അതിനു് 60,000 ത്തിൽ താഴെ അംഗങ്ങളുണ്ടു്. ഈ അസോസിയേഷന്റെ ഒരു പ്രത്യേകത അവർ മില്ലുടമസ്ഥന്മാരുടെ അസോസിയേഷനുമായി യോജിപ്പിൽ ഏർപ്പെടുകയും, അവകാശവാദങ്ങൾ പുറപ്പെടുവിക്കുന്നതിനും തർക്കങ്ങൾ തീരുമാനിക്കുന്നതിനും വേണ്ടി ഒരു രഞ്ജകസമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുള്ളതാണു്. ഇതിന്റെ ഫലമായി ഈ സംഘടനയിലെ തൊഴിലാളികൾക്കു വളരെ ചുരുക്കം പണിമുടക്കുകൾ നടത്തേണ്ട ആവശ്യമേ നേരിടുകയുണ്ടായിട്ടുള്ളു. ഈ അസോസിയേഷൻ വിപുലമായ തോതിൽ ക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ തൊഴിലാളികൾക്കായി നടത്തുന്നുണ്ടു്. പകൽസ്കൂളുകൾ, രാത്രിസ്കൂളുകൾ, പെൺകുട്ടികൾക്കായുള്ള ഒരു ബോർഡിംഗ് ഹൗസ്, ആൺകുട്ടികൾക്കായി പാഠകളരികൾ, പ്രയോജനവിദ്യാഭ്യാസക്ലാസുകൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, കായികവിദ്യാഭ്യാസകേന്ദ്രങ്ങൾ, വേണ്ട സജ്ജീകരണങ്ങളോടുകൂടിയ ഒരു ഡിസ്പെൻസറിയും ആശുപത്രിയും — ഇതൊക്കെയാണു് അസോസിയേഷന്റെ പ്രവർത്തനങ്ങൾ. പകൽസ്കൂളുകൾക്കും രാത്രിസ്കൂളുകൾക്കും വേണ്ടി അസോസിയേഷനിൽനിന്നു തന്നെ ഏകദേശം 600,000 രൂപാ ചിലവുചെയ്തിട്ടുണ്ടു്. ഇതിൽനിന്നു അതിന്റെ പ്രവർത്തനങ്ങളുടെ വൈപുല്യം ഏതാണ്ടു ഗ്രഹിക്കാവുന്നതാണല്ലോ. തൊഴിലാളികളുടെ വിദ്യാഭ്യാസപരവും ആരോഗ്യപരവും മററുമായ സുഖസൗകര്യങ്ങൾക്കുവേണ്ടി അസോസിയേഷനിൽനിന്നു കൊല്ലംതോറും 70,000 രൂപാ ചിലവുചെയ്യുന്നുണ്ടു്. അസോസിയേഷന്റെ വരുമാനം 1939-40-ൽ 62224 രൂപാ ആയിരുന്നു.

തൊഴിലാളികളുടെ ജീവിതം കാലം ചെല്ലുന്തോറും കൂടുതൽ കൂടുതൽ ദുസ്സഹമായിത്തീരുമെന്നുള്ള കാൾമാക്ക്സിന്റെ പ്രവചനം തെറ്റിയെന്നല്ലയോ ഈ ദൃഷ്ടാന്തം ചൂണ്ടിക്കാണിക്കുന്നതു്?

## ഷൺമുഖം പറയുന്നു മാക്ക്സിനു തെറ്റിയെന്നു്

കാൾമാക്ക്സിന്റെ പ്രവചനങ്ങൾക്കു പറ്റിയ ഈ തെറ്റിനെപ്പറ്റി ഇൻഡ്യായൂണിയന്റെ ധനകാര്യമന്ത്രിയായിരുന്ന ഷൺമുഖം ചെട്ടിയവർകൾ സാക്ഷ്യം വഹിക്കുന്നു. കേന്ദ്രനിയമസഭയിൽ വിമർശനങ്ങൾക്കു മറുപടി പറഞ്ഞകൂട്ടത്തിൽ അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചതിങ്ങനെയാണു്:—

"കാൾമാക്ക്സ് സാമ്പത്തികസമുദായത്തിന്റേയും സാമൂഹ്യനീതിയുടേയും സിദ്ധാന്തസംഹിത പ്രഖ്യാപനം ചെയ്തപ്പോൾ അദ്ദേഹം തന്റെ ചുററും കണ്ട വ്യവസായദശ ജനനമെടുത്തിട്ടേ ഉണ്ടായിരുന്നുള്ളു. സമുദായത്തിലെ ബലഹീനവർഗ്ഗങ്ങളോടു ചെയ്യുന്ന ചൂഷണം നിറഞ്ഞതായിരുന്നു അതു്. ആ ദർശനയിൽനിന്നു അദ്ദേഹം സ്വാഭാവികമായി ഒരു നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. അതായതു്, നിലവിലിരിക്കുന്ന സമുദായത്തെ തല്ലിത്തകർത്താൽ മാത്രമേ സാമൂഹ്യനീതി സംസ്ഥാപിക്കപ്പെടുവാൻ സാധിക്കുകയുള്ളുവെന്നു്.

"എന്നാൽ കാൾമാക്ക്സിന്റെ കാലത്തിനുശേഷം സാമ്പത്തികകാര്യങ്ങൾ നിർവ്വഹിക്കുന്ന വിദഗ്ദ്ധമായ രീതിയുടേയും ഉപകരണങ്ങളുടേയും വിഷയത്തിൽ നാം വളരെയധികം പുരോഗമിച്ചിട്ടുണ്ടു്. നിയന്ത്രണമാകുന്ന ഉപകരണത്തെപ്പറ്റി മാക്ക്സിനും അദ്ദേഹത്തെ തുടർന്നുള്ള കാലത്തെ അനുയായികൾക്കും യാതൊരുബോധവും ഉണ്ടായിരുന്നില്ല. നികുതി ഈടാക്കുന്ന വിദഗ്ദ്ധമായ രീതിയെപ്പററിയും അവർ ഒന്നും അറിഞ്ഞിരുന്നില്ല. മുതലാളികളുടെ കൂട്ടുകമ്പനികൾക്കെതിരായും തൊഴിലാളികളുടെ അവകാശവാദങ്ങൾക്കനുകൂലമായും പ്രയോഗത്തിൽ വരുത്തപ്പെട്ട നിയമങ്ങളെപ്പററിയും അവർക്കു് ഒരു ബോധവും ലഭിച്ചിരുന്നില്ല. ബ്രിട്ടനെപ്പോലെയുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കു നല്ലവണ്ണം മനസ്സിലായിത്തുടങ്ങിയിരിക്കുകയാണു്, നിലവിലിരിക്കുന്ന അടിസ്ഥാനതത്വങ്ങളിൽ ഉചിതങ്ങളായ ഭേദഗതികൾ വരുത്തിക്കൊണ്ടു് ഒരു പുതിയ സാമ്പത്തികവ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ സാദ്ധ്യമാണെന്നും."

കണ്ടാലും, കാൾമാക്ക്സിനു പിണഞ്ഞ അബദ്ധം!! മുതലാളികൾ കൂടുതൽ കൂടുതൽ നിർദ്ദയരായിത്തീരുമെന്നു് അദ്ദേഹം പ്രവചിച്ചു. എന്നാൽ അനുഭവം മറിച്ചായി. അവർ കൂടുതൽ കൂടുതൽ നീതിയും ദയയും ഉള്ളവരായിത്തീർന്നുകൊണ്ടിരുന്നു. തൊഴിലാളികൾ കൂടുതൽ കൂടുതൽ ദുരിതമനുഭവിക്കുമെന്നു് അദ്ദേഹം പ്രവചിച്ചു. അതിലും അനുഭവം നേരെ മറിച്ചായി. തൊഴിലാളിയുടെ ജീവിതം കൂടുതൽ കൂടുതൽ മെച്ചമായിത്തീർന്നു. താൻ ജീവിച്ചിരുന്ന കാലത്തിലെ സമ്പ്രദായങ്ങൾ തുടരുകയും ശക്തിപ്പെടുകയും ചെയ്യുമെന്നായിരുന്നു മാക്ക്സിന്റെ ഊഹം. അതു തികച്ചും അബദ്ധമായി പരിണമിച്ചിരിക്കുന്നു. കാരണം, കാൾമാക്ക്സ് ശരിയായ ചരിത്രജ്ഞാനമോ തത്വജ്ഞാനമോ ഉള്ള ആൾ അല്ലായിരുന്നു. സർവ്വോപരി അദ്ദേഹം ഒരു വികാരിയായിരുന്നു. വിപ്ലവാസക്തിയാൽ ചരിത്രത്തിന്റേയും തത്വജ്ഞാനത്തിന്റേയും യാഥാർത്ഥ്യങ്ങൾ വിസ്മരിച്ചുകൊണ്ടു് വിപ്ലവത്തിലേക്കു തൊഴിലാളികളെ ആഹ്വാനം ചെയ്യാനായിരുന്നു അദ്ദേഹത്തിന്റെ ബദ്ധപ്പാടു്. അതിനുവേണ്ടി സങ്കല്പിതങ്ങളായ ചില സിദ്ധാന്തങ്ങൾ കെട്ടിപ്പടുത്തുവെന്നേയുള്ളു.

## കത്തോലിക്കാ ആസ്പത്രികൾ

അമേരിക്കൻ ഐക്യനാടുകളിൽ ഇപ്പോൾ 776 കത്തോലിക്കാ ആസ്പത്രികളുണ്ടു്. അവയിൽ 23 എണ്ണം യുദ്ധാനന്തരം ഉണ്ടായവയാണു്. 283 സന്യാസസമൂഹങ്ങളിൽപെട്ട 25000-ത്തോളം കന്യാസ്ത്രീകളും സഹോദരന്മാരുമാണു് പ്രസ്തുത ആസ്പത്രികളുടെ മേൽനോട്ടം വഹിക്കുന്നതു്. 30 ലക്ഷം രോഗികളെ പ്രതിവർഷം അവയിൽ ചികിത്സിച്ചുവരുന്നുണ്ടു്.

## അമേരിക്കൻ ജെസ്യൂററ്സ്

ഈശോസഭയിലാകെയുള്ള 28420 അംഗങ്ങളിൽ 6282 പേർ വടക്കേ അമേരിക്കയിൽനിന്നുള്ളവരാണു്.

# ദൈവമാതാവിൻെറ ലുത്തനിയ

(എമ്മാനുവൽ പള്ളിക്കുന്നൻ)

കാത്തോലിക്കാ ജനതതി, ദൈനംദിനമെന്നോണം ജപമാലയുടെ അവസാനവും പരിശുദ്ധ കന്യകാമറിയത്തിൻെറ തിരുനാൾ മഹാമഹങ്ങളിലും ഭക്തിപുരസ്സരം ചൊല്ലിവരുന്ന ഒരു അത്യുൽകൃഷ്ടപ്രാർത്ഥനാസഞ്ചയമാണല്ലോ മാതാവിൻെറ ലുത്തനിയ. ഈ പ്രാർത്ഥന നമ്മുടെ പ്രതിദിനജീവിതത്തിലുപയോഗത്തിലിരിക്കുന്ന ഒന്നാണെങ്കിലും, ഇതിൻെറ ആരംഭം, ഔൽകൃഷ്ട്യം, അർത്ഥവ്യാപ്തി എന്നിവയെപ്പററി കൂലങ്കഷമായി വിചിന്തനം ചെയ്തിട്ടുള്ളവർ വളരെ വിരളമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഏതദ്വിഷയത്തെ അധികരിച്ചുള്ള ഒരു ലഘുപ്രതിപാദനം തികച്ചും സ്വീകാര്യവും ഉപയോഗയോഗ്യവുമായിരിക്കുമല്ലോ.

"ലുത്തനിയ" എന്ന പദം ഒരു ഗ്രീക്കപദത്തിൽനിന്നും ആവിർഭവിച്ചിട്ടുള്ളതാണു്. അതിനു് സാമാന്യമായി അപേക്ഷ, യാചന എന്നിങ്ങനെയെല്ലാമാണു് അർത്ഥം കല്പിച്ചുകാണുന്നതു്. "ലുത്തനിയ" എന്ന പദംകൊണ്ടു് നാം വിവക്ഷിക്കുന്നതു് ആവർത്തിച്ചാവർത്തിച്ചുള്ള പ്രാർത്ഥനകൾ, യാചനകൾ, അപദാനങ്ങൾ എന്നിവ അടങ്ങിയതും, തിരുസ്സഭയിലുപയോഗത്തിലിരിക്കുന്നതുമായ ഒരു പ്രാർത്ഥനാസംഹിതയെന്നാണു്. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിൻെറ നേർക്കു നമുക്കുള്ള നിർവ്യാജമായ ഭക്തിസ്നേഹബഹുമാനാദരങ്ങളുടെ ഒരു ബഹിസ്ഫുരണമായി നാം ഭക്തിസമന്വിതം ചൊല്ലിവരുന്ന ഒരു പ്രാർത്ഥനാസഞ്ചയമെന്നാണു്, മാതാവിൻെറ ലുത്തനിയയെന്നു ശ്രവിക്കുമ്പോൾ നാം ഗ്രഹിക്കുന്നതു്. ഇതു് അമലമനോഹരിയായ നമ്മുടെ അമ്മക്കു പ്രിയങ്കരമായ ഒരു മോഹനപ്രാർത്ഥനയാണെന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിസ്പർശമുണ്ടെന്നു തോന്നുന്നില്ല. ആലോചനാമൃതങ്ങളായ എത്രയെത്ര സച്ചിന്തകൾ അതിൽ അടങ്ങിയിട്ടില്ല! അത്യുൽകൃഷ്ടങ്ങളായ എത്രയെത്ര തത്വസംഹിതകൾ—ഭക്തിരസനിഷ്യന്ദികളായ എത്രയെത്ര യാചനകൾ—മാതാവിനെ പരാമർശിക്കുന്ന എത്രയെത്ര മനംകുളിർപ്പിക്കുന്ന മധുസ്മരണകൾ—അതിൽനിക്ഷിപ്തമായിട്ടില്ല!! അതേ ഒരു യഥാർത്ഥദൈവമാതൃഭക്തനു് ത്രൈലോക്യപൂജ്യയായ— അലോകസുന്ദരിയായ—ഈ മഹിളാമണിയെ സ്തുതിക്കുന്നതിനു് ഇതിനെക്കാൾ വിശിഷ്ടമായ ഒരു പ്രകീർത്തനം എവിടെ ദർശിക്കുവാൻ കഴിയും?

പല പല നൂററാണ്ടുകളിലായി വിശിഷ്യ 17-ാം നൂററാണ്ടു തുടങ്ങി നിരവധി പണ്ഡിതവരേണ്യരുടേയും സഭാശാസ്ത്രനിപുണന്മാരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കും അഭിനന്ദനത്തിനും പാത്രീഭവിച്ചിട്ടുള്ള ഈ ലുത്തനിയായുടെ ആരംഭത്തെപ്പററി പ്രബലമായ തെളിവുകളോ, അസന്നിഗ്ദ്ധങ്ങളായ രേഖകളോ നമുക്കു് കാര്യമായി യാതൊന്നും തന്നെ ലഭിച്ചിട്ടില്ലെന്നു് പറയേണ്ടിയിരിക്കുന്നു. ചില ചരിത്രകാരന്മാർ ഏതദ്വിഷയത്തെപ്പററി മൂകതയവലംബിക്കുകമാത്രമാണു് ചെയ്തിട്ടുള്ളതു്. അതേസമയം ചിലർ തങ്ങൾക്കു് ലുത്തനിയയുടെ ആരംഭം എന്നു മുതലാണെന്ന വസ്തുത തികച്ചും അജ്ഞാതമാണെന്നു് പ്രസ്താവിച്ചിരിക്കുന്നു. നസ്രസ്സിലെ തിരുക്കുടുംബം ലൊറേത്തോയിലേക്കു് മാററപ്പെട്ടനാൾ മുതലാണു് (1291?) ഈ ലുത്തനിയയുടെ ഉത്ഭവമെന്നു ചിലർ പറയുമ്പോൾ, അല്ല, സെർജിയൂസ് മാർപ്പാപ്പായുടെ കാലം (687) മുതലാണെന്നു് വേറൊരു കൂട്ടരും, അതുമല്ല പിന്നെയോ മഹാനായ ഗ്രിഗരിപ്പുണ്യവാൻെറ കാലത്തോ അഥവാ 5-ാം നൂററാണ്ടിലോ ആണു് ഇതിൻെറ ആരംഭമെന്നു് മററു കൂട്ടരും വാദിക്കുന്നു. ചില ചരിത്രാന്വേഷികൾ ഇതിൻെറ ആരംഭം ആരാഞ്ഞാരാഞ്ഞു് തിരുസ്സഭയുടെ ആദിമശതാബ്ദം വരെ, അല്ലാ അപ്പസ്തോലിക കാലം വരെ പോയതായും കാണുന്നു. എന്നാൽ ചരിത്രനിരീക്ഷണവിചക്ഷണന്മാർ പറയുന്നതു് ലുത്തനിയയുടെ ആരംഭം അന്വേഷിച്ചു് അത്രമാത്രമങ്ങു് പുറകോട്ടു പോകേണ്ടതില്ലെന്നാണു്. പതിനാലാം നൂററാണ്ടിലോ പതിനഞ്ചാം നൂററാണ്ടിൻെറ അവസാനഭാഗത്തോടുകൂടിയോ മാത്രമാണു് ഇതു് വിരചിതമായിട്ടുള്ളതെന്നത്രെ അവരുടെ അഭിമതം. ഏതായാലും ദൈവമാതൃലുത്തനിയ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലെന്നുള്ളതു് സുസ്പഷ്ടമാണു്. അതിനു് അനേകം നൂററാണ്ടുകളുടെ പഴക്കമുണ്ടു്. സഭാചരിത്രത്തിൻെറ ഏടുകൾ ഒന്നൊന്നായി പുറകോട്ടു മറിച്ചുനോക്കിയാൽ, ലുത്തനിയയുടെ ഏററവും പ്രാചീനകോപ്പികളായി നാം കാണുന്നതു് 1558-ൽ ജർമ്മൻ ഭാഷയിലും 1576-ൽ ഇററാലിയൻ ഭാഷയിലും വിരചിതങ്ങളായിട്ടുള്ളവയാണു്. എന്നുവരികിലും ലുത്തനിയയുടെ കാതലായ ഭാഗം ഇതിനൊക്കെ വളരെമുമ്പു് സമാരംഭിച്ചതാണു്. ലൊറേത്തോലുത്തനിയയുടെ അച്ചടിച്ച പ്രതികൾ ആദ്യമായി പ്രത്യക്ഷപ്പെട്ടതു് 1557-ലൊ 1558-ൻെറ പ്രാരംഭത്തിലൊ ആണെന്നു് അഭിപ്രായപ്പെടുന്നവരും ഇല്ലാതില്ല. അതു് മിക്കവാറും ജർമ്മൻഭാഷയിൽ പ്രസിദ്ധപ്പെടുത്തിയതു് വാഴ്ത്തപ്പെട്ട കനീസ്സിയസ്സിനാലാണെന്നാണു് ഡോക്ടർ പൗലിയൂസിൻെറ അഭിപ്രായം.

രഹസ്യപ്രാർത്ഥനയ്ക്കായി ഉപയോഗത്തിലിരുന്ന ഒരു പ്രാചീന "സെൽററിക്" ഗ്രന്ഥത്തിൽ ഏററവും മനോഹരവും ലൊറേത്തോ ലുത്തനിയയോടു ഏതാണ്ടു് സാധർമ്മ്യമുള്ളതുമായ ഒരു പ്രാർത്ഥന ദർശിക്കാവുന്നതാണു്. ലുത്തനിയ ഒരു വിധത്തിൽ പറഞ്ഞാൽ, മാതാവിൻെറ അപദാനങ്ങളെ വിളിച്ചുകൊണ്ടുള്ള ഒരു പ്രാർത്ഥനയാണല്ലോ. ഈദൃശങ്ങളായ പ്രാർത്ഥനകൾ പൂർവ്വസഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും നമുക്കു കാണാവുന്നതാണു്. സ്ഥലദൗർലഭ്യത്താൽ അവ ഒന്നുംതന്നെ ഇവിടെ സമുദ്ധരിക്കണമെന്നു് വിചാരിക്കുന്നില്ല. ഒരു കണക്കിൽ പറഞ്ഞാൽ ലുത്തനിയയുടെ ആരംഭം ഗബ്രിയേൽ ദൈവദൂതനിൽനിന്നാണെന്നു പറയരുതോ? "നന്മനിറഞ്ഞവളെ! നിനക്കു സ്വസ്തി, കർത്താവു് നിന്നോടുകൂടെ" എന്നു ഗബ്രിയേൽ തൻെറ മംഗലവാർത്തയിൽപാടിയതിനെ, "സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ, നിൻെറ ഉദരഫലവും വാഴ്ത്തപ്പെട്ടതു്" എന്ന വാക്കുകളിൽ വി. എലിശബാമ്മ തുടരുകയും നസ്രസ്സിലെ ചെറുഭവനം മുതൽ കാൽവരിഗിരിവരെയുള്ള കാലഘട്ടത്തിൽ, യേശുനാഥൻ "അമ്മേ!" "അമ്മേ!" എന്ന സുമധുരനാമത്താൽ അതിൻെറ മാഹാത്മ്യത്തിനു മാററുകൂട്ടുകയും അതിനെ മഹത്വീകരിക്കുകയും ചെയ്തില്ലയോ?

ലൊറേത്തോ ലുത്തനിയ എന്ന പ്രാർത്ഥനാസംഹിത മധ്യശതകങ്ങളിൽ ജീവിച്ചിരുന്ന ലത്തീൻകവികളുടെ കൃതികളിൽനിന്നും സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിൽനിന്നും വി. ഗ്രന്ഥങ്ങളിൽനിന്നും സ്വീകൃതമായിട്ടുള്ളതാണെന്നാണു പറയപ്പെടുന്നതു്. കന്യകാമറിയത്തിൻെറ ബഹുമാനാർത്ഥം നിർമ്മിക്കപ്പെട്ടിട്ടുള്ള സങ്കീർത്തനങ്ങൾ, പ്രാർത്ഥനകൾ എന്നിവ മധ്യശതകങ്ങളിൽ വൈവിധ്യത്തിലും വൈപുല്യത്തിലും നിരവധിയായിരുന്നുവെന്നു് കാണാവുന്നതാണു്. ഇവയിൽ സിംഹഭാഗവും രഹസ്യപ്രാർത്ഥനകൾക്കും ഭക്താനുഷ്ഠാനങ്ങൾക്കും മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. ഇവ്വിധമുള്ള പ്രാർത്ഥനകൾ 12,13, 14 എന്നീ നൂററാണ്ടുകളിൽ സുലഭങ്ങളായിരുന്നു. 'Exercis of the Espousals' എന്ന വി. ജർത്രൂദിൻെറ കൃതിയിൽ ഒരു മനോഹരലുത്തനിയ ദർശിക്കുവാൻ കഴിയും. ഒരിക്കൽ താൻ പ്രലോഭനങ്ങൾക്കു് വശംവദയാകുമെന്നു കണ്ടു് അവൾ ഭയചകിതയായിത്തീർന്നു. അവളുടെ നിസ്സഹായാവസ്ഥയിൽ യേശുനാഥൻ അവൾക്കു് തൻെറ മാതാവിനെ സ്വന്തമായി നല്കി. തദവസരത്തിൽ താൻ എന്തു ചെയ്യണമെന്നാണു് അവിടത്തെ അഭിലാഷമെന്നു് അവൾ ചോദിക്കുകയിൽ ക്രിസ്തുനാഥൻ ഉത്തരം ചെയ്തതെന്താണെന്നോ? "എൻെറ സമീപത്തിൽ ഉപവിഷ്ടയായിരിക്കുന്ന എൻെറ മാതാവിനെ ബഹുമാനിക്കുക; അവളുടെ അപദാനങ്ങളെ അനുസ്യൂതം പ്രകീർത്തിക്കുന്നതിൽ വ്യാപൃതയാവുക." ഇതഃപരം അവൾ മാതാവിൻെറ ബഹുമാനാർത്ഥം ലുത്തനിയപോലുള്ള പല പ്രാർത്ഥനകൾ വിരചിച്ചിട്ടുണ്ടു്. കന്യകാമറിയത്തിൻെറ അപദാനങ്ങളെ പരാമർശിക്കുന്ന വേറെയും ലുത്തനിയകൾ 10-ാം നൂററാണ്ടിൽ അയർലണ്ടിലും ധാരാളം നിലവിലിരുന്നതായി കാണുന്നു. അയറിഷ് മിഷനറിമാർ വഴി അവ ലോകത്തിൻെറ നാനാഭാഗങ്ങളിലും പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. കവിപുംഗവന്മാരുടേയും കലാകാരന്മാരുടേയും കരൾകവരുന്ന പദപ്രയോഗങ്ങളാണു് ഏവംവിധപ്രാർത്ഥനകളിൽ നാം വീക്ഷിക്കുന്നതു്. സാഹിത്യഗുണത്തിൽ മാത്രമല്ല, അർത്ഥപൗഷ്കല്യത്തിലും അവ സമ്പന്നങ്ങളാണു്.

ദൈവമാതാവിനെ സംബന്ധിക്കുന്ന അനേകമനേകം ലുത്തനിയകൾ മധ്യശതകത്തിനു മുമ്പും പിമ്പും നടപ്പിലുണ്ടായിരുന്നുവെന്നു നാം കണ്ടുകഴിഞ്ഞു. ലുത്തനിയകളുടെ എണ്ണവും വണ്ണവും പിന്നെയും വർദ്ധമാനമായിക്കൊണ്ടിരുന്നു. 80—ൽപരം ലുത്തനിയകളാണു് അന്നു പ്രചാരത്തിലും പ്രയോഗത്തിലുമിരുന്നതു്. 1601—ൽ ക്ലെമെൻറ് 7-ാമൻ വിശുദ്ധന്മാരുടെയും ലൊറേത്തോലുത്തനിയയുമൊഴിച്ചു് ബാക്കിയൊന്നുമുപയോഗിച്ചുകൂടായെന്നു കല്പിക്കയുണ്ടായി. ഇവകൂടാതെ അംഗീകൃതലുത്തനിയകൾ തിരുനാമത്തിൻേറയും തിരുഹൃദയത്തിൻേറയും വി. യൗസേപ്പുപിതാവിൻേറയുമാണു്. ലൊറേത്തോയിലെ മാതാവിൻെറ ലുത്തനിയക്കു് അവസാനാംഗീകാരം സംസിദ്ധമായതു് 1587-ൽ ആണു്. ഈ ലുത്തനിയ ഭക്തിപൂർവ്വം ചൊല്ലുന്നവർക്കു 1817-ൽ തിരുസ്സഭ 7വർഷത്തെ ദ.വിമോചനം പ്രദാനംചെയ്തിട്ടുണ്ടു്. നിലവിലിരുന്ന പല ലുത്തനിയകളും ഉപേക്ഷിച്ചിട്ടു ലൊറേത്തോലുത്തനിയ മാത്രം ഇത്രകാര്യമായി സ്വീകരിച്ചതെന്താണെന്ന ഒരു ചോദ്യചിഹ്നം അനുവാചകരുടെ മുമ്പിൽ തല ഉയർത്തിയേക്കാം. അതിൻെറ കാരണം സുഗ്രഹമാണു്. മററു ലുത്തനിയകളുടെയെല്ലാം സമഗ്രമായ ആശയം ഇതിൽ അടങ്ങിയിട്ടുള്ളതുകൊണ്ടും ഇതു് ലോകത്തിൽക്കൂടെ സുവിദിതമായിരുന്നതുകൊണ്ടുമാണു് ഇവ്വിധം സംഭവിച്ചതു്. ലുത്തനിയ ലൊറേത്തോയിലുള്ള ദൈവമാതൃപീഠത്തിൽ എല്ലാ ശനിയാഴ്ചയും തിരുനാൾ മഹങ്ങളിലും ചൊല്ലിവന്നിരുന്നു. ഭക്തരായ തീർത്ഥകരാലും മററും ഇതിനു ക്രമശഃ ലോകത്തിലാകമാനം പ്രചാരവും സംലബ്ധമായെന്നു് പറഞ്ഞാൽമതിയല്ലോ.

15-ാം നൂററാണ്ടു മുതലെങ്കിലും അറിയപ്പെട്ടിട്ടുള്ള ദൈവമാതൃപീഠങ്ങളിൽ വിശ്വവിശ്രുതവും പ്രഥമസ്ഥാനസമർഹവുമായ ഒന്നാണു ലൊറേത്തോയിലെ കന്യകാംബികയുടെ സംപൂജ്യപീഠം. നസ്രസ്സിലെ ആ തിരുഭവനം ലൊറേത്തോയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നതാണു് പ്രസ്തുത സ്ഥലത്തിൻെറ കീർത്തിധാവള്യത്തിനു് മാററു കൂട്ടുന്ന വേറൊരു കാരണം. 1291-ൽ വാനാരൂപികളാൽ പ്രസ്തുത പവിത്രഭവനം ലൊറേത്തോയിൽ കൊണ്ടുവരപ്പെട്ടുവെന്നാണു് പരമ്പരയാ പറയപ്പെടുന്നതു്. ശതാബ്ദകാലങ്ങളിലായി അവിടെ നടന്നിട്ടുള്ളതും ഇപ്പോൾ നടക്കുന്നതുമായ അത്ഭുതങ്ങൾ നിരവധിയാണു്. വി.ഫ്രാൻസിസ് ദിസെയിൽസ്, ചാറത്സ് ബറോമയൊ, അൽഫോൻസ് ലിഗോരി, ഇഗ്നേഷിയസ് എന്നീ പുണ്യവരേണ്യർ ആധ്യാത്മികോൽക്കർഷം പ്രാപിച്ചതും ഇവിടെ നിന്നാണു്. എത്രയെത്ര തീർത്ഥകസംഘങ്ങൾ അവിടെ ദൈവജനനിയുടെ ലുത്തനിയ അനുസ്യൂതം പാടിയിട്ടില്ല! ഇപ്പോഴും എത്രയെത്ര മരിയഭക്തർ ഈ ദിവ്യനാഥയുടെ അപദാനങ്ങൾ അവിടെ തീരാത്തകൊതിയോടെ ആലപിക്കുന്നില്ല!! ലൊറേത്തോയിൽ പോയി മാതൃകീർത്തനം പാടുന്നതിനു നമുക്കു സുസാധ്യമല്ലെങ്കിലും പ്രസ്തുതനാമംസംവഹിക്കുന്ന മാതാവിൻെറ ലുത്തനിയ നമുക്കു്, വെറും അധരചലനംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, അനുദിനം ഭക്തിപ്രചുരിമയോടും സ്നേഹപാരമ്യത്തോടുംകൂടെ ചൊല്ലരുതോ? നമ്മുടെ ജീവിതത്തിനു ഉത്തേജനവും ഉന്മേഷവും പ്രസാദവരസമൃദ്ധിയും പ്രദാനം ചെയ്യുന്നതിനു് ഈ പ്രാർത്ഥനാസംഹിതയ്ക്കുള്ള കഴിവു് അനല്പമാണു്. കത്തോലിക്കരിലേക്കു് അനുഗ്രഹജലം നൈരന്തര്യമായി പ്രവഹിക്കുന്ന ഒരു വററാത്ത നീരുറവയായിട്ടുവേണം ഇതിനെ പരിഗണിക്കുവാൻ. ഇതു എത്രയെത്ര കവികൾക്കും സൗന്ദര്യാരാധകരായ കലാകാരന്മാർക്കും പ്രചോദനം പ്രദാനം ചെയ്തിട്ടില്ല! "എല്ലാ തലമുറകളുംഎന്നെ സൗഭാഗ്യവതിയെന്നു വിളിക്കും" (വി. ലൂക്കാ 1—48) എന്ന ദൈവജനനിയുടെ പ്രവചനം, ഈ ലുത്തനിയാദ്വാരാ അക്ഷരശഃ അന്വർത്ഥമാക്കുകയല്ലേ ചെയ്യുന്നതു്? നമ്മുടെ അമ്മയ്ക്കു ഏററവും പ്രിയങ്കരമായ ഈ പ്രാർത്ഥനയാകുന്ന കീർത്തനമാലിക നമുക്കു് ഇതഃപരം ഭക്തിസമന്വിതം ചൊല്ലുന്നതിനും മററുള്ളവരെക്കൊണ്ടു ചൊല്ലിപ്പിക്കുന്നതിനും തദ്വാരാ ദൈവമാതൃമഹത്വം വർദ്ധിപ്പിക്കുന്നതിനും പരിയത്നിക്കാം. ഈ വിശിഷ്ട പ്രാർത്ഥനയുടെ ഭക്തിപൂർവ്വവും നിരന്തരവുമായ ഉരുവിടൽ, കന്യകാമറിയത്തിൻെറ നേർക്കു് നമുക്കുള്ള അകൈതവമായ ഭക്തിസ്നേഹബഹുമാനാദികളെ അളക്കുന്നതിനുള്ള ഒരു ആധ്യാത്മിക 'തെർമ്മോമീററ'റായി ഭവിക്കട്ടെ.

## "സ്വർഗ്ഗരാജ്യത്തു" നടക്കുന്നതു്

പൗരസ്വാതന്ത്ര്യപ്രേമികളുടെ സ്വർഗ്ഗരാജ്യമെന്നു പറയപ്പെടുന്ന സോവ്യററു് റഷ്യയിലെ തടങ്കൽപ്പുള്ളികളുടെ കണക്കു അമേരിക്കൻ സൈന്യവകുപ്പു സെക്രട്ടറി പുറത്തുകൊണ്ടുവന്നിരിക്കുന്നു. ആകെയുള്ള 130 ലക്ഷം തടങ്കൽപ്പുള്ളികളിൽ 90 ലക്ഷം റഷ്യാക്കാരാണത്രെ. ഇവരിൽ സ്ത്രീകളും കുട്ടികളുമുണ്ടെന്നും കാണുന്നു. അവിടത്തെ ഗവർമ്മെണ്ടുനയത്തെ വിമർശിക്കുന്നവർക്കുള്ളതു ഒന്നുകിൽ ജയിൽ അല്ലെങ്കിൽ മരണമാണു്. അവിടെ ഭരണകക്ഷിയല്ലാതെ വേറൊരു കക്ഷിയുള്ളതായി ഇതേവരെ വായിച്ചറിയുവാൻ കഴിഞ്ഞിട്ടില്ല. അവിടെയും മനുഷ്യൻതന്നെയാണല്ലോ ഭരിക്കുന്നതു്. മനുഷ്യനാണെങ്കിൽ അവനു കുററങ്ങളും കുറവുകളും ഉണ്ടാകും. അതു പറയാനുള്ള എതിർകക്ഷി ഉണ്ടായാലെ കുററങ്ങളും കുറവുകളും പരിഹരിക്കപ്പെടുകയുള്ളു. സ്വർഗ്ഗരാജ്യത്തു ഏകകക്ഷിഭരണമാണു് നടക്കുന്നതു്. അതു കുററമററ കക്ഷിയാണെന്നു വിശ്വസിച്ചുകൊള്ളുകയും വേണം. കമ്മ്യൂണിസ്റ്റുകാർ നരകരാജ്യമാക്കി തള്ളിയിരിക്കുന്ന ജനാധിപത്യരാജ്യങ്ങളിൽ എത്രയോ കക്ഷികളാണുള്ളതു്. അവർക്കു സ്വതന്ത്രപ്രവർത്തനങ്ങൾക്കുള്ള എല്ലാവിധ സൗകര്യങ്ങളുമുണ്ടു്. അക്രമപ്രവർത്തനങ്ങൾക്കു് പ്രേരിപ്പിക്കുന്നതു മാത്രമെ തടയപ്പെടുന്നുള്ളു. നാട്ടിൽ കുഴപ്പവും കലാപവും സൃഷ്ടിച്ചു ജനങ്ങളുടെ സമാധാനജീവിതത്തെ തടുമാററാക്കാൻ ശ്രമിക്കുന്നവരെ മാത്രമെ ജനാധിപത്യരാജ്യങ്ങളിലെ ഗവർമ്മെണ്ടുകൾ പിടികൂടുന്നുള്ളു. ഏതു അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും പ്രചരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം അവിടെ എല്ലാവർക്കും അനുവദിക്കപ്പെട്ടിട്ടുണ്ടു്. പക്ഷെ അക്രമത്തിനു പ്രേരിപ്പിക്കുവാൻ പാടില്ലെന്നുള്ള നിയന്ത്രണമേയുള്ളു. അതു പൗരസ്വാതന്ത്ര്യധ്വംസനമായിട്ടാണു് ഇവിടത്തെ അക്രമപ്രസ്ഥാനക്കാർ എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തുവരുന്നതു്. അങ്ങനെയാണെങ്കിൽ ആത്മഹത്യാനിരോധനനിയമവും കരിഞ്ചന്തനിരോധനനിയമവുമൊക്കെ പൗരസ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടുന്ന നിയമങ്ങളെന്നു പറയേണ്ടിവരും. ചുരുക്കത്തിൽ അക്രമപ്രസ്ഥാനക്കാർക്കു എന്തു പേക്കൂത്തുകൾ നടത്താനും പറയാനുമുള്ള സ്വാതന്ത്ര്യമുണ്ടായാൽ അതു പൗരസ്വാതന്ത്ര്യമായിയെന്നർത്ഥം. (സഹോദരൻ)

## നിഷേധിക്കുന്നു

സ്യൂവെസ്കനാൽ കമ്പനിയുടെ 1000 ഷെയറുകൾ വത്തിക്കാനുണ്ടായിരുന്നുവെന്നും അവ അമേരിക്കൻ ഐക്യനാടുകൾക്കു വിററിരിക്കുന്നുവെന്നും മോസ്കോറേഡിയോ പ്രസിദ്ധപ്പെടുത്തിയ വാർത്ത ഒസ്സർവത്തോരെ റൊമാനൊ എന്ന വത്തിക്കാൻ പത്രം നിഷേധിച്ചിരിക്കുന്നു.

# Sathya Deepam

Vol. 22 | Ernakulam January 12, 1949 | No. 21


പുസ്തകാഭിപ്രായം

## സായൂജ്യസോപാനം

(ഗ്രന്ഥകർത്താ പി. ജി. കുഞ്ഞപ്പി. ഭാരതപ്രസ്സ് കൊല്ലം. പക്കം 92. വില ക്ക 1 ണ 2)

ഒരു യുവഗ്രന്ഥകാരനായ പി. ജി. കുഞ്ഞപ്പി അവർകളുടെ ഒന്നാമത്തെ ഗദ്യനാടകമാണ് "സായൂജ്യസോപാനം." ബാല്യകാലത്തിൽ കളിക്കൂട്ടുകാരായി വളർന്ന മാധവീരാഘവന്മാർ കൗമാരദശയിൽ പ്രണയബദ്ധരായിത്തീരുകയും വിവാഹത്തിനുമുമ്പ് സംശയാകുലരായി പരസ്പരം പിരിയുകയും പ്രേമനൈരാശ്യത്താൽ ആത്മഹത്യക്ക് ഒരുങ്ങുകയും ചെയ്യുന്നതാണ് ഈ നാടകത്തിലെ ഒരു ഭാഗം. ആത്മഹത്യക്കൊരുങ്ങിയ മാധവിയെ ഉപവിയുടെ സഹോദരിമാർ രക്ഷിക്കുകയും മാധവി സിസ്റ്റർ മേരിയായി പരിണമിക്കുകയും ചെയ്യുന്നു. രാഘവൻ മൃത്യുവിന്റെ വക്ത്രത്തിൽനിന്നു രക്ഷപെട്ടു സിലോണിൽ താമസിക്കുമ്പോൾ സിസ്റ്റർ മേരിയെ കണ്ടുമുട്ടുകയും തെറ്റിദ്ധാരണകൾ നീങ്ങുകയും ചെയ്യുന്നു. രാഘവനും അമ്മയും അനന്തരം മാധവിയുടെ മാതാപിതാക്കന്മാരും ക്രിസ്തുമതം ആശ്ലേഷിക്കുന്നു. ഇതാണു സായൂജ്യസോപാനത്തിലെ ഇതിവൃത്തം.

ഈ നാടകം രചിക്കുന്നതിനു ഗ്രന്ഥകാരനെ പ്രേരിപ്പിച്ചതു ക്രിസ്തീയ ഗ്രന്ഥകാരന്മാർക്കു ശൃംഗാരരസം പ്രയോഗിക്കുവാനുള്ള വൈമനസ്യം നിമിത്തം ക്രിസ്തീയ ഗ്രന്ഥങ്ങൾക്കുള്ള അനാസ്വാദ്യതയാണെന്ന് ആദ്യമായിത്തന്നെ പ്രസ്താവിച്ചിട്ടുള്ളതിനാൽ സായൂജ്യസോപാനത്തിലെ സ്ഥായിയായ രസം ശൃംഗാരമാണെന്നു വ്യക്തമാണല്ലോ. ശൃംഗാരം ആസ്വാദ്യതയുടെ അവശ്യഘടകമാണെന്ന അഭിപ്രായം സ്വീകരിക്കാൻ പ്രയാസം. എന്നാൽ സായൂജ്യസോപാനത്തിൽ അശ്ലീലവും ഗർഹണീയവുമായ ശൃംഗാരമുണ്ടെന്നു പറയുവാൻ വഹിയാ. അതേസമയം നദീതീരത്തെ രംഗങ്ങളും രാഘവന്റെ രോഗശയ്യയിൽ മാധവി തനിച്ചു ശുശ്രൂഷിക്കുന്ന രംഗവും അഭിനയകർത്താക്കളുടെ കൈയിൽ കിട്ടുമ്പോൾ അശ്ലീലമായിത്തീരുവാൻ പാടുണ്ട്. ഒന്നാം അങ്കം രണ്ടാം രംഗംപോലെ ചില ഹാസ്യമായ രംഗങ്ങൾ കൂടാതെ കഴിക്കുകയായിരുന്നു ഭംഗി. ഭാവനോദ്ദീപകമായ പല സാഹചര്യങ്ങളും സായൂജ്യസോപാനത്തിൽ ചേർത്തിട്ടുള്ളതുകൊണ്ടു ഭക്തസഖ്യങ്ങളിൽ അഭിനയിക്കുവാൻ ഈ നാടകം അനുയോജ്യമാണെന്ന് അധികം പേരും സമ്മതിക്കുമോ എന്നു സംശയിക്കുന്നു.

സായൂജ്യസോപാനം വായിക്കുന്ന ആളുകൾക്ക് അതു ഒരു യുവഗ്രന്ഥകാരന്റെ പ്രഥമകൃതിയാണെന്നു മനസ്സിലാക്കുവാൻ സാധിച്ചേക്കുമെങ്കിലും ഒരു പ്രഥമകൃതിയെന്ന നിലയിൽ വലിയ ഒരു വിജയംതന്നെയാണ് ഈ നാടകം. സംഭാഷണങ്ങളുടെ തന്മയത്വത്തെപ്പറ്റി ദ്വിപക്ഷമുണ്ടായേക്കാം എന്നു വരുകിലും അവതാരകൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ വികസിച്ചുവരുന്ന ഈ യുവഗ്രന്ഥകാരനെ പ്രോത്സാഹിപ്പിക്കേണ്ടതും അനുമോദിക്കേണ്ടതും തന്നെ. J. M

## ആദ്യകുർബാന കൈക്കൊള്ളൽ

(കെയിംബ്രിഡ്ജ് പബ്ളിക്കേഷൻസ്, പൂഞ്ഞാർ. പേജ് 16. വില ച ക്രം 2)

പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനൊരുങ്ങുന്ന ബാലന്മാർ അവശ്യം പഠിച്ചിരിക്കേണ്ട നമസ്കാരങ്ങളും ചോദ്യോത്തരങ്ങളും ഈ ചെറുഗ്രന്ഥത്തിലുണ്ട്. ചങ്ങനാശ്ശേരി മെത്രാൻ തിരുമനസ്സിലെ അംഗീകാരത്തോടും ആശീർവ്വാദത്തോടുംകൂടിയാണ് ഇതു പ്രസിദ്ധീകൃതമായിരിക്കുന്നതെന്നതും പ്രസ്താവ്യമാണ്. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നു. P. I. J.

## നിർവൃതി

(മഞ്ജരി)

(മൈക്കൾ ഡി. വള്ളനാമറ്റം)

മിത്ഥ്യാസുഖങ്ങളിൽ മഗ്നനെന്നാകിലും
ചിത്തനിരാശയാൽ തപ്തനാം ഞാൻ
ഭാവുകദായകൻ സന്നിധിചെയ്യുമാ-
പാവന മന്ദിരം കണ്ടൊരുനാൾ.
"ശ്രാന്തമാനസ്സരേ! ചാരത്തുടക്കുവിൻ,
സാന്ത്വനംനൽകിടാംസാമ്പ്രതംഞാൻ"
ഏവം കഥിച്ചു മൽ പ്രാണനാഥങ്കലേ-
ക്കേതുംവൈകാതെഞാൻ നിഷ്ക്രമിച്ചു.
ദീനദയാലുവായ് ദിവ്യസക്രാരിയിൽ
വാണിടും നാഥന്റെ സന്നിധിയിൽ,
ആർദ്രമാനസ്സനാം താതന്റെ പാദത്തിൽ
പുത്രനെപ്പോലെ ഞാൻ വീഴുകയായ്.

പിന്നിട്ടകററിയ ഭൂതകാലത്തിലേ-
ക്കൊന്നു തിരിഞ്ഞു ഞാൻ നോക്കുകയിൽ
മററുമയന്ന വൻ പാപങ്ങളല്ലാതെ
മററൊന്നുമെന്നിൽ ഞാൻ കണ്ടതില്ല!
നീതികേടേവമെൻ കൺമുമ്പിൽ കണ്ടിട്ടു
ഭീതിയാൽ പാരം വിറച്ചുവാഴ്കേ,
ഏതോമനോജ്ഞവിചാരമിപ്പാപിതൻ
ചേതസ്സിൽ പാരാതുയർന്നുവന്നു.
ഘാതകവൃന്ദത്തിൻ പാപവിമുക്തിക്കായ്
താതനോടർത്ഥിച്ചു സ്നേഹനാഥൻ,
പാപം വെറുത്താലും, "നീതിജ്ഞ"നെങ്കിലും
പാപിയെ സംത്യജിച്ചീടുകില്ല!

ആശു മററാശ്രയഹീനനാമെന്നിലേ-
ക്കാശയാം രശ്മികൾ വീശുകയിൽ,
വാച്ചനിരാശയാൽ നീറുമെൻ ഹൃത്തടം
പശ്ചാത്താപത്താൽ തുടിക്കുകയായ്.
തുംഗമാം നന്ദിക്കടോത്തു സന്തപ്തനായ്
വിങ്ങിക്കരഞ്ഞു ഞാൻ തെല്ലുനേരം.
കന്മഷം കണ്ണീരാൽ ക്ഷാളനംചെയ്കയാ-
ലെന്മനം തെല്ലൊന്നു ശാന്തമായി.

പിന്നീടെൻ കണ്ണുകൾ ദിവ്യനാഥങ്കലേ-
ക്കൊന്നു തിരിച്ചു ഞാൻ ഭക്തിപൂർവ്വം
"താപം വെടിഞ്ഞു സമാശ്വസിച്ചാലും നീ,
പാപമശേഷം ക്ഷമിച്ചിരിപ്പൂ!"
നാഥനാ സക്രാരിതന്നിൽനിന്നിവ്വിധം
ഓതുന്നതായുമെനിക്കു തോന്നി.
ശോകവിഹീനനായ് ചാലേ ലയിച്ചു ഞാൻ
മോഹനമാമൊരു നിർവൃതിയിൽ!!

## വിദേശവാർത്തകൾ

### കുട്ടികളുടെ സഹായാർത്ഥം

യുദ്ധംനിമിത്തം ദുരിതമനുഭവിക്കുന്ന രാജ്യങ്ങളിലെ കുട്ടികളുടെ സഹായാർത്ഥം അമേരിക്കയിൽ മിന്നെസോട്ടായിലെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ അവരുടെ വിദ്യാലയങ്ങളുടെ സമീപം വിവിധ കൃഷികൾ നടത്തിവരുന്നു.

### റഷ്യക്കുവേണ്ടി ജപമാല

റഷ്യയുടെ മാനസാന്തരത്തിനുവേണ്ടി ജപമാല ചൊല്ലുന്ന സമ്പ്രദായം അമേരിക്കയിലെങ്ങും നടപ്പായിരിക്കുന്നു. ഇതു് ഒരു കുരിശുയുദ്ധമായിട്ടാണ് അമേരിക്കൻജനത പരിഗണിക്കുന്നതു്.

### ചൈനായിലെ മിഷനറിമാർ

ചൈനായിലെ ആഭ്യന്തരയുദ്ധം നിമിത്തം ആവിർഭൂതമായ പരിതസ്ഥിതികൾ പരിഗണിച്ച് അവിടത്തെ രാഷ്ട്രീയ പ്രതിനിധികൾ സ്ഥലം വിട്ടു കയാണെങ്കിലും കത്തോലിക്കാ മിഷനറിമാർ അവരുടെ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

### ഗവർമ്മെൻറ് ഗ്രാൻറ്

ബ്രിട്ടനിലെ കത്തോലിക്കാവിവാഹോപദേശകസമിതിക്ക് ഗവർമ്മെൻറ് പ്രതിവർഷം 1500 പവൻ ഗ്രാൻറ് നൽകിവരുന്നു. വിവാഹം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനു് ഇംഗ്ലണ്ടിലുള്ള മൂന്ന് അംഗീകൃത സംഘടനകളിൽ ഒന്നാണ് മേൽപ്പറഞ്ഞതു്.

### വിമാനത്തിൽ കുർബാന പാടില്ല

വിമാനത്തിൽ കുർബാന ചൊല്ലുന്നതിനു് പൊതുവായ അനുമതി നൽകിട്ടില്ലെന്നു് കൂദാശകളുടെ തിരുസംഘം പ്രസ്താവിച്ചിരിക്കുന്നു. അതിനുള്ള കാരണങ്ങൾ താഴെ ചേർക്കുന്നവയാണ്: വിമാനം അധികസമയം ഒന്നിച്ചു പറക്കാത്തതുകൊണ്ടു് യാത്രയ്ക്കു മുമ്പോ പിൻപോ കുർബാന ചൊല്ലുന്നതിനു സൗകര്യമുണ്ടായിരിക്കും. മാത്രമല്ല വിമാനത്തിന്റെ പെട്ടെന്നുള്ള ചലനങ്ങൾ കുർബാന ചൊല്ലുന്നതിനു് പ്രതിബന്ധമായിരിക്കും. കാനോൻ നിയമമനുസരിച്ചു് കപ്പൽ യാത്രയിൽ കുർബാന ചൊല്ലുന്നതിനും പ്രത്യേകാനുമതി വേണമെന്ന സംഗതിയും തിരുസംഘം അനുസ്മരിപ്പിച്ചിരിക്കുന്നു.

### കുർബാനാപ്രക്ഷേപണം

ഐറിഷ് റേഡിയൊ എല്ലാ ഞായറാഴ്ചയും 10-30 നു് രോഗികളേയും മററുമുദ്ദേശിച്ചു് ഒരു കുർബാന പ്രക്ഷേപണംചെയ്യുന്നതാണ്.




1948-ൽ ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിലേക്കു കയററി അയച്ച 20000-ാമത്തെ ആസ്റ്റിൻ കാറാണിതു. ആദ്യ കാർ അയച്ചതിന്റെ വാർഷികം ഈയിടെ ആഘോഷിക്കയുണ്ടായി.

## GLEANINGS

"You back there," said the Professor, looking at the far corner of the room. "What was the year that Napoleon was defeated?"

"You asking me?" was the startled reply.

"I am," said the professor, coldly.

The bull snorted and staggered.

"You don't know? Well then, perhaps you can tell me where Napoleon was exiled to?"

"I don't know."

"Well", exploded the professor, "I'm sure I told this class to study well Chapter XIV which deals with the subject. Are you going to tell me you did not study that? When I assign a lesson to be studied, I want it studied. Do you understand?"

"Yes, but—"

"No 'buts'. Did you or did you not study?"

"No, sir; I just came in to fix the radiator. I'm the peon."

* *

We once lived in the age of the Theological Man; then came the age of the Economic Man; now we are in the age of the Political Man. The Theological Man lived for God; the Economic Man lived for profit; the Political Man lives for the State.

*Fulton J. Sheen*

*

So important has politics become that now men judge religion by its attitude towards politics, rather than politics by its attitude towards religion. It is like judging health by the kind of a plate from which one eats.

*Fulton J. Sheen*

* *

### SEVEN KINDS OF GIVERS

First, those who give spontaneously and generously, but only to themselves; auto-givers, they might be called.

Second, those who give thoughtlessly, without any real or high motive—givers of the occasion, as it were.

Third, those who give as a sop to conscience and self-esteem; in a species of atonement for the evil that they do—penitentia givers.

Fourth, those who give as a matter of display, to win public applause for their generosity—theatrical givers.

Fifth, those who give because others give, because they are expected to give, and are ashamed not to give, and therefore give grudgingly—conventional givers.

Sixth, those who give because they feel they ought to give; who give through a sense of duty and not through love—moral givers.

Seventh, those who give in the spirit of Jesus; who give because they love their neighbour as themselves, and above all things desire to help him—spiritual givers.

To which kind do you belong?

*Missionary Catechist*

* *

If you wish your conversation to be wise and charitable, discuss ideas, not personalities. But if you must talk about persons, speak of the Three Persons of the Holy Trinity.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam